"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ട്,
സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14–16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപതാ ബുള്ളറ്റിൻ

**MAY 2018**

**Vol. LXVIII No. 5**

# CONTENTS


സർക്കുലർ 236 - ദീപിക ........................................ 377

സർക്കുലർ 237 കുടുംബദിനാചരണം ................. 383

സർക്കുലർ 238 ........................................................ 388

സർക്കുലർ 239 കാർഷികവൃത്തി കേരളസമൃദ്ധി . 392

Executive Committee ADCP .............................. 395

വികാരിയച്ചന്റെ പ്രത്യേക ശ്രദ്ധയ്ക്ക് ..................... 396

കർഷകസംഗമവും റാലിയും .................................... 398

റംശാ ലിസ്റ്റ് ......................................................... 402

വാർത്തകൾ ......................................................... 403

ആദരാഞ്ജലികൾ .................................................. 430

അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി ........................ 437

എൻഗേജ്മെന്റ്സ് .................................................. 443

സർക്കുലർ- 236

# ദീപികയുടെ ആഭിമുഖ്യത്തിൽ കർഷകസംഗമവും റാലിയും

## (2018 മെയ് 26 ശനിയാഴ്ച 2.00-p.mന് പാലാ സെന്റ് തോമസ് സ്കൂൾ അങ്കണത്തിൽ)

മിശിഹായിൽ പ്രിയപ്പെട്ട വൈദികരേ, സന്യസ്തരേ, സഹോദരങ്ങളേ,

ദീപിക ദിനപത്രത്തിന്റെ 132-ാം വാർഷികവും ദീപിക ഫ്രണ്ട്സ് ക്ലബിന്റെ 3-ാം വാർഷികവും വിവിധ സംഘടനകളുടെ സഹകരണത്തോടെ സംസ്ഥാന കർഷക സംഗമവും റാലിയും 2018 മെയ് 26-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് പാലാ സെന്റ് തോമസ് ഹൈസ്കൂൾ അങ്കണത്തിൽവച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ഈ മഹാസമ്മേളനത്തിനു മുന്നോടിയായി മെയ് 18, 19 തീയതികളിൽ 'കർഷക വൃത്തി - കേരള സമൃദ്ധി' എന്ന മുദ്രാവാക്യവുമായി രൂപതയിൽ കർഷക വിളംബര ജാഥ നടത്തുകയാണ്. രൂപതയിലെ എല്ലാ സമുദായാംഗങ്ങളെയും കർഷകരെയും പങ്കെടുപ്പിച്ച് ഈ സംരംഭം വിജയിപ്പിക്കണമെന്ന് സ്നേഹപൂർവ്വം അറിയിക്കുന്നു.

ഇന്നു മാധ്യമങ്ങൾക്കുള്ള പ്രാധാന്യവും സ്വാധീനശക്തിയും ഏവർക്കും അറിവുള്ളതാണ്. ആശയങ്ങൾ പ്രചരിപ്പിക്കുന്നതും മനുഷ്യന്റെ ചിന്തയെയും സമൂഹത്തിന്റെ തീരുമാനങ്ങളെയും സ്വാധീനിക്കുന്നതും ഭരണകൂടങ്ങളെ നിയന്ത്രിക്കുന്നതും പ്രതിപക്ഷത്തിന്റെ ചുമതല വഹിക്കുന്നതുമൊക്കെ മാധ്യമങ്ങളാണ്. കേരള കത്തോലിക്കാസഭയുടെ ഏറ്റവും ശക്തമായ മാധ്യമമാണ് ദീപിക ദിനപത്രം. കഴിഞ്ഞ 132 വർഷമായി

ദീപികയും സമുദായത്തിന്റെ ജിഹ്വയായി വർത്തിക്കുകയാണ്. ദീപികയുടെ അനുബന്ധ പ്രസിദ്ധീകരണങ്ങളും കേരളത്തിന്റെ സാമൂഹിക, സാംസ്കാരിക, ധാർമ്മിക മേഖലകളിൽ വിലപ്പെട്ട സംഭാവനകൾ നൽകിപ്പോരുന്നു. മൂല്യാധിഷ്ഠിത പത്രപ്രവർത്തനമാണ് ദീപികയുടെ ശൈലി. 1887 ഏപ്രിൽ 15-ന് ആരംഭിച്ച മലയാളത്തിലെ ആദ്യത്തെ ദിനപത്രമായ ദീപികയുടെ മുഖ്യശില്പി കുറവിലങ്ങാട് ഇടവകക്കാരനായ നിധീരിക്കൽ ബഹു. മാണിക്കത്തനാരായിരുന്നുവെന്നത് പാലാക്കാർക്ക് അഭിമാനകരമാണ്. വളർച്ചയും തളർച്ചയും നേരിട്ട ദീപിക ഇന്ന് മുന്നേറ്റത്തിന്റെ പാതയിലാണ്. ഈ മുന്നേറ്റം സമുദായസ്നേഹികളുടെ സഹകരണത്തിന്റെ ഫലമാണ്. ഇനിയും നമുക്ക് ബഹുദൂരം മുന്നേറേണ്ടതുണ്ട്. അതിനുള്ള ശ്രമമാണ് ദീപിക ഫ്രണ്ട്സ് ക്ലബുവഴി നാം നടത്തിക്കൊണ്ടിരിക്കുന്നത്.

ദീപിക ഫ്രണ്ട്സ് ക്ലബ് ദീപികയെ വളർത്താൻ ആഗ്രഹിക്കുന്ന സമുദായാംഗങ്ങളുടെ സേനയാണ്. പത്രമുത്തശ്ശിയായ ദീപികയുടെ വളർച്ചയ്ക്ക് തടസ്സം സൃഷ്ടിക്കുന്ന ശക്തികളെ തിരിച്ചറിയുക, സമുദായംഗങ്ങളുടെ ഭവനങ്ങളിൽ ദീപിക എത്തിക്കുക, പരസ്യങ്ങൾ നൽകി ദീപികയെ ശക്തിപ്പെടുത്തുക, ദീപികയുടെ സംരക്ഷകരായി മാറുക തുടങ്ങിയ ലക്ഷ്യങ്ങളാണ് ദീപിക ഫ്രണ്ട്സ് ക്ലബിനുള്ളത്.

ദീപികയുടെ ചരിത്രമറിയുന്നവർ സമ്മതിക്കും സമുദായത്തിന്റെ ഏറ്റവും വലിയ ഉപകാരി ദീപികയായിരുന്നുവെന്ന്. കർഷകർക്കുവേണ്ടിയും കർഷകതൊഴിലാളികൾക്കുവേണ്ടിയും ദീപിക എല്ലാക്കാലത്തും ശക്തമായ നിലപാടുകൾ സ്വീകരിച്ചിട്ടുണ്ട്. കുടിയേറ്റം നടന്നപ്പോഴും കുടിയിറക്കപ്പെട്ടപ്പോഴും ദീപിക കർഷകർക്കൊപ്പമായിരുന്നു. സമീപകാലത്ത് ഗാഡ്ഗിൽ, കസ്തൂരിരംഗൻ റിപ്പോർട്ടുകൾ കർഷകവിരുദ്ധമാണെന്ന് ചൂണ്ടിക്കാണിക്കുവാനും കർഷകാശ്വാസ നയങ്ങൾ സർക്കാരുകളുടെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് നിർദ്ദേശി

ക്കാനും ദീപിക മുന്നോട്ടുവന്നത് ഏറ്റം ശ്രദ്ധിക്കപ്പെട്ടു. കാർഷിക വിളകളുടെ വിലയിടിവിൽ ദീപികയെപ്പോലെ സർക്കാരുകളോട് കലഹിച്ച മറ്റൊരു പത്രമില്ല. ന്യൂനപക്ഷാവകാശങ്ങൾ ധ്വംസിക്കപ്പെട്ട അവസരങ്ങളിൽ സിംഹഗർജനം നടത്തിയത് ദീപികയാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുവാനും നടത്തിക്കൊണ്ടുപോകുവാനുമുള്ള സമുദായത്തിന്റെ ഭരണഘടനാദത്തമായ അവകാശങ്ങൾ നിഷേധിക്കപ്പെട്ട അവസരങ്ങളിലെല്ലാം ദീപിക ഒരു പ്രവാചകനെപ്പോലെ പ്രതികരിക്കുകയും യോദ്ധാവിനെപ്പോലെ പടവെട്ടുകയും ചെയ്തു.

ദീപിക പ്രചരിപ്പിക്കുന്നതിന് രൂപതയിൽ പ്രത്യേക ശ്രമങ്ങൾ നടത്തണെന്ന് താത്പര്യപ്പെടുന്നു. കൈക്കാരന്മാർ, പാരീഷ് കൗൺസിൽ അംഗങ്ങൾ സംഘടനാ ഭാരവാഹികൾ തുടങ്ങിയവർ ദീപികയുടെ വരിക്കാരാകാനും തങ്ങൾക്ക് ബന്ധവും സ്വാധീനവുമുള്ള കുടുംബങ്ങളിൽ ദീപിക എത്തിക്കാനും ശ്രദ്ധിക്കേണ്ടതുണ്ട്. രൂപതയുടെ എല്ലാ സ്ഥാപനങ്ങളിലും രൂപതയുടെ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നവരുടെ ഭവനങ്ങളിലും ദീപിക ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും ആവശ്യമാണ്. അങ്ങനെ കൂട്ടായ ശ്രമത്തിലൂടെ ദീപികയെ വളർത്താനും സമുദായത്തെ ശക്തിപ്പെടുത്താനും സാധിക്കട്ടെ.

കാർഷികവിളകളുടെ വിലയിടിവിൽ നടുവൊടിഞ്ഞും സർക്കാരുകളുടെ അവഗണനകളിൽ മനംനൊന്തും നടത്തുന്ന സംസ്ഥാന കർഷക വിളംബര ജാഥാ മെയ് രണ്ടിനു കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ടിൽനിന്നും ആരംഭിച്ച് കേരളത്തിലെ എല്ലാ രൂപതകളിലും സഞ്ചരിച്ച് മെയ് 23-ന് തിരുവനന്തപുരത്തു സമാപിക്കുന്നു.

"കാർഷിക വൃത്തി- കേരള സമൃദ്ധി" എന്നതാണ് ജാഥയുടെ മുദ്രാവാക്യം. നമ്മുടെ സമൂഹത്തിലെ കർഷകരും ചെറു

കിട വ്യാപാരി-വ്യവസായികളും സാധാരണക്കാരും അനുഭ വിച്ചുകൊണ്ടിരിക്കുന്ന പ്രശ്നങ്ങളും അതിജീവന സംഘർഷ ങ്ങളും പൊതുസമൂഹത്തിനു മുമ്പിൽ അവതരിപ്പിക്കാനും കർഷകരോടൊപ്പം ദീപികയും സഭയും ഉണ്ട് എന്ന് സമൂ ഹത്തെ ബോധ്യപ്പെടുത്താനും ഈ ജാഥാ ലക്ഷ്യമിടുന്നു.

മെയ് 26-ന് പാലായിൽവച്ചു നടത്തുന്ന സംസ്ഥാന കർഷക സമ്മേളനത്തിനു മുന്നോടിയായി മെയ് 18, 19 (വെ ള്ളി, ശനി) തീയതികളിൽ നമ്മുടെ രൂപതയിൽ കർഷക വിളം ബരജാഥാ നടത്തുകയാണ്. കർഷക വിളംബര ജാഥാ രൂപതാതല സ്വീകരണം മെയ് 18 വെള്ളിയാഴ്ച രാവിലെ 8.45-ന് പൈക സെന്റ് ജോസഫ്സ് നഗറിൽവച്ചാണ്. തുടർന്ന് നമ്മുടെ രൂപതകളിലെ വിവിധ കേന്ദ്രങ്ങളിൽ ജാഥാ പര്യടനം നടത്തും. പ്രധാന കേന്ദ്രങ്ങളിൽ പ്രമുഖ വ്യക്തികൾ ജാഥയെ അഭിസംബോധന ചെയ്തു പ്രസംഗിക്കുന്നതാണ്. മെയ് 19 ശനി യാഴ്ച വൈകിട്ട് 7 മണിക്ക് ചേർപ്പുങ്കൽ ജംങ്ഷനിലാണ് ജാഥയുടെ സമാപനം. ഈ കർഷക വിളംബരജാഥായിൽ സാധിക്കുന്ന കർഷകരെ പങ്കെടുപ്പിച്ച് ഈ യജ്ഞത്തെ ശക്തി പ്പെടുത്തണമെന്ന് സ്നേഹപൂർവം ഓർമ്മപ്പെടുത്തുന്നു. ഇതോ ടനുബന്ധിച്ച് കാർഷികമേഖലയിലെയും ചെറുകിട വ്യാപാര മേഖലയിലെയും പ്രതിസന്ധികൾക്ക് പരിഹാരം ആവശ്യപ്പെട്ട് ഒരുകോടി ഒപ്പുശേഖരണം നടത്തുന്നു. പിന്നീട് ഇത് കേന്ദ്ര കൃഷിമന്ത്രിക്ക് / മുഖ്യമന്ത്രിക്ക് സമർപ്പിക്കുന്നതാണ്. ഇടവക തലത്തിൽ ഒപ്പുശേഖരണം പൂർത്തിയാക്കി വിളംബര ജാഥാ വേളയിൽ ഫൊറോനാ ഡി.എഫ്.സി കോർഡിനേറ്റർമാരെ ഏൽപ്പിക്കുവാൻ ശ്രദ്ധിക്കുമല്ലോ. ഇങ്ങനെ കാർഷികമേഖല യുടെ ഉന്നമനത്തിനും മൂല്യാധിഷ്ഠിത സമൂഹ നിർമ്മിതിക്കും ദീപിക നടത്തുന്ന പ്രവർത്തനങ്ങൾ ഏറെ പ്രശംസനീ യമാണ്.

അതുവഴി ദീപികയുടെ വളർച്ചയ്ക്കും കാർഷിക മേഖലയുടെ ഉന്നമനത്തിനും ധാർമ്മിക കാഴ്ചപ്പാടുകളുടെ കൈമാറ്റത്തിനും സഭാസംരക്ഷണത്തിനുമുള്ള വിശ്വാസി സമൂഹത്തിന്റെ ധാർമ്മിക ഉത്തരവാദിത്വം നിറവേറ്റാൻ കഴിയും എന്ന് ഞാൻ വിശ്വസിക്കുന്നു.

2018 മെയ് 26-നു നടക്കുന്ന സമ്മേളനത്തിൽ പങ്കെടുക്കുവാൻ വിവിധ രൂപതകളിൽനിന്നു വരുന്നവർ ഭരണങ്ങാനം, കുറവിലങ്ങാട്, ചേർപ്പുങ്കൽ എന്നീ കേന്ദ്രങ്ങളിൽ സംഗമിക്കുന്നതാണ്. കുറവിലങ്ങാട്ടുനിന്ന് ബഹു. നിധീരിക്കൽ മാണിക്കത്തനാരുടെയും ചേർപ്പുങ്കൽനിന്ന് വിശുദ്ധ ചാവറ പിതാവിന്റെയും ഛായാചിത്രങ്ങൾ വഹിച്ച് വാഹനറാലിയായി പാലായിൽ എത്തിച്ചേരുന്നതാണ്. അന്നേദിവസം ഉച്ചകഴിഞ്ഞ് 2 മണിക്ക് ളാലം പഴയപള്ളി അങ്കണത്തിൽനിന്ന് സെന്റ് തോമസ് സ്കൂളിലേക്ക് കർഷകറാലി ആരംഭിക്കും. 3 മണിക്ക് പൊതുസമ്മേളനം.

ഈ മഹാസമ്മേളനത്തിൽ ദീപിക ഫ്രണ്ട്സ് ക്ലബ്, സൺഡേ സ്കൂളുകൾ, സ്വാശ്രയസംഘങ്ങൾ, ഇൻഫാം, കർഷകദളങ്ങൾ, എ.കെ.സി.സി, മാതൃവേദി, പിതൃവേദി, എസ്.എം.വൈ.എം, ഡി.സി.എം.എസ്, കുടുംബ കൂട്ടായ്മ, വിൻസെന്റ് ഡി പോൾ, ഫ്രാൻസിസ്കൻ കൂട്ടായ്മ, ലീജിയൻ ഓഫ് മേരി തുടങ്ങിയ എല്ലാ സംഘടനകളും സഹകരിക്കണമെന്ന് താത്പര്യപ്പെടുന്നു. വിവിധ രൂപതകളിൽനിന്നുള്ള പ്രതിനിധികളും, നേതാക്കന്മാരും, പ്രവർത്തകരും സമ്മേളനത്തിൽ പങ്കെടുക്കുന്നതാണ്. സീറോ മലബാർ സഭാദ്ധ്യക്ഷൻ കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി സമ്മേളനം ഉദ്ഘാടനം ചെയ്യുന്നതാണ്. പ്രസ്തുത സമ്മേളനത്തിൽ ദീപികയുടെ പുതിയ പ്രസ്സിൽ അച്ചടിച്ചു പുറത്തിറക്കുന്ന നവീകരിച്ച ദീപികയുടെ പ്രകാശനകർമ്മവും നിർവഹിക്കപ്പെടുന്നതാണ്. മതമേലധ്യ

ക്ഷന്മാർ, സാമൂഹിക, സാംസ്കാരിക, കാർഷിക, മാധ്യമ മേഖലകളിലെ വിശിഷ്ടാതിഥികളും സമ്മേളനത്തിൽ പങ്കെടുക്കുന്നതാണ്.

സമ്മേളനവിജയത്തിന് എല്ലാവരേയും ആഹ്വാനം ചെയ്തുകൊണ്ട്, സമ്മേളനത്തിലേക്ക് ഏവരെയും ക്ഷണിച്ചുകൊണ്ടും ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ടും

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

മെത്രാസനമന്ദിരം

പാലാ, 30.04.2018

**ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

---

NB: ഈ സർക്കുലർ 2018 മെയ് 6-ാം തീയതി ഞായറാഴ്ച എല്ലാ ദേവാലയങ്ങളിലും വിശുദ്ധ കുർബാന മധ്യേ വായിക്കേണ്ടതാണ്.

സർക്കുലർ - 237

# കുടുംബദിനാചരണം- 2018 മെയ് 18

മിശിഹായിൽ സ്നേഹം നിറഞ്ഞ വൈദികരേ, സന്യസ്തരേ, സഹോദരി സഹോദരന്മാരേ,

മനുഷ്യന്റെ ചരിത്രത്തോളം പഴക്കമുള്ളതും എക്കാലത്തും എല്ലായിടത്തും ചർച്ചചെയ്യപ്പെട്ടിട്ടുള്ളതും സമൂഹത്തിന്റെ അടിത്തറയും നെടുംതൂണുമായിട്ടുള്ളതുമാണ് കുടുംബം. കുടുംബത്തിന്റെ ഉത്ഭവം ദൈവത്തിൽനിന്നാണ്. അവിടുന്നാണല്ലോ സൃഷ്ടികൾക്കെല്ലാം മകുടമായി തന്റെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സ്ത്രീയും പുരുഷനുമായി സൃഷ്ടിച്ചതും (ഉത്പ. 1,27; 5,2) അവരെ പിതാവും മാതാവുമാകാൻ നിയോഗിച്ചതും അനുഗ്രഹിച്ചതും (ഉത്പ 1,28; 4,1). ദൈവപുത്രനായ മിശിഹാ ഒരു കുടുംബത്തിൽ ജനിച്ചതും മാതാപിതാക്കന്മാർക്ക് വിധേയമായി വളർന്നതും ദൈവം കുടുബത്തെ സ്നേഹിക്കുന്നു എന്നതിനും കുടുംബം എത്രമാത്രം വിലപ്പെട്ടതാണ് എന്നതിനും ഉത്തമ ദൃഷ്ടാന്തമാണ്.

വിശുദ്ധഗ്രന്ഥത്തിന്റെ ആരംഭം മുതലും രക്ഷാകരചരിത്രത്തിലുടനീളവും കുടുംബങ്ങളുടെ ചരിത്രവും സംഭവങ്ങളുമാണ് നാം കണ്ടുമുട്ടുന്നത്. ആദം, കായേൻ, ആബേൽ, സേത്ത് തുടങ്ങി നോഹവരെ ജലപ്രളയത്തിനുമുമ്പുള്ള കുടുംബങ്ങളും നോഹയുടെ സന്തതിപരമ്പരയിലൂടെ അബ്രാഹത്തിലെത്തിനിൽക്കുന്ന (ഉത്പ 4,17-26; 5,1-32; 10, 1-32; 11,10-32) കുടുംബബന്ധങ്ങളും ചരിത്രാതീതകാലം മുതൽ കുടംബങ്ങൾക്കുള്ള പ്രാധാന്യം വരച്ചുകാട്ടുന്നതാണ്. അബ്രാഹം മുതലുള്ള പൂർവപിതാക്കന്മാരുടെ കുടുംബങ്ങളിലൂടെ ഉത്തമരായ പിതാക്കന്മാരുടെയും മാതാക്കളുടെയും മാതൃകകളും സവിശേഷതകളും എടുത്തുകാട്ടുന്നു. മോശ, ജോഷ്വ, റൂത്ത്, ജസ്സെ, തോബിത്ത് തുടങ്ങി അനേകം കുടുംബങ്ങളുടെ ചിത്രം വരച്ചുകാട്ടി

കുടുംബങ്ങൾക്കുവേണ്ടിയുള്ള വ്യത്യസ്തമായ പാഠങ്ങൾ കുറിക്കുകയാണ്, പഠിപ്പിക്കുകയാണ് വിശുദ്ധഗ്രന്ഥം ചെയ്യുന്നത്.

മാതൃകനിറഞ്ഞ സഖറിയായുടെ കുടുംബത്തിന്റെ കാര്യങ്ങൾ പറഞ്ഞുകൊണ്ട് ആരംഭിക്കുന്ന പുതിയനിയമം തിരുക്കുടുംബത്തിന്റെ മാതൃകയിലൂടെയും ഈശോയുടെ പ്രബോധനങ്ങളിലൂടെയും കുടുംബത്തെക്കുറിച്ചുള്ള ദൈവികപദ്ധതി പൂർണ്ണതയിൽ വെളിപ്പെടുത്തുകയും അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങളിലൂടെ പ്രത്യേകിച്ച് പത്രോസ്-പൗലോസ് ശ്ലീഹന്മാരുടെ ലേഖനങ്ങളിലൂടെ (എഫേ 5; 1പത്രോ3, 1-12) മിശിഹാകേന്ദ്രീകൃതകുടുംബങ്ങൾ എപ്രകാരമായിരിക്കണമെന്ന് വ്യാഖ്യാനിച്ചുതരുന്നു. സൃഷ്ടിയിൽ ആരംഭിച്ച് രക്ഷാകരചരിത്രത്തിന്റെ വിവിധ ഘട്ടങ്ങളിലൂടെ കടന്ന് മിശിഹായിൽ പൂർത്തീകരിക്കപ്പെട്ട ദൈവത്തിന്റെ രക്ഷാപദ്ധതിയുടെ പശ്ചാത്തലത്തിൽ കുടുംബത്തെ കാണുവാനും വിലയിരുത്തുവാനും സാധിക്കണം എന്നതാണ് വിശുദ്ധഗ്രന്ഥത്തിൽ കുടുംബങ്ങളെക്കുറിച്ചുള്ള പഠിപ്പിക്കലുകളുടെ അന്തഃസത്ത.

ദൈവവചനത്തിലൂടെ അസ്ഥിത്വത്തിലേക്ക് പ്രവേശിച്ച കുടുംബം നിലനില്ക്കേണ്ടതും വചനത്തിലൂടെ തന്നെയാണ്. ദൈവവചനമായിരിക്കണം നന്മതിന്മകളുടെ വേർതിരിക്കലിന് മാനദണ്ഡമായി നിൽക്കേണ്ടത്. ദൈവസ്നേഹത്തിലധിഷ്ഠിതവും ജീവനെ ബഹുമാനിക്കുന്നതും, പരിപോഷിപ്പിക്കുന്നതും (ഉത്പ 1,26) പരസ്നേഹം പങ്കുവയ്ക്കുന്നതുമായിരിക്കണം (ഉത്പ 2,18) കുടുംബം. ദൈവത്തെ ആരാധിക്കുന്ന (ഉത്പ 4,7; ഹെബ്രാ 11,4) ദൈവത്തെ അനുസരിക്കുന്ന, നീതി പുലർത്തുന്ന (ഹെബ്രാ 11,7) ദൈവത്തിന്റെ മാർഗത്തിൽ നടക്കുന്ന (ഉത്പ 6,22; 7,5) ഉടമ്പടി ബന്ധം ജീവിക്കുന്ന (ഉത്പ 9,1-7) കുടുംബങ്ങളെയാണ് വിശുദ്ധഗ്രന്ഥം മാതൃകകളായി വരച്ചുകാട്ടുന്നത്.

ലോകചരിത്രത്തെ ഇന്നോളം താങ്ങിനിറുത്തിയ, നിറുത്തുന്ന നട്ടെല്ലാണ് കുടുംബം. മനുഷ്യചരിത്രത്തിന്റെ അസ്ഥി

ത്വത്തിന്റെ കാരണവും തുടർച്ചയും കുടുംബമാണ്. നട്ടെല്ല് തളർന്നാൽ മനുഷ്യൻ തളർന്നുപോകുന്നതുപോലെ കുടുംബം ശിഥിലമായാൽ ലോകചരിത്രം തളർന്നുപോകും. മനുഷ്യാസ്ഥി ത്വത്തിനുതന്നെ കോട്ടം തട്ടും. അതിനാൽതന്നെ മനുഷ്യനു വേണ്ടിയുള്ള ദൈവികപദ്ധതിയുടെ കാമ്പായ കുടുംബത്തെ ദൈവികപദ്ധതിയോട് ചേർന്ന് കാണുകയും പരിപോഷിപ്പിക്കു കയും ചെയ്യുക എന്നതാണ് മനുഷ്യന്റെ പ്രഥമമായ കടമ. പുതിയ കുടുംബങ്ങൾ രൂപീകരിക്കുന്നതും കുടുംബ ബന്ധ ങ്ങൾ വളർത്തുന്നതും ശക്തിപ്പെടുത്തുന്നതുമെല്ലാം ദൈവദ ത്തമായ ശുശ്രൂഷകളാണ്. കുടുംബബന്ധങ്ങളെ തകർക്കുന്ന, കുടുംബങ്ങളെ വിഭജിക്കുന്ന ശിഥലീകരണപ്രവർത്തനങ്ങൾ പൈശാചികമാണ്. നല്ല കുടുംബങ്ങൾ രൂപപ്പെടുന്നത് ദൈവ ത്തിന്റെ സ്വരത്തിന് ചെവി കൊടുക്കുമ്പോഴാണ്. എന്നാൽ കുടുംബബന്ധങ്ങൾ തകർക്കുന്നത് ഏദേൻ തോട്ടത്തിൽ തിന്മ യിലേയ്ക്കു നയിച്ച പിശാചിന് ചെവി കൊടുക്കുമ്പോഴാണ്.

ആധുനിക കുടുംബങ്ങൾ നേരിടുന്ന വെല്ലുവിളികൾ കണ്ടില്ലെന്നു നടിക്കുക സാധ്യമല്ല. നമ്മുടെ കുടുംബങ്ങളെ ശിഥിലമാക്കുന്ന ധാരാളം പ്രവർത്തനങ്ങൾ നമുക്കുചുറ്റുമുണ്ട്. കുടുംബങ്ങൾ വേണ്ട എന്ന ചിന്ത, മക്കൾ വേണ്ട എന്ന ചിന്ത, വ്യക്തിഗതവാദങ്ങളുടെ അമിതസ്വാധീനം, മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധങ്ങളുടെ അകൽച്ച, ബന്ധങ്ങളിൽ സ്നേഹത്തേക്കാളധികം ഇഷ്ടാനിഷ്ടങ്ങൾക്കുള്ള പ്രാധാന്യം, സ്വാർത്ഥപരമായ സ്നേഹം, ആധുനിക മാധ്യമങ്ങളുടെ സ്വാധീ നം തുടങ്ങിയവയെല്ലാം കുടുംബങ്ങളുടെ അന്തഃചിദ്രത്തിന് കാരണമാകുന്നു.

ദൈവസ്ഥാപിതമായ കുടുംബങ്ങൾ വെല്ലുവിളികളെ നേരിടുന്ന ഈ കാലഘട്ടത്തിൽ വിശുദ്ധ ഗ്രന്ഥാധിഷ്ഠിതവും സഭാത്മകവുമായ ജാഗ്രത നാം പുലർത്തേണ്ടതുണ്ട്. കുടും ബത്തിലും സഭയിലും തങ്ങൾക്കു നിർവഹിക്കുവാനുള്ള ഉത്ത രവാദിത്വങ്ങളെക്കുറിച്ച് മാതാപിതാക്കന്മാർ ബോധവാന്മാരാക

ണം. ഈ വർഷത്തെ കുടുംബദിനാചരണം അതിനുള്ള അവസരമാകണം. മെയ് 15-ാം തീയതിയാണ് അന്തരാഷ്ട്രതലത്തിൽ കുടുംബദിനമായി ആചരിക്കുന്നത്. മെയ് മാസം 18-ാം തീയതി വെള്ളിയാഴ്ച മാതൃവേദിയുടെയും പിതൃവേദിയുടെയും സംയുക്താഭിമുഖ്യത്തിൽ രൂപതാതലത്തിൽ കുടുംബദിനമായി ആചരിക്കുകയാണ്. അന്നേ ദിവസം രാവിലെ 9.30 മുതൽ 1 മണിവരെ പാലാ സെന്റ് തോമസ് കത്തീഡ്രൽ പാരീഷ്ഹാളിൽ വെച്ചു നടക്കുന്ന കുടുംബദിനാചരണ പരിപാടികളിലേക്ക് എല്ലാ ഇടവകകളിൽനിന്നും സാധിക്കുന്നിടത്തോളം മാതാപിതാക്കന്മാരെ പറഞ്ഞയയ്ക്കാൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാരും സംഘടനാപ്രവർത്തകരും ശ്രദ്ധിക്കണമെന്ന് താല്പര്യപ്പെടുന്നു.

കുടുംബശാക്തീകരണത്തിനായി ഫാമിലി അപ്പോസ്തലേറ്റിന്റെ കീഴിൽ മാതൃപിതൃവേദികളുടെ ആഭിമുഖ്യത്തിൽ നമ്മുടെ രൂപതയിൽ നടത്തപ്പെടുന്ന വിവിധങ്ങളായ പരിപാടികളിൽ ഏവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു. ഫൊറോന സംഗമങ്ങൾ, മുതിർന്ന വ്യക്തികളെ ആദരിക്കൽ, മാതാപിതാക്കൾക്കായി പ്രബന്ധരചനാമത്സരം, അവിവാഹിതരുടെ വിവരശേഖരണം, ക്യാൻസർ രോഗനിർണ്ണയക്യാമ്പുകൾ, ബോധവത്ക്കരണക്ലാസ്സുകൾ, സമൂഹത്തിൽ അവശത അനുഭവിക്കുന്നവർക്ക് സഹായമേകുന്ന ആശാകിരൺ പദ്ധതി എന്നീ പരിപാടികളെല്ലാം ഭംഗിയായി നടത്തപ്പെട്ടു കാണുന്നതിൽ അതിയായ സന്തോഷമുണ്ട്. ഈ പരിപാടികൾക്ക് നേതൃത്വം നല്കുന്ന മാതൃപിതൃവേദികളിലെ അംഗങ്ങളെ പ്രത്യേകം അഭിനന്ദിക്കുന്നു. മാതൃപിതൃവേദികളുടെ പ്രവർത്തനങ്ങൾ നമ്മുടെ എല്ലാ ഇടവകകളിലും സജീവമായി നടത്തുവാൻ ആവശ്യമായ കാര്യങ്ങളെല്ലാം ചെയ്യണമെന്ന് താല്പര്യപ്പെടുന്നു.

നമ്മുടെ രൂപതയിലെ കുടുംബഅജപാലന പ്രേഷിതപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന ഫാമിലി അപ്പോസ്തലേറ്റിന്റെ വൈവിധ്യമാർന്ന ശുശ്രൂഷകളെ പ്രാർത്ഥനകൊണ്ടും സാമ്പത്തികമായും സഹായിക്കേണ്ടത് വിശ്വാസസമൂഹത്തിന്റെ കടമയാണ്. ഫാമിലി അപ്പോസ്തലേറ്റിന്റെ പ്രവർത്തനങ്ങൾക്കായി മെയ് 20-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ദേവാലയങ്ങളിലും ഒരു സംഭാവന ശേഖരണം നടത്തി പ്രസ്തുത തുക രൂപത പ്രൊക്കുറേറ്ററെ ഏല്പിക്കണമെന്ന് അറിയിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 26.04.2018

**ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

---

ഈ സർക്കുലർ 2018 മെയ് മാസം 13-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വിശുദ്ധ കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

## സംഭാവനാശേഖരണം

രൂപതയിലെ ഫാമിലി അപ്പോസ്തലേറ്റിന്റെ പ്രവർത്തനങ്ങൾക്കായി പിരിഞ്ഞുകിട്ടുന്ന തുക മെയ് 31ന് മുമ്പായി രൂപതാ പ്രൊക്യൂറേറ്ററച്ചനെ ഏൽപിക്കേണ്ടതാണ്.

സർക്കുലർ - 238

## വിദ്യാഭ്യാസ മികവോടെ പാലാ സെന്റ് ജോസഫ്സ് എഞ്ചിനീയറിംഗ് കോളേജ്.

ഉന്നത വിദ്യാഭ്യാസത്തിനായ് നമ്മുടെ രൂപത സ്ഥാപിച്ച സെന്റ് ജോസഫ്സ് എഞ്ചിനീയറിംഗ് കോളേജ് കേരളത്തിലെ ഏറ്റവും മികച്ച കോളേജുകളിൽ ഒന്നായി 16 വർഷം പൂർത്തിയാക്കുകയാണ്. നല്ല കത്തോലിക്ക അന്തരീക്ഷത്തിൽ ഉയർന്ന നിലാവാരത്തിലുള്ള എഞ്ചിനീയറിംഗ് വിദ്യാഭ്യാസം കുറഞ്ഞ ഫീസോടെ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് നമ്മുടെ കോളേജ് പ്രവർത്തിക്കുന്നത്. എഞ്ചിനീയറിംഗ് വിദ്യാഭ്യാസ രംഗത്ത് അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ മറ്റൊരു കോളേജിനും കൈവരിക്കാൻ സാധിക്കാത്ത നേട്ടങ്ങളാണ് നമ്മുടെ കോളേജ് കരസ്ഥമാക്കിയിരിക്കുന്നത്. ഇതിനോടകം തന്നെ മിടുക്കരായ നമ്മുടെ കുട്ടികൾ ഇൻഫോസിസ്, റ്റി.സി.എസ്. വിപ്രോ തുടങ്ങിയ വൻകിട കമ്പനികളിൽ കോളേജിൽ നിന്ന് ലഭിച്ച പ്ലെയ്സ്മെന്റോടെ ജോലി നേടിക്കഴിഞ്ഞിരിക്കുന്നു. കേരള സാങ്കേതിക സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള നമ്മുടെ സ്ഥാപനം റിസൾട്ടിന്റെ കാര്യത്തിലും മുൻനിരയിൽ തന്നെയാണ്. നമ്മുടെ കോളേജിലെ 2018 അദ്ധ്യയന വർഷത്തെക്കുള്ള ബി. ടെക്., എം.ടെക്, എം.ബി.എ, എം.സി.എ, പി.എച്ച്. ഡി എന്നി കോഴ്സുകളിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.

### അഡ്മിഷൻ രീതി

**ബി.ടെക്**

ബി.ടെക്കിന് 50% ഗവ. അലോട്ട്മെന്റു സീറ്റും 50% മാനേജ്മെന്റ് സീറ്റുമാണ്. മാനേജ്മെന്റ് സീറ്റിൽ 35% മെറിറ്റടിസ്ഥാനത്തിലാണ് അഡ്മിഷൻ നടത്തുക. പ്ലസ്റ്റുവിന്റെ മാർക്കും എൻട്രൻസിന്റെ സ്കോറും 50:50 എന്ന അനുപാതത്തിലാണ് കോളേജ് മെറിറ്റിലേക്കുള്ള റാങ്ക് തയ്യാറാക്കുന്നത്. ഇതു

കൂടാതെ എൻ.ആർ.ഐ. സീറ്റിലും അഡ്മിഷൻ എടുക്കാവുന്നതാണ്.

കാർഷിക മേഖലയിലെ പ്രതിസന്ധി കണക്കിലെടുത്ത് നമ്മുടെ പിതാവിന്റെ പ്രത്യേക നിർദ്ദേശപ്രകാരം, ഈ വർഷം റീഫണ്ടബിൾ ഡെപ്പോസിറ്റായ 100000 (ഒരു ലക്ഷം) രൂപ എല്ലാ ബ്രാഞ്ചുകളിലും ഒഴിവാക്കിയിട്ടുണ്ട്.

**എം.ടെക്**

60% മാർക്കോടെ ബി.ടെക് പൂർത്തിയായവർക്കും ഇപ്പോൾ ബി.ടെക് പഠിച്ചു കൊണ്ടിരിക്കുന്നവർക്കും എം.ടെക്കിന് അപേക്ഷിക്കാവുന്നതാണ്. ഗേറ്റ് സ്കോർ ഉള്ളവർക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.

**എം.ബി.എ.**

ഏതെങ്കിലും വിഷയത്തിൽ 50% മാർക്കുള്ള ബിരുദധാരികൾക്കും, അവസാനവർഷ പരീക്ഷ എഴുതിയ ബിരുദ വിദ്യാർത്ഥികൾക്കും അപേക്ഷിക്കാം.

അപേക്ഷകർ എം.ബി.എ എൻട്രൻസ് പരീക്ഷയായ KMAT, CMAT, CAT ഇവയിലേതെങ്കിലുമൊരു പരീക്ഷ 15% മാർക്കോടുകൂടി പാസായിരിക്കണം. 2018 ജൂൺ 24 ാം തിയതി നടത്തപ്പെടുന്ന KMAT പരീക്ഷ പാസാകുന്നവർക്കും അപേക്ഷിക്കാം.

**എം.സി.എ.**

+2 വിന് മാത്തമാറ്റിക്സ് ഒരു വിഷയമായി പഠിച്ചിട്ടുള്ള ബിരുദ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. എൽ.ബി.എസ്. നടത്തുന്ന എൻട്രൻസ് പരീക്ഷ പാസായിരിക്കണം. രണ്ടു വർഷം ലാറ്ററൽ എൻട്രി കോഴ്സും 3 വർഷ റഗുലർ കോഴ്സും ഉണ്ട്.

**സ്കോളർഷിപ്പുകൾ**

1. കേരള ഗവൺമെന്റ് നടത്തുന്ന എഞ്ചിനീയറിംഗ് കോമൺ എൻട്രൻസ് പരീക്ഷ (KEAM-2018)യിൽ ആദ്യത്തെ 10,000

റാങ്കിൽ വരുന്ന വിദ്യാർത്ഥികൾ ഗവൺമെന്റ് കോളേജുകളിലെ റ്റ്യൂഷൻ ഫീസായ 8500 രൂപ മാത്രമേ അടയ്ക്കേണ്ടതുള്ളൂ. ബാക്കി വരുന്ന തുക സ്കോളർഷിപ്പായി നൽകും.

2. എൻട്രൻസ് പരീക്ഷയിൽ 8001 നും 15000 ത്തിനും ഇടയിൽ റാങ്കു നേടുന്നവർ ഗവൺമെന്റ് സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളായ IHRD, CAPE, തുടങ്ങിയ കോളേജുകളിൽ ഗവൺമെന്റ് ക്വോട്ടയിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾ അടയ്ക്കുന്ന ഫീസ് അടച്ചാൽ മതിയാകും. ബാക്കി തുക സ്കോളർഷിപ്പ് ആയി നൽകുന്നതാണ്.

3. എൻട്രൻസ് പരീക്ഷയിൽ 15001 നും 20,000ത്തിനും ഇടയിൽ റാങ്കു നേടുന്നവർ ഒരു സെമസ്റ്റർ 27,500 രൂപ അടച്ചാൽ മതി യാകും. ബാക്കി തുക സ്കോളർഷിപ്പ് ആയി നൽകുന്നതാണ്.

4. എൻട്രൻസ് പരീക്ഷയിൽ 20001 നും 25000 ത്തിനും ഇട യിൽ റാങ്കു നേടുന്നവർ ഗവൺമെന്റ് സ്വാശ്രയ എഞ്ചിനീയ റിംഗ് കോളേജുകളിലെ മാനേജ്മെന്റ് ക്വോട്ടയിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾ അടയ്ക്കുന്ന ഫീസ് അടച്ചാൽ മതി യാകും.

5. മേൽപറഞ്ഞ സ്കോളർഷിപ്പിന് പുറമെ, ബി.പി.എൽ. വിദ്യാർത്ഥികൾക്കും, ദളിൽ ക്രൈസ്തവ വിദ്യാർത്ഥികൾക്കും അഡ്മിഷന് പ്രത്യേക പരിഗണന നൽകുന്നതായിരിക്കും. നമ്മുടെ രൂപതയിലെ വിദ്യാർത്ഥികൾക്ക് ന്യൂനപക്ഷ സ്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കും.

6. നമ്മുടെ രൂപതാതിർത്തിക്കുള്ളിലെ കാത്തലിക് മാനേ ജ്മെന്റുകളുടെ കീഴിലുള്ള മാത്കസ് സയൻസ് ഗ്രൂപ്പിൽ ഉൾപ്പെ ടുന്ന ഓരോ സ്കൂളിലെയും ഏറ്റവും ഉയർന്ന മാർക്ക് വാങ്ങിയ വിദ്യാർത്ഥിക്ക് 10000 രൂപ വാർഷിക സ്കോളർഷിപ്പ് ഉണ്ടായി രിക്കുന്നതാണ്.

എല്ലാത്തരത്തിലിലും ഉന്നതനിലവാരം കാത്തുസൂക്ഷി ക്കുന്ന നമ്മുടെ സെന്റ് ജോസഫ്സ് എഞ്ചിനീയറിംഗ് കോളേ

ജിൽ പഠിക്കുവാനുള്ള അവസരം എഞ്ചിനീയറിംഗ് പഠനം ആഗ്രഹിക്കുന്ന പാലാ രൂപതയിലുള്ള എല്ലാ വിദ്യാർത്ഥികളും ഉപയോഗപ്പെടുത്തണമെന്ന് താത്പര്യപ്പെടുന്നു.

വിശദവിവരങ്ങൾക്ക് കോളേജ് വെബ്സൈറ്റ് (www.sjcetpalai.ac.in) സന്ദർശിക്കുകയോ താഴെ പറയുന്ന ഫോൺ 8078700700, 8078701701, നമ്പറുകളിലോ ബന്ധപ്പെടുക.

+ Jos Kallarangatt

മെത്രാസനമന്ദിരം **ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്**

പാലാ, 26.04.2018 പാലാ രൂപതാ മെത്രാൻ

---

ഈ സർക്കുലർ 2018 മെയ് 27-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വി.കുർബാനമദ്ധ്യേ അറിയിക്കേണ്ടതാണ്.

## കരിയർ ഗൈഡൻസ് പ്രോഗ്രാം

ചുണ്ടച്ചേരി എഞ്ചിനീയറിംഗ് കോളേജും എസ്.എം.വൈ.എം.ഉം സംയുക്തമായി 10,12 ക്ലാസുകൾ കഴിഞ്ഞ കുട്ടികൾക്കായി ചൂണ്ടച്ചേരി എഞ്ചിനീയറിംഗ് കോളേജിൽവച്ച് മെയ് മാസം 19-ാം തീയതി ശനിയാഴ്ച കരിയർ ഗൈഡൻസ് പ്രോഗ്രാം നടത്തപ്പെടുന്നു. പള്ളിയിൽ അറിയിപ്പായി പറയുകയും കുട്ടികളെ പറഞ്ഞുവിടുകയും ചെയ്താൽ ഉപകാരമായിരുന്നു. (രാവിലെ 9.30 ന് ഭരണങ്ങാനം തീർത്ഥാടനകേന്ദ്രഗ്രൗണ്ടിൽനിന്ന് യാത്രാസൗകര്യം ഉണ്ടായിരിക്കുന്നതാണ്. ക്രമീകരണങ്ങൾക്കായി പങ്കെടുക്കുന്നവരുടെ എണ്ണം 17-ാം തീയതിക്കുമുമ്പ് അറിയിക്കുമല്ലോ. Contact : 9744488132, 8281581025, 8907449210.

**സർക്കുലർ 239**

## വിഷയം - കാർഷികവൃത്തി കേരളസമൃദ്ധി

**സംഘാടകർ - ദീപിക ഫ്രണ്ട്സ് ക്ലബ് (ഡി.എഫ്.സി.)**
**സാശ്രയസംഘം, കർഷകദളങ്ങൾ, ഇൻഫാം, എ.കെ.സി.സി., എസ്.എം.വൈ.എം., മാതൃവേദി, പിതൃവേദി, ഡി.സി.എം.എസ്., ഫ്രാൻസിസ്ക്കൻ മൂന്നാംസഭ, ലീജിയൻ ഓഫ് മേരി, വിൻസെന്റ് ഡിപോൾ, വിശ്വാസപരിശീലനം, കുടുംബകൂട്ടായ്മ**

സ്നേഹ ബഹുമാനപ്പെട്ട വൈദികരേ, സഹോദരി സഹോദര ങ്ങളെ,

സഭയുടെയും സമുദായത്തിന്റെയും അക്ഷരപരിചയായ ദീപിക 132 വർഷങ്ങൾ പിന്നിടുകയാണ്. കാലത്തിനൊപ്പം സഞ്ചരിച്ച് നേരിന്റെ ശബ്ദമായ ദീപികമാധ്യമം സഭാസമൂഹ ത്തിന്റെ കെടാവിളക്കാണ്. ഇടവകാടിസ്ഥാനത്തിൽ ദീപി കയ്ക്ക് കരുത്തും പ്രോത്സാഹനവും നല്കാൻ ദീപിക ഫ്രണ്ട്സ് ക്ലബ്ബ് (ഡി.എഫ്.സി.) ഇതിനോടകം എല്ലായിടത്തും രൂപീകരിച്ചുകഴിഞ്ഞു. തത്ഫലമായി ദീപികയ്ക്ക് ഒരു നല്ല മുന്നേറ്റം നടത്തുവാൻ സാധിച്ചിട്ടുണ്ട്. ദീപിക മാധ്യമത്തിന് എന്നും പ്രോത്സാഹനം നല്കിയ രൂപതയാണ് പാലാ. കുറവി ലങ്ങാട് ഇടവകക്കാരനായ ബഹു. നിധീരിക്കൽ മാണിക്കത്ത നാർ തുടക്കം കുറിച്ച ദീപികയെ എന്നും പ്രോത്സാഹിപ്പിക്കു കയും ഉറച്ചപിന്തുണനല്കുകയും ചെയ്ത രൂപതയാണ് നമ്മു ടേത്.

സമൂഹത്തിന്റെ മുഖ്യവാർത്താപത്രമായ ദീപികയ്ക്ക് ഒരു നല്ല മുഖം സമ്മാനിച്ചുകൊണ്ട് കോട്ടയത്ത് വടവാതൂർ എന്ന സ്ഥലത്ത് പുതിയ പ്രസ്സ് മെയ്മാസാവസാനത്തോടെ തുടക്കം കുറിക്കുകയാണ്. ദീപിക പത്രത്തിന്റെ 132-ാം വാർഷികവും നവീകരിച്ച പുതിയ ദീപിക പത്രത്തിന്റെ ഉദ്ഘാടനവും 2018

മെയ് 26 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് പാലാ സെന്റ് തോമസ് ഹൈസ്കൂൾ ഗ്രൗണ്ടിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുകയാണ്. കാർഷികമേഖലയിലെ പ്രശ്നങ്ങൾ തുറന്നുകാട്ടുന്നതിനും കർഷകാവകാശങ്ങൾ സംരക്ഷിക്കുന്നതിനുംവേണ്ടി നിലകൊണ്ട ദീപിക ഒരു കർഷകസമ്മേളനമായിട്ടാണ് നടത്തുവാൻ ആഗ്രഹിക്കുന്നത്. കാർഷികവൃത്തി - ജീവിതവൃത്തിയായി സ്വീകരിച്ചിരിക്കുന്ന കർഷകരുടെ നാടാണ് പാലാ. അതുകൊണ്ട് ഈ സമ്മേളനത്തിൽ സ്വീകരിച്ചിരിക്കുന്ന മുദ്രാവാക്യം 'കാർഷികവൃത്തി - കേരള സമൃദ്ധി' എന്നതാണ്. ദീപികയുടെ ആഭിമുഖ്യത്തിൽ നമ്മുടെ രൂപതയിലെ ദീപിക ഫ്രണ്ട്സ് ക്ലബ്ബ് (ഡി.എഫ്.സി.), സ്വാശ്രയസംഘം, കർഷകദളം, ഇൻഫാം, എ.കെ.സി.സി., എസ്.എം.വൈ.എം., മാതൃവേദി, പിതൃവേദി, ഡി.സി.എം.എസ്., ഫ്രാൻസിസ്ക്കൻ മൂന്നാംസഭ, ലീജിയൻ ഓഫ് മേരി, വിൻസെന്റ് ഡി പോൾ, വിശ്വാസപരിശീലനം, കുടുംബകൂട്ടായ്മ എന്നീ സംഘടനകളുടെ സഹകരണത്തോടെയാണ് സമ്മേളനം നടത്തുന്നത്. 2018 മെയ് 26ന് പാലായുടെ മണ്ണിൽ വച്ച് നടത്തുന്ന കാർഷിക സമ്മേളനത്തിൽ കേരളത്തിലെ എല്ലാ രൂപതകളിലെ വിവിധ സംഘടനാംഗങ്ങൾ സമ്മേളനത്തിൽ പങ്കെടുക്കുന്നതാണ്. ഇതിനു മുന്നോടിയായി മെയ് 18, 19 (വെള്ളി, ശനി) തീയതികളിൽ പാലാ രൂപതയിലെ എല്ലാ ഫൊറോനാകളിലും വിളംബരജാഥ നടത്തുന്നതാണ്. 2018 മെയ് 26-ാം തീയതി ഉച്ചയ്ക്ക് 2 മണിക്ക് പാലാ ളാലം സെന്റ് മേരീസ് പഴയപള്ളി റോഡിൽ നിന്ന് റാലി ആരംഭിച്ച് സെന്റ് തോമസ് ഹൈസ്കൂൾ ഗ്രൗണ്ടിൽ എത്തിച്ചേരുന്നതും 3 മണിക്ക് പൊതുസമ്മേളനം ആരംഭിക്കുന്നതുമാണ്. പ്രസ്തുത സമ്മേളനത്തിൽ **മേജർ ആർച്ചു ബിഷപ്പ് മാർ ജോർജ് ആലഞ്ചേരി** പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുന്നതാണ്. പാലാ രൂപതയിലെ അഭിവന്ദ്യ പിതാക്കന്മാർ, ഇതര രൂപതകളിലെ വൈദിക മേലധ്യക്ഷന്മാർ, മാധ്യമപ്രവർത്തകർ, കാർഷിക - സാംസ്ക്കാരിക

നേതാക്കന്മാർ എന്നിവർ ചടങ്ങിൽ സംബന്ധിക്കുന്നതാണ്. നമ്മുടെ സഭയുടെ ഔദ്യോഗിക ജിഹ്വയായ ദീപികയ്ക്ക് ഒരു നല്ല മുന്നേറ്റം കാഴ്ചവയ്ക്കാൻ ഈ മഹാസമ്മേളനത്തിന് സാധിക്കുമെന്ന് ഉറച്ചു വിശ്വസിക്കുന്നു. ഇടവക വൈദിക അജഗണ കൂട്ടായ്മയിൽ ഈ സമ്മേളനം വൻവിജയമാക്കി തീർക്കാൻ നമുക്ക് പരിശ്രമിക്കാം.

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 26.08.2017

**ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

## സാചെർദോസ് ധ്യാനം

വൈദികരാകാൻ ആഗ്രഹിക്കുന്ന 10 വയസ്സിനുമേൽ പ്രായമുള്ള ആൺകുട്ടികൾക്കായി 2018 മെയ് മാസം 6-ാം തീയതി ഞായറാഴ്ച രാവിലെ 10 മുതൽ 8-ാം തീയതി ചൊവ്വാഴ്ച വൈകുന്നേരം 4 വരെ ഭരണങ്ങാനം എസ്.എച്ച്. ഗേൾസ് ഹൈസ്കൂളിൽവച്ച് സാചെർദോസ് ധ്യാനം നടത്തപ്പെടുന്നു. ഏതെങ്കിലും സെമിനാരിയിൽ പ്രവേശനം ലഭിക്കുന്നതുവരെ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിനു താല്പര്യം നിലനിർത്താൻ സഹായിക്കുന്നതിനാണ് ഈ ധ്യാനം ഉദ്ദേശിക്കുന്നത്. താല്പര്യമുള്ള കുട്ടികളെ ധ്യാനത്തിനു പറഞ്ഞുവിടാൻ ബഹു. അച്ചന്മാർ ശ്രദ്ധിക്കുമല്ലോ. വിവരങ്ങൾക്ക് 9747211504.

# EXECUTIVE COMMITTEE OF ADCP

Approved and Inaugurated by Mar Joseph Kallarangatt,

Bishop of Palai on 09.04.2018

**Ex. Officio Members**

Very Rev. Fr. Joseph Kuzhinjalil (Vicar General)
Very Rev. Fr. Abraham Kollithanathumalayil ,,
Very Rev. Fr. Joseph Kollamparampil ,,
Very Rev. Fr. Joseph Maleparampil ,,
Very Rev. Fr. Jose Kakkallil (Chancellor)
Very Rev. Fr. Joseph Vallompurayidam (Finance Officer)
Rev. Fr. Joseph Puthenpura
(Director, Priests's Home, Muttuchira)
Rev. Fr. Jose Nellickatheruvill
(Director, Mar Aphrem Priests'Home, Pala)

**Elected Members**

Rev. Fr. George Choorakatt
Rev. Fr. Devasia Kollamparmpil
Rev. Fr. Jose Kottayil
Rev. Fr. Joseph Kaduppil
Rev. Fr. Johnson Pulleett
Rev. Fr. Mathew Mathilakath
Rev. Fr. Dominic Vechoor
Rev. Fr. Thomas Panackakuzy
Rev. Fr. John Kannamthanam
Rev. Fr. George Pullukalayil
Rev. Fr. Thomas Vadakkel
Rev. Fr. Mathew Kumbulumkal

**Nominated Members:**

Rev. Fr. Sebastian Vettukallel
Rev. Fr. Thomas Thayyil

This Executive body assembled on 09.04.2018, Presided over by Mar Joseph Kallarangatt, elected the following Office bearers:

1.V.Rev. Fr. Joseph Kuzhinjalil (President)
2. Rev. Fr. Thomas Panackakuzhy (Secretary)
3. V.Rev. Fr. Devasia Kollamparampil (Treasurer)

+ Jos Kallarangatt

**Mar Joseph Kallarangatt**
Bishop of Palai

# വികാരിയച്ചന്മാരുടെ പ്രത്യേക ശ്രദ്ധയ്ക്ക്

## ആദായനികുതി (Income Tax) നിയമത്തിൽവന്ന ചില പ്രധാന മാറ്റങ്ങൾ

### *2018 ലെ ധനകാര്യബിൽ (Budjet) പ്രകാരം ആദായനികുതിനിയമത്തിൽ മതധർമ്മസ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:-*

ഇടവകപ്പള്ളികൾ, മതധർമ്മസ്ഥാപനങ്ങൾ (Religious and Charitable Trusts and Societies) എന്നിവയ്ക്ക് നിർബന്ധമായും 12 A Registration, Pan Card Number എന്നിവ ഉണ്ടായിരിക്കണം.

ഒരു ഇടവകപ്പള്ളിയുടെയോ ട്രസ്റ്റിന്റെയോ സൊസൈറ്റിയുടെയോ കീഴിൽ പ്രവർത്തിക്കുന്ന എല്ലാ വിഭാഗങ്ങളും (Departments) മാതൃ പ്രസ്ഥാനത്തിന്റെ പാൻ നമ്പർ ഉപയോഗിക്കണം.

ഇടവകപ്പള്ളിയുടെയോ ട്രസ്റ്റിന്റെയോ കീഴിൽ പ്രവർത്തിക്കുന്ന എല്ലാ യൂണിറ്റുകളുടെയും കണക്കുകൾ കൃത്യമായി എഴുതി സൂക്ഷിക്കുകയും ചാർട്ടേർഡ് അക്കൗണ്ടന്റിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിച്ച് നിർദ്ദിഷ്ടസമയത്തുതന്നെ Income Tax Office ൽ ഓരോ വർഷവും സമർപ്പിക്കേണ്ടതാണ്. എങ്കിൽ മാത്രമേ Income tax exemption ലഭിക്കാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ.

ബാങ്ക് ഇടുപാടുകൾ നടത്തുന്നതിന് വികാരിയച്ചനും കൈക്കാരന്മാർക്കും പാൻ നമ്പറുകൾ വ്യക്തിപരമായി വേണ്ടിവരും.

പതിനായിരം രൂപായിൽ കൂടുതൽ പണമായി കൊടുക്കുകയോ വാങ്ങുകയോ ചെയ്യുവാൻ നിയമം അനുവദിക്കുന്നില്ല. കൂടുതൽ തുകകൾ നൽകേണ്ടി വരുമ്പോൾ (രൂപതയിലേക്കും)

Bank Cheque, Bank transfer or Bank draft ആയി മാത്രം നൽകേണ്ടതാണ്.

കെട്ടിടം പണികൾ നടക്കുമ്പോൾ Contractor, Engineer എന്നിവർക്ക് പ്രതിഫലം നൽകുമ്പോൾ T.D.S (Tax Deducted at source) പിടിക്കേണ്ടതും പിടിക്കുന്ന തുക പിറ്റേമാസം 7-ാം തീയതിക്കുമുമ്പായി TAN നമ്പർ ഉപയോഗിച്ച് ഗവൺമെന്റിൽ അടയ്ക്കേണ്ടതും മൂന്നു മാസത്തിലൊരിക്കൽ Quarterly return സമർപ്പിക്കേണ്ടതുമാണ്.

പാരിഷ്ഹാൾ, കെട്ടിടങ്ങൾ എന്നിവയുടെ വാടകയ്ക്ക് പരിധിക്ക് മുകളിൽ തുക വന്നാൽ GST (Goods and Service Tax) ഈടാക്കി അടയ്ക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഓഡിറ്റർമാരുടെ ഉപദേശം തേടണം.

ആദായനികുതി (Income Tax) നിയമത്തിൽ വന്ന ഭേദഗതിപ്രകാരം 2017-2018 ലെ വാർഷികകണക്ക് ഓഡിറ്റ് ചെയ്ത് അനുവദനീയസമയത്തിനുള്ളിൽ Income Tax return ഫയൽ ചെയ്തില്ലെങ്കിൽ ആ സ്ഥാപനത്തിന് 12 A പ്രകാരമുള്ള ആദായനികുതി ഇളവ് ലഭിക്കുകയില്ല. അങ്ങനെ സംഭവിച്ചാൽ സ്ഥാപനത്തിന്റെ മുഴുവൻ വരുമാനത്തിനും 30% നികുതി കൊടുക്കേണ്ടിവരും.

**പ്രൊക്യുറേറ്റർ**

# വികാരിയച്ചന്മാരുടെ ശ്രദ്ധയ്ക്ക്

സ്നേഹബഹുമാനപ്പെട്ട വൈദികരേ,

ദീപികയുടെ ആഭിമുഖ്യത്തിൽ മെയ് 26 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് പാലാ സെന്റ് തോമസ് ഹൈസ്കൂൾ അങ്കണത്തിൽവച്ച് കർഷകസമ്മേളനവും റാലിയും നടത്തുകയാണല്ലോ. വിവിധ രൂപതകളിലെ വൈദികമേലധ്യക്ഷന്മാരുടെ നേതൃത്വത്തിൽ കർഷകരും സംഘടനാംഗങ്ങളും സമ്മേളനത്തിൽ പങ്കെടുക്കുന്നതാണ്. ഈ സമ്മേളനത്തിന് ആതിഥ്യമരുളുന്നത് പാലായിൽ വച്ചായതിനാൽ ഇടവകയിലെ മുഴുവൻ കർഷകരുടെയും സന്നദ്ധസംഘടനാംഗങ്ങളുടെയും സഹകരണവും പങ്കാളിത്തവും ഉറപ്പാക്കേണ്ടത് അനിവാര്യമാണ്. ബഹു. വികാരിയച്ചന്മാരുടെ നേതൃത്വവും പ്രോത്സാഹനവും സഹകരണവും ഈ കാര്യത്തിൽ ഉണ്ടാകേണ്ടതാണ്. സമ്മേളനത്തിനു നേതൃത്വം നൽകുന്നത് ദീപിക ഫ്രണ്ട്സ് ക്ലബാണ്. നിലവിൽ ദീപിക ഫ്രണ്ടിസ് ക്ലബിന്റെ (ഡി.എഫ്.സി) യൂണിറ്റ് ഇല്ലാത്ത ഇടവകയിൽ പുതിയ പുരുഷ-വനിതാ ഡി.എഫ്.സി അടിയന്തിരമായി രൂപീകരിച്ച് സമ്മേളനത്തിൽ സഹകരിപ്പിക്കേണ്ടതാണ്. ഡി.എഫ്.സിയുടെയും ഇടവകയിലെ ഇതര സംഘടനകളുടെയും മീറ്റിംഗ് വിളിച്ചുകൂട്ടി വിളംബരജാഥാറാലി, കർഷക സമ്മേളനം, ഒപ്പുശേഖരണം എന്നിവയെക്കുറിച്ച് വിശദീകരിക്കേണ്ടതാണ്. ഇതോടനുബന്ധിച്ച് എല്ലാ കുടുംബങ്ങളിലും സ്ഥാപനങ്ങളിലും ദീപികപത്രം ഉറപ്പുവരുത്തി സഭയുടെ മാധ്യമസംസ്കാരത്തിന് പ്രോത്സാഹനം നൽകാനും ശ്രമിക്കുക. 2018 മെയ് 18, 19 (വെള്ളി, ശനി) തീയതികളിൽ നമ്മുടെ രൂപതയിൽ നടത്തുന്ന കർഷകവിളംബരജാഥാറാലി, 26-ന് നടക്കുന്ന കർഷക സമ്മേളനം, റാലി എന്നീ പരിപാടികളുടെ വിജയത്തിനായി നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം.

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 30.04.2018

**ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

## കെയർഹോംസ്

**1. മണ്ണയ്ക്കനാട് ഒ.എൽസി. ബധിരവിദ്യാലയത്തിൽ അഡ്മിഷൻ**

മണ്ണയ്ക്കനാട് എൽ.എ.ആർ സിസ്റ്റേഴ്സിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന സംസാര - ശ്രവണ വൈകല്യമുള്ള വിദ്യാർത്ഥികളുടെ സ്പെഷ്യൽസ്കൂൾ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. നേഴ്സറി മുതൽ പത്താംക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്കാണ് പ്രവേശനം. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും സൗജന്യ ഹോസ്റ്റൽ സൗകര്യം ഉണ്ടായിരിക്കുന്നതാണ്. വിശദവിവരങ്ങൾക്ക് സിസ്റ്റർ റിൻസി മാത്യു വാഴക്കാപ്പാറ Mob: 9495116243.

**2. ബാലഭവനിലെ കുട്ടികളുടെ അഡ്മിഷൻ**

സമൂഹത്തിലെ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് പാലാ രൂപതയിലുള്ള വിവിധ ബാലികാഭവനിൽ സൗജന്യമായി താമസിച്ച് പഠിക്കുവാനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. വിശദവിവരങ്ങൾക്ക് കെയർ ഹോംസ് പാലാ രൂപത കെയർ ഹോംസ് ഡയറക്ടറെ സമീപിക്കുക. Mob:9446121275.

**3. സ്പെഷ്യൽ സ്കൂൾ അഡ്മിഷൻ**

മാനസികവൈകല്യമുള്ള കുട്ടികളുടെ പരിശീലനത്തിനായി പാലാ രൂപതയിലെ 6 സ്പെഷ്യൽസ്കൂളുകളിൽ അഡ്മിഷൻ നല്കി വരുന്നു. വിശദവിവരങ്ങൾക്ക് കെയർഹോംസ് ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 04822 216275, 9446121275.

**ഫാ. സ്കറിയ വേകത്താനം** (ഡയറക്ടർ)

## ദീപിക ഫ്രണ്ട്സ് ക്ലബ്
## പാലാ രൂപത വനിതാ സംഗമം

ദീപിക ഫ്രണ്ട്സ് ക്ലബ് പാലാ രൂപതയിലെ വനിതാ ഫോറത്തിന്റെ പ്രഥമ സമ്മേളനം 2018 മെയ് 12 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് പാലാ ഷലോം പാസ്റ്ററൽ സെന്ററിൽവച്ച് നടത്തുകയാണ്. ഇടവകയിലെ ദീപിക ഫ്രണ്ടസ് ക്ലബിന്റെ മുഴുവൻ വനിതാ ഭാരവാഹികളും ദീപികയെ സ്നേഹിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന വനിതകളെയും സമ്മേളനത്തിൽ പങ്കെടുപ്പിക്കേണ്ടതാണ്.

## സംസ്ഥാനകർഷക സമ്മേളനത്തോടനുബന്ധിച്ച് നടത്തുന്ന

# കർഷകവിളംബരറാലി 2018

### മെയ് 18, 19 (വെള്ളി, ശനി)

**വിഷയം : കാർഷിക വൃത്തി, കേരളസമൃദ്ധി**

നമ്മുടെ സമൂഹത്തിലെ കർഷകരും ചെറുകിട വ്യാപാരി വ്യവസായികളും സാധാരണക്കാരും അനുഭവിച്ചു കൊണ്ടിരിക്കുന്ന പ്രശ്നങ്ങളും അതിജീവനസംഘർഷങ്ങളും പൊതുസമൂഹത്തിന്റെ മുമ്പിൽ അവതരിപ്പിക്കുവാനും കർഷ കരോടൊപ്പം ദീപികയും സഭയുമുണ്ട് എന്ന് സമൂഹത്തെ ബോധ്യപ്പെടുത്താൻ കേരള കർഷകവിളംബരജാഥ ലക്ഷ്യമി ടുന്നു. കാർഷികവിളകൾക്ക് താങ്ങുവില പ്രഖ്യാപിക്കുക, വിഷ രഹിതമായ കാർഷികവിഭവങ്ങൾ ലഭ്യമാക്കുക, റബറിനും തോട്ടവിളകൾക്കും വിലസ്ഥിരത ഉറപ്പാക്കുക, യുവതലമുറയ്ക്ക് ആധുനിക കൃഷിരീതികൾ പരിചയപ്പെടുത്തുക, പട്ടയപ്രശ്ന ങ്ങൾ പരിഹരിക്കുക, കാട്ടുമൃഗങ്ങളിൽനിന്ന് കർഷകരെ രക്ഷി ക്കുക, ചെറുകിട വ്യാപാര മേഖലകൾ ശക്തിപ്പെടുത്തുക, കാർഷികകടം എഴുതിതള്ളുക തുടങ്ങിയ ആവശ്യങ്ങൾ ഉന്ന യിച്ച് ഒപ്പുശേഖരണം നടത്തുന്നു.

**<u>വിളംബര ജാഥ കടന്നുപോകുന്ന സ്ഥലങ്ങൾ</u>**

**1. ഒന്നാംദിവസം - 2018 മെയ് 18 വെള്ളി**

**പൈക** സെന്റ് ജോസഫ്സ് നഗർ - 8.45 am ഉദ്ഘാടനം - **മാർ ജേക്കബ് മുരിക്കൻ** (പാലാ രൂപത സഹായമെത്രാൻ)

മല്ലികശ്ശേരി (9.30 am), **പിണ്ണാക്കനാട് & ചെമ്മലമറ്റം** (9.45 am) തിടനാട് (10.20 am) **അരുവിത്തുറ** (10.45 am), **പൂഞ്ഞാർ** (11.15 am) **തീക്കോയി** (11.45 am), ശാന്തിഗിരി (12.10 pm), കളത്തൂക്കടവ് (12.25 pm), ഇടമറുക് (12.45 pm), **മേലുകാവുമറ്റം** (1.00 pm), **മുട്ടം** (1.30 pm ഉച്ചഭക്ഷണം), കുടയത്തൂർ (2.15 pm), അറക്കുളം

(2.30 pm), **മൂലമറ്റം** (2.45 pm), തുടങ്ങനാട് (3.30 pm),**നീലൂർ** (4.00 pm), കുറുമണ്ണ് (4.30 pm), ജിയോവാലി (4.45 pm), **കൊല്ലപ്പള്ളി** & **കടനാട്** (5.00 pm), **പ്രവിത്താനം** (5.45 pm), ചൂണ്ടച്ചേരി (6.20 pm), **ഭരണങ്ങാനം** (സമാപനം 7.00 pm)

**2. രണ്ടാംദിവസം – 2018 മെയ് 19 ശനി**

**ഭരണങ്ങാനം അൽഫോൻസാ നഗർ** 8.45 am (ഉദ്ഘാടനം)

ഇടപ്പാടി (9.15 am), **പാലാ** (9.30 am) ചക്കാമ്പുഴ (10.00 am), **രാമപുരം** (10.30 am), **കൂത്താട്ടുകുളം** (11.00 am) പുതുവേലി (11.30 am), മുത്തോലപുരം (12.00 noon), **ഇലഞ്ഞി** (12.30 pm ഉച്ചഭക്ഷണം), മരങ്ങോലി (1.30 pm), ഞീഴൂർ (1.45 pm), **കടുത്തുരുത്തി** (2.15 pm ), **മുട്ടുചിറ** (2.45 pm), **കോതനല്ലൂർ** (3.30 pm), രത്നഗിരി (4.00 pm), **കുറവിലങ്ങാട്** (4.45 pm), **മരങ്ങാട്ടുപള്ളി** (5.30 pm), **കടപ്ലാമറ്റം** (6.15 pm), **ചേർപ്പുങ്കൽ** (7.00 pm സമാപനം)

- വിളംബരജാഥയുടെ മീറ്റിംഗ് നടത്തുന്ന സ്ഥലങ്ങളാണ് പ്രത്യേകം രേഖപ്പെടുത്തിയിരിക്കുന്നത്.
- വിളംബരജാഥ കടന്നുപോകുന്ന സ്ഥലങ്ങളിലെ ഫൊറോനക്കാർ അടുത്ത ഫൊറോനായിലേക്ക് വിളംബരജാഥ കൈമാറേണ്ടതാണ്. ജാഥാ ക്യാപ്റ്റനെ മാലയിട്ട് സ്വീകരിക്കുക. ബൈക്ക് / ഇതര വാഹനങ്ങളുടെ റാലി ഇതോടനുബന്ധിച്ച് ഉണ്ടായിരിക്കേണ്ടതാണ്. ഇടവകയിലെ എല്ലാ കർഷകരെയും സംഘടനാംഗങ്ങളെയും വിളംബരജാഥാ റാലിയിൽ പങ്കെടുപ്പിക്കേണ്ടതാണ്.
- വിളംബരജാഥയോടനുബന്ധിച്ച് പച്ചക്കറിവിത്ത്, തൈവിതരണം എന്നിവ ഉണ്ടായിരിക്കുന്നതാണ്.
- കർഷകപ്രശ്നങ്ങൾക്ക് നടപടി ആവശ്യപ്പെട്ട് ഒപ്പ് ശേഖരണം വിളംബരറാലിയോടനുബന്ധിച്ച് നടത്തുന്നതാണ്.

+ Jos Kallarangatt

മെത്രാസനമന്ദിരം

പാലാ, 30.04.2018

**ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

# List of Very/ Rev Fathers to observe Prayer Day and to Officiate Ramsa at Bharananganam

| | |
|---|---|
| Ambattu Joseph | May 05 |
| Cheenothuparampil Joseph | May 06 |
| Choorakkattu George | May 07 |
| Edettu John | May 08 |
| Inchakuzhiyil Augustine | May 09 |
| Kakkaniyil Abraham | May 10 |
| Kochodackal Thomas | May 11 |
| Kumbukkal Thomas | May 12 |
| Mundunadackal Mathew | May 13 |
| Muthuplackal Mathew | May 14 |
| Palakattukunnel Mathew | May 15 |
| Ponnamvarickayil George | May 16 |
| Adappacheril Sebastian | May 17 |
| Alappattukunnel Sebastian | May 18 |
| Ambattupadavil Joseph | May 19 |
| Ambazhathinal George | May 20 |
| Ampzahathumkal Mathew | May 21 |
| Ancheril Jose | May 22 |
| Anithottathil Gervasis | May 23 |
| Arackal Joseph | May 24 |
| Arackaparambil Mathew | May 25 |
| Aranjaniputhenpura Augustine | May 26 |
| Attappatt Zacharias | May 27 |
| Ayallukunnel Thomas | May 28 |
| Brahmanavelil Thomas | May 29 |
| Chakkalackal Joseph | May 30 |
| Cheeramkuzhy Michael | May 31 |
| Cherukarakunnel Joseph | May 01 |
| Cherukarakunnel Sebastian | June 02 |
| Chillackal Thomas | June 03 |
| Chollanal George | June 04 |
| Edathinal Francis | June 05 |
| Edathumparampil Joseph | June 06 |




# വിശ്വാസപരിശീലനകേന്ദ്രം

**1. ക്ലാസുകളിലെ റിസൾട്ട്**

10-12 ക്ലാസുകളിലെ റിസൾട്ട് പ്രസിദ്ധീകരിച്ചു. റിസൾട്ടും സർട്ടിഫിക്കറ്റു ബുക്കുകളും ഓഫീസിൽനിന്ന് കൈപ്പറ്റാവുന്നതാണ്.

**2. കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പ്**

കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പ് ഏപ്രിൽ 10 മുതൽ 15 വരെ ഭരണങ്ങാനം മാതൃഭവനിൽ വച്ച് നടന്നു. ബഹു. സിസ്റ്റേഴ്സ് വൈദികവിദ്യാർത്ഥികൾ, വിശ്വാസപരിശീലകർ എന്നിവർ ഉൾപ്പെടെ 70 ഓളം പേർഡ ക്യാമ്പിൽ പങ്കെടുത്തു. മൂല്യനിർണ്ണയം വിജയിപ്പിച്ച എല്ലാവർക്കും വിശ്വാസപരിശീലനകേന്ദ്രം കൃതജ്ഞത അർപ്പിക്കുന്നു.

**3. പുനർമൂല്യനിർണ്ണയം**

ഉത്തരക്കടലാസ് മൂല്യനിർണ്ണയത്തെ സംബന്ധിച്ച് പരാതികൾ ഉണ്ടാകുന്നപക്ഷം പുനർമൂല്യനിർണ്ണയത്തിന് താഴെപ്പറയുന്ന വ്യവസ്ഥകൾക്കനുസൃതം മെയ് 15 ന് മുമ്പായി വിശ്വാസപരിശീലനകേന്ദ്രത്തിൽ അപേക്ഷിക്കാവുന്നതാണ്.

a. അപേക്ഷയിൽ ബഹു. വികാരിയച്ചന്റെ /ഡയറക്ടറച്ചന്റെ ഒപ്പ് ഉണ്ടായിരിക്കണം.

b.50 രൂപ ഫീസ് അപേക്ഷയോടൊപ്പം അടയ്ക്കേണ്ടതാണ്.

c.നേരത്തെ ലഭിച്ച മാർക്കിന്റെ 5 ശതമാനമെങ്കിലും കൂടുതലുണ്ടെങ്കിൽ സർട്ടിഫിക്കറ്റ് ബുക്കിൽ രേഖപ്പെടുത്തുന്നതാണ്.

**4. സേ പരീക്ഷ**

X, XII ക്ലാസുകളിൽ തോറ്റുപോയവർക്കുവേണ്ടിയുള്ള സേ പരീക്ഷ മെയ് 20-ാം തീയതി ഞായറാഴ്ച 2 മണിക്ക് ഭരണങ്ങാനം മാതൃഭവനിൽ വച്ച് നടക്കുന്നതാണ്. സേ പരീക്ഷ എഴുതാനാഗ്രഹിക്കുന്നവർ 25 രൂപാ അടച്ച് ഓഫീസിൽ പേർ രജിസ്റ്റർ ചെയ്യേണ്ടതാണ്. മുൻകൂട്ടി അനുവാദം വാങ്ങാതെ പരീക്ഷ എഴുതാത്തവർക്ക് സേ പരീക്ഷയിൽ പ്രവേശനം ഉണ്ടായിരിക്കുന്നതല്ല. മെഡിക്കൽ കാരണങ്ങളാൽ പരീക്ഷ എഴുതാത്തവർ ബഹു. വികാരിയച്ചന്റെ/ ഡയറക്ടറച്ചന്റെ ശുപാർശകത്തോടുകൂടി പേർ രജിസ്റ്റർ ചെയ്യേണ്ടതാണ്.

**5. സ്കോളർഷിപ്പ് പരീക്ഷ**

സ്കോളർഷിപ്പ് പരീക്ഷ മെയ് 5-ാം തീയതി ശനിയാഴ്ച പാലാ, കുറവിലങ്ങാട്, അരുവിത്തുറ, തുടങ്ങനാട് എന്നീ കേന്ദ്രങ്ങളിൽ വച്ച് നടക്കും (രാവിലെ 10 മുതൽ 12 വരെ) സ്കോളർഷിപ്പ് അർഹരായകുട്ടികളുടെ പേരുകൾ, ടേമിലി പരീക്ഷകളുടെ മാർക്ക്, രണ്ടു ടേമുകളിലെയും വിശ്വാസോത്സവത്തിന്റെയും ഹാജർ, പരീക്ഷാകേന്ദ്രം, കുട്ടികളെ പഠിപ്പിച്ച വിശ്വാസപരിശീലകരുടെ പേര് എന്നിവ സഹിതം മെയ് 1ന് മുമ്പ് വിശ്വാസപരിശീലനകേന്ദ്രത്തിൽ സമർപ്പിക്കണം.

**6. വിചിന്തനം ക്യാമ്പ്**

വിചിന്തനം ക്യാമ്പുകൾ ആരംഭിച്ചു. ഇനിയും രജിസ്റ്റർ ചെയ്യാത്ത ഇടവകകൾ എത്രയും വേഗം 300 രൂപാ അടച്ച് പേര് രജിസ്റ്റർ ചെയ്യുക. ക്യാമ്പിൽ വരുന്ന കുട്ടികൾ നോട്ട്ബുക്ക്, പേനാ, കുർബാനപുസ്തകം, സപ്രാപുസ്തകം എന്നിവ കൊണ്ടുവരേണ്ടതാണ്. ഇല്ലാത്തവർ മാതൃഭവനിൽനിന്നും പുതിയവ വാങ്ങാൻ ആവശ്യപ്പെടുന്നതാണ്. ക്യാമ്പിൽ ക്ലാസ് സമയങ്ങളിൽ ടീഷർട്ട് അനുവദിക്കുന്നതല്ല. മൊബൈൽ ഫോൺ ഒരു കാരണവശാലും അനുവദിക്കുന്നതല്ല. രജിസ്റ്റർ ചെയ്ത ദിവസം മുൻകൂട്ടി അറിയിക്കാതെ ഹാജരാകാതിരിക്കുന്നവരിൽനിന്നും നഷ്ടപരിഹാരമായി 50 രൂപാ ഈടാക്കുന്നതാണ്.

**7. പ്രതിഭാസംഗമം**

7-ാം ക്ലാസിൽ പഠിച്ച കുട്ടികളുടെ പ്രതിഭാസംഗമത്തിലേക്ക് പേരുകൾ സമർപ്പിക്കാവുന്നതാണ്. സവിശേഷ കഴിവുകളുള്ള ഒരു ആൺകുട്ടിയുടെയും പെൺകുട്ടിയുടെയും പേരുകളാണ് നൽകേണ്ടത്. എന്നാൽ അപ്രകാരമുള്ള കുട്ടികൾ ഇല്ലായെങ്കിൽ പേര് നൽകേണ്ടതില്ല. രജിസ്റ്റർ ചെയ്തിരിക്കുന്ന കുട്ടികൾ മെയ് 6-ാം തീയതി രാവിലെ 10ന് ഭരണങ്ങാനം മാതൃഭവനിൽ എത്തിച്ചേരേണ്ടതാണ്. അവിടെവച്ച് സഭാതല സംഗമത്തിൽ പങ്കെടുക്കാൻ യോഗ്യതയുള്ളവരെ തിരഞ്ഞെടുക്കുന്നതാണ്.

**8. 1-ാം ക്ലാസിലെ അഡ്മിഷൻ**

1-ാം ക്ലാസിൽ കുട്ടികളെ ചേർക്കുന്നത് ബഹു. വികാരിമാരുമായി ആലോചിച്ച് മെയ് 20 ഞായറാഴ്ച നടത്തുന്നത് ഏറെ ഉചിതമായിരിക്കും. തന്മൂലം വർഷാരംഭത്തിൽ ഹെഡ്മാസ്റ്ററിനും ഓഫീസിലും ഉളവാകുന്ന വലിയ തിരക്ക് കുറയ്ക്കാൻ കഴിയും. തന്മൂലം ആദ്യദിവസം തന്നെ വിശ്വാസപരിശീലനം കാര്യക്ഷമമായി തുടങ്ങാൻ കഴിയുമല്ലോ.

**9. പ്രഥമാദ്ധ്യാപക സമ്മേളനം**

പ്രഥമാദ്ധ്യാപക സമ്മേളനം മെയ് 26-ാം തീയതി ശനിയാഴ്ച അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ച് നടക്കും. എല്ലാ പ്രഥമാദ്ധ്യാപകരും ഇതിൽ സംബന്ധിക്കേണ്ടതാണ്. സുപ്രധാനമായ ഈ സമ്മേളനത്തിലേക്ക് പകരക്കാരെ അയയ്ക്കാതെ എല്ലാ ഹെഡ്മാസ്റ്റർമാരും സംബന്ധിക്കേണ്ടതാണ്.

**ഡോ. തോമസ് മേനാച്ചേരി (ഡയറക്ടർ)**

# മിഷൻലീഗ് വാർത്തകൾ

**1. മേഖലാ ഇലക്ഷനുകൾ**

പാലാ രൂപതയിൽ വിവിധ മേഖലകളിലെ 2018-2020 പ്രവർത്തനവർഷത്തേക്കുള്ള ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നടത്തപ്പെട്ടു. ഇനിയും നടത്താനുള്ള ഇടവകകൾ ഉടൻതന്നെ തീയതി നിശ്ചയിച്ച് രൂപതാസമിതിയെ അറിയിക്കണം.

**മേഖലാ ഭാരവാഹികൾ**

**മൂലമറ്റം**

ഷെറിൻ പോൾ കോളരിക്കൽ, ഇലപ്പള്ളി
അഞ്ജു മരിയ സാം തുരുത്തിപ്പാറ, മൂലമറ്റം
അരുൺ ജോർജ് എമ്പ്രയിൽ, മൂലമറ്റം
ആഷ്‌ലി അനിൽ കയത്തുംകരയിൽ, മൂലമറ്റം
സോളമൻ കുര്യാക്കോസ് പുളിക്കൽ, കുളമാവ്
പ്രണവ് സെബാസ്റ്റ്യൻ പൊട്ടനാനിക്കൽ, ഇടാട്

**പ്രവിത്താനം**

വിൻസെന്റ് മാത്യൂസ് അരീക്കാട്ട്, ഉള്ളനാട്
ജെസി പയസ് പുതിയിടം, പ്രവിത്താനം
സഖറിയാസ് ജയിംസ് ഐപ്പൻപറമ്പിൽകുന്നേൽ, പ്രവിത്താനം
ആൻസി ഫ്രാൻസീസ് ഐക്കരക്കുന്നേൽ, ഉള്ളനാട്
ബിബിൻ തോമസ് കോനൂർ, കയ്യൂർ

**ചേർപ്പുങ്കൽ**

റോയ് വർഗീസ് കുളങ്ങര, ചേർപ്പുങ്കൽ
ഗ്രേയ്സ് ബെന്നി പുളിയന്മാക്കൽ, ചേർപ്പുങ്കൽ
റ്റിബിൻ ജോസ് മണിയങ്ങാട്ട്, മണലുങ്കൽ
ടെസി മരിയ അബ്രാഹം താന്നിയിൽ, പാദുവ
റോയ് പി. ടോണി പുന്നോലിൽ, കുരുവിനാൽ
സെബിൻ തോമസ് താഴത്തുരുത്തിയിൽ, കുരുവിനാൽ

2. നാമഹേതുകത്തിരുനാൾ

വി. യൗസേപ്പിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് ചെറുപുഷ്പമിഷൻലീഗ് പാലാ രൂപത സമിതി പ്രസിഡന്റ് തോമസ് അടുപ്പുകല്ലുങ്കലിന്റെ നേതൃത്വത്തിൽ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ എന്നിവരെ സന്ദർശിച്ച് ആശംസകൾ നേർന്നു.

**ഡോ. തോമസ് മേനാച്ചേരി (ഡയറക്ടർ)**

# ഇവാഞ്ചലൈസേഷൻ

**1. ഉപവാസ മദ്ധ്യസ്ഥ പ്രാർത്ഥന കത്തീഡ്രലിൽ**

ഈ മാസം 6,13,20,27 തീയതികളിൽ പാലാ കത്തീഡ്രലിൽ വച്ച് രാവിലെ 9 മുതൽ 13 വരെ ഉപവാസമദ്ധ്യസ്ഥ പ്രാർത്ഥന നടത്തി. റവ.ഫാ. സിജോ പ്ലാത്തോട്ടം വി.സി, ഫാ. ജോസ് തടിക്കൽ സി.എസ്.ടി., ഫാ. ഷിജോ കുമ്മണിയിൽ CSsR, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ ഇവാഞ്ചലൈസേഷൻ ടീം അംഗങ്ങൾ തുടങ്ങിയവർ നേതൃത്വം നൽകി.

**2. സെൽ പ്രാർത്ഥന ഷാലോമിൽ**

ഏപ്രിൽ മാസം 2,9,16,23,30 തീയതികളിൽ ഷാലോമിൽ വച്ച് വൈകുന്നേരം 4.30 മുതൽ 6 വരെ സെൽ പ്രാർത്ഥന നടത്തി. ഇവാഞ്ചലൈസേഷന്റെയും കരിസ്മാറ്റിക്സിന്റെയും വിവിധ പ്രവർത്തനങ്ങൾക്കുവേണ്ടി മാദ്ധ്യസ്ഥം വഹിച്ച് പ്രാർത്ഥിച്ചു. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ജെയിംസ് മാറാട്ടുകുളം, തങ്കച്ചൻ ശ്രാമ്പിയ്ക്കൽ തുടങ്ങിയവർ നേതൃത്വം നൽകി.

**3. മാദ്ധ്യസ്ഥ പ്രാർത്ഥന ഷാലോമിൽ**

ഏപ്രിൽ മാസം 2,3,4,5,10,11,12,16,17,18,19,23,24,25,26,30 തീയതികളിൽ ഷാലോമിൽ വച്ച് രാവിലെ 10 മണി മുതൽ 3 വരെ രൂപതയ്ക്കുവേണ്ടിയും ഇവാഞ്ചലൈസേഷന്റെ വിവിധ മിനിസ്ട്രികൾക്കുവേണ്ടിയും മാദ്ധ്യസ്ഥം വഹിച്ച് പ്രാർത്ഥിച്ചു. ബ്രദർ ജോയി നെല്ലിയേക്കുന്നേൽ, ചാക്കോ ചെട്ടിമാട്ടേൽ, സാലി വേത്താനത്ത്, ജോസഫ് കുന്നപ്പള്ളി തുടങ്ങിയവർ നേതൃത്വം നൽകി.

**4. ഇവാഞ്ചലൈസേഷൻ മിനിസ്ട്രി കൂട്ടായ്മ**

ഈ മാസം 15-ാം തീയതി ബുധനാഴ്ച രാവിലെ 10 മണി മുതൽ 1 വരെ രൂപതയിൽ പ്രവർത്തിക്കുന്ന കോളനി, ആശുപത്രി, ജയിൽ മദ്യപാന മിനിസ്ട്രി, മാദ്ധ്യസ്ഥ പ്രാർത്ഥന തുടങ്ങിയ മിനിസ്ട്രികളിൽ പ്രവർത്തിക്കുന്നവർ ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കലച്ചന്റെ അദ്ധ്യക്ഷതയിൽ കൂടി കഴിഞ്ഞ മാസം പ്രവർത്തിച്ച കാര്യങ്ങൾ ചർച്ച ചെയ്യുകയും അടുത്ത മാസം പ്രവർത്തിക്കേണ്ട കാര്യങ്ങൾ പ്ലാൻ ചെയ്യുകയും ചെയ്തു. ഡയറക്ടർ എല്ലാവരോടും ഈശോയ്ക്കുവേണ്ടി തനതു മിനിസ്ട്രികളിൽ ആത്മാർത്ഥമായി

ഓരോരുത്തരും പ്രവർത്തിക്കണമെന്ന് ഓർമ്മിപ്പിച്ചു. ബ്ര. ജോയി നെല്ലിയേക്കുന്നേൽ വചനം പങ്കുവച്ചു. ഇതോടനുബന്ധിച്ച് 35-ാമത് കൺവൻഷന് 3000 രൂപയ്ക്കുമേൽ പിരിവു നടത്തിയവർക്കുള്ള സമ്മാനം നൽകുകയും ചെയ്തു. ടി.പി. ജോസഫ് തെക്കേവീട്ടിൽകുളങ്ങര, തങ്കച്ചൻ ശ്രാമ്പിക്കൽ തുടങ്ങിയവർ നേതൃത്വം നൽകി.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**1. കരിസ്മാറ്റിക് ഡേ**

എല്ലാ മാസാദ്യ ശനിയാഴ്ചകളിലും നടന്നുവരുന്ന കരിസ്മാറ്റിക് നേതൃത്വത്തിലുള്ളവരുടെ സംഗമം ഏപ്രിൽ 7-ാം തീയതി ശനിയാഴ്ച 9.30 മുതൽ 3.00 മണിവരെ ഷാലോം പാസ്റ്ററൽ സെന്ററിൽ നടന്നു. ശ്രീ. ജെയിംസ് വെട്ടുകാട്ടിൽ വചനശുശ്രൂഷ നയിച്ചു. സോണൽ ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ പ്രസംഗിച്ചു. സോണൽ സേവനസമിതി അംഗങ്ങളും പൂഞ്ഞാർ സബ്സോൺ സേവനസമിതി അംഗങ്ങളും പ്രോഗ്രാമിന് നേതൃത്വം നൽകി.

**2. സോണൽ സേവനസമിതി മീറ്റിംഗ്**

സോണൽ സേവനസമിതിയുടെ മീറ്റിംഗ് എപ്രിൽ 7-ാം തീയതി ശനിയാഴ്ച 3 മുതൽ 5.30 മണിവരെ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കലിന്റെ നേതൃത്വത്തിൽ നടന്നു. എല്ലാ സേവനസമിതി അംഗങ്ങളും പങ്കെടുത്തു.

**3. രാത്രി ആരാധന**

കരിസ്മാറ്റിക് സേവന സമിതിയുടെ നേതൃത്വത്തിൽ മാസാവസാന ശനിയാഴ്ചകളിൽ ഭരണങ്ങാനം വി. അൽഫോൻസാ തീർത്ഥാടന ദൈവാലയത്തിൽ വച്ച് നടന്നുവരുന്ന രാത്രി ആരാധന 28-ാം തീയതി രാത്രി 7 മണിക്ക് വി. കുർബാനയോടെ ആരംഭിച്ച് വെളുപ്പിന് 4 മണിക്കുള്ള വി. കുർബാനയോടുകൂടി അവസാനിച്ചു. ഫാ. ബോസ്ക്കോ ഞാളിയത്ത് OFM (Conv) വചനം പങ്കുവച്ചു. ഫാ. മാത്യു ചന്ദ്രൻകുന്നേൽ, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, കരിസ്മാറ്റിക് ടീം അംഗങ്ങൾ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**4. ഹോളി ഏഞ്ചൽസ് ധ്യാനം**

7 മുതൽ 10 വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്ക് മെയ് 1-ാം തീയതി ചൊവ്വാഴ്ച 4 മുതൽ 4-ാം തീയതി വെള്ളിയാഴ്ച 12 മണിവരെയും, 4 മുതൽ 6 വരെ ക്ലാസുകളിലെ കുട്ടികൾക്ക് മെയ് 13 ഞായർ 4 മണി മുതൽ 16 ബുധനൻ 1 മണിവരെയും കുടക്കച്ചിറ ഡിവൈൻ മേഴ്സി ധ്യാനകേന്ദ്രത്തിൽ വച്ച് ഹോളി ഏഞ്ചൽസ് ധ്യാനം നടത്തുന്നു. രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു.

**5. വചനദീപ്തി തുടർച്ചാധ്യാനം**

ഏപ്രിൽ 5 വ്യാഴാഴ്ച പാലാക്കാട് ഇടവകയിൽ വചനദീപ്തി തുടർച്ചാധ്യാനം ബഹു. തോമസ് മണ്ണൂർ നേതൃത്വം നൽകി.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ (ഡയറക്ടർ)**

# കുടുംബകൂട്ടായ്മ

11-4-2018 ബുധനാഴ്ച 9.30 മുതൽ 1 മണിവരെ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് കുടുംബകൂട്ടായ്മ റിസോഴ്സ് ടീമിന്റെ പുതിയ ബാച്ചിന്റെ പരിശീലനപരിപാടി നടത്തി. ഡയറക്ടർ റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, റവ. സി. ജോസ്മേരി തുടങ്ങിയവർ നേതൃത്വം നൽകി.

15-4-2018 ഞായറാഴ്ച പാലാ ളാലം സെന്റ് മേരീസ് പള്ളിയിലെ എല്ലാ കുർബാന മദ്ധ്യേയും കുടുംബകൂട്ടായ്മയെക്കുറിച്ച് ഡയറക്ടർ ബഹുമാനപ്പെട്ട വിൻസെന്റ് മൂങ്ങാമാക്കലച്ചൻ പ്രസംഗിച്ചു.

15-4-2018 ഞായറാഴ്ച വൈകുന്നേരം 5 മണി മുതൽ പാലാ ളാലം സെന്റ് മേരീസ് ഇടവകയിലെ 15 കുടുംബകൂട്ടായ്മകളിൽ കുടുംബകൂട്ടായ്മ എന്ത്? എന്തിന്? എങ്ങനെ? എന്നീ വിഷയങ്ങളിൽ രൂപതാ റിസോഴ്സ് ടീം ക്ലാസ്സെടുത്തു.

21-4-2018 ശനിയാഴ്ച 9.30 മുതൽ ഒരു മണിവരെ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് കുടുംബകൂട്ടായ്മ റിസോഴ്സ് ടീമിന്റെ പുതിയ ബാച്ചിന്റെ തുടർപരിശീലനം നടത്തി. ഡയറക്ടർ റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ തോമസ് വടക്കേൽ അലോഷ്യസ് തോണക്കര തുടങ്ങിയവർ നേതൃത്വം നല്കി.

22-4-2018 ഞായറാഴ്ച വൈകുന്നേരം 5 മണിമുതൽ പാലാ ളാലം സെന്റ് മേരീസ് ഇടവകയിലെ 16 കുടുംബകൂട്ടായ്മ യൂണിറ്റുകളിൽ രൂപത റിസോഴ്സ് ടീം കുടുംബകൂട്ടായ്മ എന്ന് എന്തിന് എങ്ങനെ എന്തെല്ലാം ചെയ്യണം തുടങ്ങിയ വിഷയങ്ങളിൽ ക്ലാസ്സെടുത്തു.

27-4-2018 വെള്ളിയാഴ്ച രാവിലെ 9.30 മുതൽ ഒരു മണി വരെ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് കുടുംബകൂട്ടായ്മ ന്യൂ റിസോഴ്സ് ടീമിന്റെ പരിശീലനം നടന്നു. ഡയറക്ടർ റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ തോമസ് വടക്കേൽ, സി. ജോസ് മേരി എന്നിവർ നേതൃത്വം നൽകി.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ (ഡയറക്ടർ)**

# ഫാമിലി അപ്പോസ്തലേറ്റ്

## A. വിവാഹ ഒരുക്ക കോഴ്സ്

**1. സർട്ടിഫിക്കറ്റ്**

**ഏപ്രിൽ 9–11, 23–25** തിയതിയിലെ വിവാഹ ഒരുക്ക കോഴ്സിൽ 320 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

**2. രജിസ്ട്രേഷൻ**

**മെയ് 7–9, 21–23** തിയതികളിൽ നടക്കുന്ന കോഴ്സുകളുടെ രജിസ്ട്രേഷൻ തുടരുന്നു. **ജൂൺ 18–20, ജൂലൈ 23–25** തിയതിയിൽ നടക്കുന്ന കോഴ്സുകളുടെ രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു.

**3. പേരന്റ്സ് മീറ്റ്**

ഏപ്രിൽ മാസത്തെ പേരന്റ്സ് മീറ്റിംഗിൽ റവ. ഡോ. ജോസഫ് തടത്തിൽ ക്ലാസ്സെടുത്തു. 610 മാതാപിതാക്കന്മാർ സംബന്ധിച്ചു.

**4. യാത്രയയപ്പ് മംഗളങ്ങൾ – പാലാ**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിൽ ആറു മാസകാലം റീജന്റായി സേവനം ചെയ്ത ബ്രദർ ജോനറ്റ് പുറയ്ക്കാട്ടു പുത്തൻപുരയ്ക്ക് ഫാമിലി അപ്പോസ്തലേറ്റ് സ്നേഹനിർഭരമായ യാത്രാമംഗളങ്ങൾ നേർന്നു.

**5. ബ്രദർ നിതിൻ ചൂരയ്ക്കലിന് സ്വാഗതം**

പാലാ ഫാമിലി അപ്പോസ്തലേറ്റിൽ റീജൻസിക്കായി നിയമിതനായിരിക്കുന്ന ബ്രദർ നിതിൻ ചൂരയ്ക്കലിന് സ്വാഗതം.

## B. പിതൃവേദി

**1. സൗജന്യ മെഡിക്കൽ ക്യാമ്പ് – അരുണാപുരം**

പിതൃവേദി അരുണാപുരം യൂണിറ്റിന്റെയും പാലാ മേഖലയുടെയും മരിയൻ മെഡിക്കൽ സെന്ററിന്റേയും സംയുക്താഭിമുഖ്യത്തിൽ അരുണാപുരം സെന്റ് തോമസ് പാരീഷ് ഹാളിൽവച്ച് ഏപ്രിൽ 15 ഞായറാഴ്ച 8.30 മുതൽ 1.30 വരെ സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തപ്പെട്ടു.

**2. അവിവാഹിത സർവ്വേ– 2018**

പിതൃവേദിയുടെയും മാതൃവേദിയുടെയും ആഭിമുഖ്യത്തിൽ 35 വയസ്സിനു മുകളിൽ പ്രായമുള്ള പുരുഷൻമാരുടെയും 30 വയസ്സിനു മുകളിൽ പ്രായമുള്ള സ്ത്രീകളുടെയും അവിവാഹിത സർവ്വേയുടെ പൂരിപ്പിച്ച ഫോം ഫാമിലി അപ്പോസ്തലേറ്റ് ഓഫീസിൽ സ്വീകരിച്ചുവരുന്നു.

**3. രൂപതാസമിതി – പാലാ**

മെയ് 18 ന് നടക്കുന്ന കുടുംബദിനാചരണത്തെക്കുറിച്ചും മേഖലതല പരിപാടികളെക്കുറിച്ചും ചർച്ച ചെയ്യുന്നതിനായി പിതൃവേദിയുടെ രൂപതാസമിതി 7-ാം തീയതി ശനിയാഴ്ച പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ വേത്താനത്തച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു.

**4. കുടുംബദിനാചരണം – പാലാ**

പിതൃവേദിയുടെയും മാതൃവേദിയുടെയും സംയുക്താഭിമുഖ്യത്തിൽ കുടുംബദിനാചരണം മെയ് 18 വെള്ളിയാഴ്ച 9.30 മുതൽ 1 മണിവരെ പാലാ സെന്റ് തോമസ് കത്തീഡ്രൽ പാരീഷ് ഹാളിൽ വച്ച് നടത്തപ്പെടും. പാലാ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്യുന്നതും മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി പ്രൊഫ. ബാബു സെബാസ്റ്റ്യൻ മുഖ്യപ്രഭാഷണം നടത്തുന്നതുമാണ്. തൃക്കാക്കര ഭാരതമാതാ കോളേജ് പ്രൊഫ. കൊച്ചുറാണി ജോസഫ് 'കുടുംബം മൂല്യങ്ങളുടെ വിളനിലം' എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സെടുക്കും.

**5. യൂണിറ്റ് രൂപീകരണം– പ്രവിത്താനം, കവീക്കുന്ന്**

പ്രവിത്താനം, കവീക്കുന്ന് ഇടവകകളിൽ പിതൃവേദി യൂണിറ്റ് രൂപീകരണത്തിനൊരുക്കമായി ശ്രീ ജോസഫ് നരിക്കാട്ട്, ശ്രീ ജോസ് ജോൺ കീലത്ത് എന്നിവർ സന്ദർശനം നടത്തി നിർദ്ദേശങ്ങൾ നല്കി.

## C. മാതൃവേദി

**1. CBCI COUNCIL FOR WOMEN പാലാ**

ഏപ്രിൽ 6,7,8 തീയതികളിൽ പാലാ രൂപത പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് CBCI വനിതാഫോറത്തിന്റെ ദ്വിദിനസെമിനാർ നടത്തപ്പെട്ടു. ഇൻഡ്യയുടെ പല ഭാഗത്തുനിന്നായി 25 ൽ അധികം അംഗങ്ങൾ ഇതിൽ സംബന്ധിച്ചു.

**2. സീറോ മലബാർ ആനുവൽ സെലിബ്രേഷൻ – ഡൽഹി**

എപ്പാർക്കി ഓഫ് ഫരിദാബാദി (ഡൽഹി) ലെ സീറോ മലബാർ മാതൃവേദി ആനുവൽ സെലിബ്രേഷനിൽ മാതൃവേദി ദേശീയ വൈസ് പ്രസിഡന്റ് ശ്രീമതി സിജി ലൂക്ക്സൺ പടന്നമാക്കൽ പങ്കെടുത്തു.

**3. ആശാകിരൺ കാരുണ്യപദ്ധതി**

കടപ്ലാമറ്റം യൂണിറ്റ് – ചികിത്സാസഹായത്തിനായി 3000 രൂപ വിനിയോഗിച്ചു. കൂടാതെ വനിതാദിനത്തോടനുബന്ധിച്ച് പ്രായമായ മാതൃവേദി അമ്മമാരെ ആദരിക്കുകയും പാരിതോഷികങ്ങൾ നല്കുകയും ചെയ്തു.

കരൂർ യൂണിറ്റ് – വിശ്വാസപരിശീലനത്തോടനുബന്ധപ്പെട്ട് കുട്ടികൾക്ക് ഭക്ഷണം നല്കി.

**4. കൂപ്പൺ നറുക്കെടുപ്പ് – 2018 ഏപ്രിൽ 27**

മാതൃവേദി പ്രവർത്തനങ്ങളുടെ സുഗമമായ പ്രവർത്തനം ലക്ഷ്യം വച്ചുള്ള ഫണ്ടു സമാഹരണത്തിനായി പാലാ രൂപത മാതൃവേദി സംഘടിപ്പിക്കുന്ന കൂപ്പൺ നറുക്കെടുപ്പ് ഏപ്രിൽ 27–ാം തീയതി ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു.

**5. ക്ലാസ്സ് – ചൂണ്ടച്ചേരി**

ഏപ്രിൽ 15–ാം തീയതി ഞായറാഴ്ച ചൂണ്ടച്ചേരി യൂണിറ്റിൽ മാതാക്കൾക്കായി രൂപത ഡയറക്ടർ റവ. ഡോ. സെബാസ്റ്റ്യൻ വേത്താനത്ത് 'സഭയാ

കുന്ന അമ്മയുടെ നിഴലാകേണ്ട മാതൃത്വം' എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സ് നയിച്ചു.

## D. ഹോംമിഷൻ

**1. മഞ്ഞാമറ്റം**

മഞ്ഞാമറ്റം ഇടവകയിൽ ഹോംമിഷൻ മാർച്ച് 27-ാം തീയതി പൂർത്തിയായി.

**2. സ്പിരിച്ചൽ പവർ മീറ്റ് - പാലാ**

ഏപ്രിൽ 30 തിങ്കളാഴ്ച ചെത്തിമറ്റം ക്രിസ്തുജ്യോതി കൗൺസിലിങ് സെന്ററിൽ വച്ച് ഹോംമിഷന്റെ സിസ്റ്റേഴ്സിനായി സ്പിരിച്ചൽ പവർ മീറ്റ് നടത്തപ്പെട്ടു.

## E. പ്രോലൈഫ്

**1. ക്ലാസ്സുകൾ**

വിവിധ രൂപതകളിൽ പ്രോലൈഫ് രൂപതാ പ്രസിഡന്റ് യുഗേഷ് പുളിക്കൻ അബോർഷൻ, മദ്യപാനം, മയക്കുമരുന്ന്, ദയാവധം, ആത്മഹത്യ , ഭക്ഷണ ജീവിതശൈലി രോഗങ്ങൾ, ക്യാൻസർ, എയ്ഡ്സ്, സോഷ്യൽ മീഡിയയിലെ ഗുണദോഷങ്ങൾ തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് ക്ലാസ്സെടുത്തു.

**2. വല്യച്ചൻമല തീർത്ഥാടനം**

പാലാ രൂപത പ്രോലൈഫ് സമിതി അംഗങ്ങൾ ദുഃഖവെള്ളിയാഴ്ച വൈകിട്ട് 4 മണിക്ക് കുരിശിന്റെവഴി ചൊല്ലി അരുവിത്തുറ വല്യച്ചൻമലയിലേക്ക് തീർത്ഥാടനം നടത്തി. 25 ഓളം പ്രോലൈഫ് അംഗങ്ങൾ പങ്കെടുത്തു.

## F. സീറോ മലബാർ പാലാ മാട്രിമണി

**1. ഡേറ്റ സ്വീകരണം**

ജീവിതപങ്കാളിയെ കണ്ടെത്താൻ സഹായിക്കുന്ന സീറോ മലബാർ മാട്രിമണി ഇടവകകളിലെ ഭക്തസംഘടനകളുടെ സഹകരണത്തോടെ ഡേറ്റ സ്വീകരണം നടത്തിക്കൊണ്ടിരിക്കുന്നു.

**2. മാഗസിൻ**

സീറോ മലബാർ മാട്രിമണിയുടെ ഏപ്രിൽ മാസത്തെ മാഗസിൻ വിതരണം ചെയ്തുവരുന്നു.

## H. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്

മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ അവധികാല കോഴ്സുകൾ ആരംഭിച്ചിരിക്കുന്നു. കുടുംബ വിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽ പരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾ നിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിംഗ്, നീഡിൽ വർക്ക്, ബിഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിംഗ്, മെറ്റൽ എംബോസ്സിംഗ്, എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ, ക്രോച്ചറ്റ് വർക്കുകൾ, ടോയി മേക്കിംഗ്, പോട്ട് പെയിന്റിംഗ്, കോഫി പെയിന്റിംഗ്, ഓർണമെന്റ്സ് മേക്കിംഗ്, ക്രോഷ്യ വർക്ക് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. ഈ കോഴ്സിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ വിശദവിവരങ്ങൾക്ക് മഡോണ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെടുക. വിളിക്കേണ്ട നമ്പർ —— 9496571321

## I. മംഗല്യനിധി

**1. മംഗല്യനിധി സംഭാവന – 1,10,000 രൂപ**

പാലാ രൂപതാ ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതിയായ മംഗല്യനിധി വഴിയായി കഴിഞ്ഞമാസം **മുത്തോലപുരം (2) – 20000, ചിറ്റാർ – 10000, ചേർപ്പുങ്കൽ – 10000, വള്ളിച്ചിറ – 10000, നമ്പ്യാകുളം – 10000, ജോസ്ഗിരി – 10000, മലയിഞ്ചിപ്പാറ– 10000, ഭരണങ്ങാനം – 10000, മൂന്നിലവ് – 10000, നീലൂർ – 10000** എന്നീ ഇടവകകളിലെ നിർദ്ധനരായ കത്തോലിക്ക പെൺകുട്ടികൾക്ക് വിവാഹസഹായമായി **1,10,000** രൂപാ നൽകി.

**ഫാ. സെബാസ്റ്റ്യൻ വേത്താനത്ത് (ഡയറക്ടർ)**

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

### 1. ഫാർമേഴ്സ് ക്ലബ് അടിസ്ഥാന അവബോധനശില്പശാല

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി നബാർഡിന്റെ ആഭിമുഖ്യത്തിൽ 18 ഇടവകകളിലായി ആരംഭിച്ചിരിക്കുന്ന ഫാർമേഴ്സ് ക്ലബ് ഭാരവാഹികൾക്കായി ക്ലബിന്റെ 2018-19 വർഷത്തെ ആക്ഷൻ പ്ലാൻ രൂപീകരിക്കുക എന്ന ലക്ഷ്യത്തോടെ അടിസ്ഥാന അവബോധശില്പശാല പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽവച്ച് നടത്തി. ഡയറക്ടർ ഫാ. മാത്യു പുല്ലുകാലായുടെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനം ളാലം ബ്ലോക്ക് കൃഷി അസി. ഡയറക്ടർ ജോർജ് സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്തു. 2018-19 വർഷത്തെ മാർഗ്ഗരേഖ രൂപീകരണ സെമിനാറിന് കോഴി സീഡ് ഫാം അസി. ഡയറക്ടർ ജോ പൈനാപ്പിള്ളി ക്ലാസ് നയിച്ചു. തുടർന്ന് ഫാർമേഴ്സ് ക്ലബുകളുടെ കോ-ഓർഡിനേറ്റർ കമ്മറ്റികൂടി എല്ലാ ഫാർമേഴ്സ് ക്ലബുകളും മെയ് 15 നകം മാർഗ്ഗരേഖ രൂപീകരിക്കുവാൻ തീരുമാനിച്ചു. നബാർഡിൽനിന്ന് ഒരു വർഷമായ ക്ലബുകൾക്ക് 10000 രൂപാവീതവും രണ്ട് വർഷമായ ക്ലബുകൾക്ക് 22000 രൂപയുടെ ഗ്രാന്റുകളും പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി വഴി ലഭിച്ചു.

### 2. പഞ്ചഗവ്യ ചികിത്സാ ക്യാമ്പ് നടത്തി

നാടൻ പശുവിന്റെ പാൽ, നെയ്യ്, മോര് തുടങ്ങിയ പഞ്ചഗവ്യങ്ങൾ ഉപയോഗിച്ചുള്ള ചികിത്സാ ബോധവത്കരണ സെമിനാർ മുട്ടുചിറ റീജിയന്റെ ആഭിമുഖ്യത്തിൽ സീയോൻഭവനിൽവച്ച് നടത്തി. ശാരീരിക മാനസിക ലക്ഷണങ്ങളെ മാത്രം വീക്ഷിച്ച് പഞ്ചഭൂത സിദ്ധാന്തം ഉപയോഗിച്ച് രോഗനിർണ്ണയം എളുപ്പം നടത്താമെന്നതും ഈ ചികിത്സയുടെ പ്രത്യേകതയാണ്. ഗവ്യ സിദ്ധൻ നിരഞ്ചൻ വർമ്മ സെമിനാറിന് നേതൃത്വം നൽകി. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. മാത്യു പുല്ലുകാലായിൽ യോഗത്തിന് അദ്ധ്യക്ഷത വഹിച്ചു.

### 3. ഇ-ശക്തി മൊബൈൽ ആപ്ലിക്കേഷൻ പരിശീലനം

P.S.W. S.ന്റെ SHG കളും കർഷകദളങ്ങളും ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി കോർഡിനേറ്റർമാർക്ക് മൊബൈൽ ഉപയോഗിച്ച് ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങളും, വിവരങ്ങളും അപ്പ്ലോഡ് ചെയ്യുന്ന പരിശീലനം പാലാ

ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് സംഘടിപ്പിച്ചു. പദ്ധതി കോർഡിനേറ്റർ പി. വി. ജോർജ് ക്ലാസ് നയിച്ചു.

**4. ഡ്രീഫെസ്റ്റ് ഇൻസ്റ്റാൾമെന്റ് പദ്ധതി**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ ഡ്രീം ഫെസ്റ്റ് ഇൻസ്റ്റാൾമെന്റ് പദ്ധതി പ്രകാരം ഫ്രിഡ്ജ് വാഷിംഗ് മെഷീൻ, വാട്ടർ ടാങ്ക് എന്നിവ ഇൻസ്റ്റാൾമെന്റ് വ്യവസ്ഥയിൽ വിതരണം ചെയ്തുവരുന്നു.

**5. ഓണ സമൃദ്ധി പച്ചക്കറി തൈവിതരണം**

ഓണക്കാലത്ത് പച്ചക്കറികളുടെ സമൃദ്ധി നമ്മുടെ വീട്ടുമുറ്റത്ത് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ വിവിധ സ്ഥലങ്ങളിൽ വച്ച് പച്ചക്കറി തൈകളുടെ വിതരണം നടത്തുന്നു. വെണ്ട, ചീനി, പാവൽ, പയർ, തക്കാളി, വഴുതിന, മത്തൻ, പടവലം, കാന്താരി, കുക്കുമ്പർ, തുടങ്ങിയ ഇനങ്ങളിൽപെട്ട നാടൻ ഹൈബ്രീഡ് തൈകളാണ് വിതരണം ചെയ്യുക. താല്പര്യമുള്ളവർ സ്വാശ്രയസംഘം കർഷകദള ഫെഡറേഷൻ എന്നിവ വഴി ബുക്ക് ചെയ്യുക.

**6. നാടൻ പൊടി ഉല്പന്നങ്ങൾ – അഗ്രിമ കർഷക ഓപ്പൺമാർക്കറ്റിൽ**

മല്ലികശ്ശേരി കർഷകദളങ്ങൾ ഉല്പാദിപ്പിക്കുന്ന ശുദ്ധമായ കറിപ്പൊടി ഉല്പന്നങ്ങളായ മല്ലി, മുളക്, മഞ്ഞൾ എന്നിവയുടെ പൊടി ഉല്പന്നങ്ങൾ, കറി മസാല, സാമ്പാർപൊടി, വിവിധയിനം നാടൻ അച്ചാറുകൾ എന്നിവ പാലാ അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റ് വഴി വിതരണം ചെയ്യുന്നു. തിങ്കൾ, വ്യാഴം ദിവസങ്ങളിൽ ലഭ്യമാണ്.

**7. കുടുംബോദ്ധാരണ പദ്ധതി**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി സേവ് എ ഫാമിലി പ്ലാനിന്റെ സഹായത്തോടെ നടത്തുന്ന കുടുംബോദ്ധാരണ പദ്ധതിയിലേയ്ക്ക് പുതിയ 90 കുടുംബങ്ങളെക്കൂടി ഉൾപ്പെടുത്തുന്നു. പദ്ധതിയിൽ തെരഞ്ഞെടുക്കുന്ന കുടുംബത്തിന് 6 വർഷക്കാലം ജീവിതനിലവാരം ഉയർത്തുന്ന ആവശ്യങ്ങൾക്ക് തുടർച്ചയായ ധനസഹായം ലഭിക്കുന്നതാണ്.

**8. ധനസഹായം നൽകി**

കുടുംബോദ്ധാരണ പദ്ധതിവഴി കഴിഞ്ഞ മാസം 10 കുടുംബങ്ങൾക്ക് 148453 രൂപാ വിതരണം ചെയ്തു.

**9. സ്വാശ്രയ സംഘം വാർഷികങ്ങൾ**

അമ്പാറനിരപ്പേൽ, കരൂർ, തീക്കോയി, മോനിപ്പള്ളി, അടിവാരം എന്നീ സ്വാശ്രയസംഘങ്ങളുടെ വാർഷികങ്ങൾ നടത്തി.

**10. തേനീച്ച വളർത്തൽ പരിശീലനം നടത്തി**

മാവടി ഫാർമേഴ്സ് ക്ലബിന്റെ ആഭിമുഖ്യത്തിൽ കോഴ അഗ്രികൾച്ചർ റിസർച്ച് സെന്ററിന്റെ സഹകരണത്തോടെ ദ്വിദിന തേനീച്ച വളർത്തൽ പരിശീലനം സംഘടിപ്പിച്ചു.

**11. തെങ്ങിൻതൈ വിതരണം നടത്തി**

അത്യുല്പാദന ശേഷിയുള്ള തെങ്ങിൻതൈകളുടെ വിതരണം പി.എസ്. ഡബ്ല്യു.എസ്. ന്റെ ആഭിമുഖ്യത്തിൽ അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിൽ വച്ച് നടത്തി.

# എസ്.എം.വൈ.എം.

**1. രജതജൂബിലി നിറവിൽ SMYM പാലാ രൂപത YATP**

SMYM പാലാ രൂപതയുടെ നേതൃത്വത്തിൽ നടന്ന YATPയുടെ രജത ജൂബിലി ആഘോഷങ്ങൾ 'സ്മൃതിലയം 2018' എന്ന പേരിൽ ഏപ്രിൽ മൂന്നാം തീയതി വൈകുന്നേരം 4.30 ന് പാലാ അൽഫോൻസാ കോളേജിൽ വച്ച് പാലാ രൂപതാ മെത്രാൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്തു. 1993 മുതൽ 2017 വരെയുള്ള YATP അംഗങ്ങൾ പങ്കെടുത്ത യോഗത്തിൽ രൂപതാ പ്രസിഡന്റ് ശ്രീ. ആൽവിൻ ഞായർകുളം അധ്യക്ഷത വഹിച്ചു. ജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് പുറത്തിറക്കുന്ന സ്മരണികയുടെ പ്രകാശനം പാലാ രൂപതാ വികാരി ജനറാൾ മോൺ. ജോസഫ് കുഴിഞ്ഞാലിൽ നിർവഹിച്ചു.

YATPയ്ക്ക് തുടക്കം കുറിച്ച മുൻ രൂപതാ ഡയറക്ടർ റവ. ഫാ. ജോസ് നെല്ലിക്കത്തെരുവിൽ മുഖ്യപ്രഭാഷണം നടത്തി. രൂപതാ ഡയറക്ടർ റവ.ഫാ. കുര്യാക്കോസ് കാപ്പിലിപ്പറമ്പിൽ സ്വാഗതം ആശംസിച്ച സമ്മേളനത്തിൽ രൂപതാ ജനറൽ സെക്രട്ടറി ശ്രീ. ബിബിൻ ചാമക്കാലയിൽ YATP യുടെ ഇരുപത്തിയഞ്ചു വർഷത്തെ റിപ്പോർട്ട് അവതരിപ്പിച്ചു. രൂപതാ അസി. ഡയറക്ടർ റവ.ഫാ. സിറിൽ തയ്യിൽ, പ്രോഗ്രാം ജനറൽ കൺവീനർ ശ്രീ. സാജു അലക്സ് തെങ്ങുംപള്ളിക്കുന്നേൽ എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. ജൂബിലി ആഘോഷങ്ങൾക്ക് രൂപതാ ഭാരവാഹികൾ നേതൃത്വം നൽകി.

**2. രൂപത കൗൺസിൽ**

ഏപ്രിൽ പതിന്നാലാം തീയതി രാവിലെ 10.30 നു ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ചു രൂപത കൗൺസിൽ യോഗം കൂടുകയും ജമ്മു കാഷ്മീരിൽ ക്രൂരമായി പീഡിപ്പിക്കപ്പെട്ടു മരണമടഞ്ഞ പെൺകുട്ടിയുടെ ദാരുണാന്ത്യത്തിൽ മെഴുകുതിരി കത്തിച്ചു പ്രാർത്ഥിക്കുകയും അനുശോചനം രേഖപ്പെടുത്തുകയും ചെയ്തു. രൂപത പ്രസിഡന്റ് ശ്രീ. ആൽവിൻ ഞായർകുളം അധ്യക്ഷത വഹിച്ചയോഗം രൂപത ഡയറക്ടർ റവ.ഫാ. കുര്യാക്കോസ് കാപ്പിലിപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. രൂപതാ ജനറൽ സെക്രട്ടറി ശ്രീ. ബിബിൻ ചാമക്കാലായിൽ സ്വാഗതവും അസി. ഡയറക്ടർ ഫാ. സിറിൽ തയ്യിൽ മുഖ്യപ്രഭാഷണവും നടത്തി. ബ്ര. ജോമിൻ മുകളേൽ ആശംസകൾ അർപ്പിച്ചു. ഏപ്രിൽ-മെയ് മാസങ്ങളിലെ പ്രവർത്തനങ്ങളെക്കുറിച്ച് യോഗം ചർച്ച ചെയ്തു തീരുമാനങ്ങൾ എടുത്തു.

**3. ILLUMINISCIENCE 2K18 വനിതാസംഗമം**

SMYM കുറവിലങ്ങാട് യൂണിറ്റിന്റെ നേതൃത്വത്തിൽ ഏപ്രിൽ പതിമൂന്നാം

തീയതി രാവിലെ 10.30 നു വനിതാ സംഗമവും 'മാതൃവാത്സല്യം' എന്ന പേരിൽ പോസ്റ്റർ പ്രദർശനവും നടത്തപ്പെട്ടു. യൂണിറ്റ് പ്രസിഡന്റ് ശ്രീ. ബോണി കെ. ജോൺ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഫൊറോനാ വികാരി ആർച്ച് പ്രീസ്റ്റ് വെരി റവ.ഫാ. ജോസഫ് തടത്തിൽ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. യൂണിറ്റ് ഡയറക്ടർ റവ.ഫാ. ജോർജ് നെല്ലിക്കൽ ആമുഖ പ്രഭാഷണം നടത്തി. മികച്ച വനിതയായി തിരഞ്ഞെടുക്കപ്പെട്ട ശ്രീമതി ജോളി യുഗേഷിനെ ചടങ്ങിൽ ആദരിക്കുകയുണ്ടായി. രൂപതാ വൈസ് പ്രസിഡന്റ് ശീതൾ വെട്ടത്ത് പരിപാടികളിൽ സന്നിഹിതയായിരുന്നു.

**4. LANTERN കുറവിലങ്ങാട് മേഖലാ നിശാ ക്യാമ്പ്**

SMYM കുറവിലങ്ങാട് യൂണിറ്റിന്റെ ആതിഥേയത്വത്തിൽ ഏപ്രിൽ 14-ാം തീയതി ശനിയാഴ്ച കുറവിലങ്ങാട് മേഖലാ നിശാ ക്യാമ്പ് നടത്തുകയുണ്ടായി. ഫൊറോനാ വികാരി ആർച്ച് പ്രീസ്റ്റ് വെരി. റവ. ഫാ. ജോസഫ് തടത്തിൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ക്യാമ്പിനു മുന്നോടിയായി നടന്ന ചടങ്ങിനു മേഖലാ പ്രസിഡന്റ് സോണി ജോണി അധ്യക്ഷത വഹിച്ചു. ഫൊറോന ഡയറക്ടർ റവ. ഫാ. ജോർജ് നെല്ലിക്കൽ ആമുഖപ്രഭാഷണം നടത്തി. രൂപത ഡയറക്ടർ റവ. ഫാ. കുര്യാക്കോസ് കാപ്പിലിപ്പറമ്പിൽ ആശംസകൾ നേർന്നു സംസാരിച്ചു. ചടങ്ങിൽ രൂപതാ ജനറൽ സെക്രട്ടറി ശ്രീ. ബിബിൻ ചാമക്കാലായിൽ, യൂണിറ്റ് ജോയിന്റ് ഡയറക്ടർ സി. നോയൽ സി.എം.സി. എന്നിവർ സന്നിഹിതരായിരുന്നു. ശ്രീ. സിജു ആലഞ്ചേരി ക്യാമ്പിനു നേതൃത്വം നൽകി. ക്യാമ്പിനോടനുബന്ധിച്ച് സീനിയേഴ്സ് മീറ്റ് നടത്തുകയുണ്ടായി.

**5. മേഖലാ പ്രവർത്തനവർഷം ഉദ്ഘാടനം**

കോതനല്ലൂർ മേഖല : SMYM കോതനല്ലൂർ മേഖലാ പ്രവർത്തനവർഷം ഏപ്രിൽ പതിന്നാലാം തീയതി ശനിയാഴ്ച രൂപതാ അസി. ഡയറക്ടർ ഫാ. സിറിൽ തയ്യിൽ ഉദ്ഘാടനം ചെയ്തു. മേഖലാ പ്രസിഡന്റ് ശ്രീ. ജോർജ് പാറത്തുണ്ടം അധ്യക്ഷത വഹിച്ച ചടങ്ങിൽ മേഖലാ ഡയറക്ടർ റവ.ഫാ. ജിസിൽ കോലത്ത് ആമുഖപ്രഭാഷണം നടത്തി. ചടങ്ങിനു ബ്ര. ജിബിൻ മണിയാവിൽ എം.എസ്.ടി. ആശംസകൾ അർപ്പിച്ചു സംസാരിച്ചു.

അരുവിത്തുറ മേഖല : SMYM അരുവിത്തുറ മേഖലാ പ്രവർത്തനവർഷം ഉദ്ഘാടനം ഏപ്രിൽ പതിനഞ്ചാം തീയതി വാരിയാനിക്കാട് യൂണിറ്റിൽ വച്ച് രൂപതാ ഡയറക്ടർ റവ.ഫാ. കുര്യാക്കോസ് കാപ്പിലിപറമ്പിൽ നിർവഹിച്ചു. യൂണിറ്റ് ഡയറക്ടർ റവ.ഫാ. ജോസഫ് അറയ്ക്കൽ മുഖ്യപ്രഭാഷണം നടത്തി. ഫൊറോന ഡയറക്ടർ ഫാ. ജോസഫ് അമ്പാട്ടുപടവിൽ, രൂപതാ പ്രസിഡന്റ് ശ്രീ. ആൽവിൻ ഞായർകുളം, മേഖലാ പ്രസിഡന്റ് ശ്രീ. അഖിൽ എന്നിവർ സന്നിഹിതരായിരുന്നു.

**6. യൂണിറ്റ് പ്രവർത്തനവർഷം ഉദ്ഘാടനം**

അമ്പാറനിരപ്പേൽ യൂണിറ്റ് : SMYM അമ്പാറനിരപ്പേൽ യൂണിറ്റ് പ്രവർത്തനവർഷ ഉദ്ഘാടനം ഏപ്രിൽ അഞ്ചാം തീയതി രൂപതാ അസി. ഡയറക്ടർ ഫാ. സിറിൽ തയ്യിൽ നിർവഹിച്ചു. യൂണിറ്റ് ഡയറക്ടർ റവ.ഫാ. ജെയിംസ് കൊച്ചയ്യങ്കനാൽ ആമുഖപ്രഭാഷണം നടത്തി. ചടങ്ങിൽ വച്ച് പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്തു.

### 7. യൂണിറ്റ് രൂപീകരണവും കരിയർ ഗൈഡൻസ് സെമിനാറും

തോടനാൽ യൂണിറ്റ് : SMYM തോടനാൽ യൂണിറ്റ് രൂപീകരണത്തിന്റെയും കരിയർ ഗൈഡൻസ് സെമിനാറിന്റെയും ഉദ്ഘാടനം ഏപ്രിൽ പതിനഞ്ചാം തീയതി രൂപതാ ഡയറക്ടർ റവ.ഫാ. കുര്യാക്കോസ് കാപ്പിലിപറമ്പിൽ നിർവ ഹിച്ചു. യൂണിറ്റ് ഡയറക്ടർ റവ.ഫാ. മാത്യു പീടികയിൽ അധ്യക്ഷത വഹിച്ചു. പാലാ സെന്റ് തോമസ് കോളേജ് പ്രൊഫസർ ഡോ. ബാബു സെമിനാറിന് നേതൃത്വം നൽകി.

### 8. യുവജന സെമിനാർ

കാക്കൂർ SMYM യൂണിറ്റിന്റെ നേതൃത്വത്തിൽ ഏപ്രിൽ പതിന്നാലാം തീയതി യുവജന സെമിനാർ നടത്തപ്പെട്ടു. യൂണിറ്റ് ഡയറക്ടർ റവ.ഫാ. തോമസ് മഠത്തിപറമ്പിൽ അധ്യക്ഷത വഹിച്ച സമ്മേളനം രൂപതാ ഡയറക്ടർ റവ.ഫാ. കുര്യാക്കോസ് കാപ്പിലിപറമ്പിൽ ഉദ്ഘാടനം ചെയ്തു. ശ്രീ. ലിജോ മുക്കത്ത്, ശ്രീ. ഷൈജു പാവുത്തിയേൽ, ശ്രീ. സുരേഷ് എന്നിവർ സെമിനാറിന് നേതൃത്വം നൽകി.

### 9. സൗഹൃദം നേതൃത്വ പരിശീലനക്യാമ്പ് 2018

യൂണിറ്റ് തല ഭാരവാഹികൾക്കായുള്ള ഈ വർഷത്തെ ആദ്യ 'സൗഹൃദം നേതൃത്വ പരിശീലനക്യാമ്പ്' ഏപ്രിൽ 20,21,22 തീയതികളിൽ പാലാ അൽഫോൻസാ കോളേജിൽ വച്ച് നടത്തുകയുണ്ടായി. പാലാ രൂപതാ വികാരി ജനറാൾ വെരി റവ.ഫാ. ജോസഫ് കുഴിഞ്ഞാലിൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് ശ്രീ. ആൽവിൻ ഞായർകുളം അധ്യക്ഷത വഹിച്ച ചടങ്ങിൽ രൂപതാ അസി. ഡയറക്ടർ ഫാ. സിറിൽ തയ്യിൽ ആമുഖപ്രഭാഷണം നടത്തി. കുറവിലങ്ങാട്, മുട്ടുചിറ, ഇലഞ്ഞി, കടുത്തുരുത്തി, കോതനല്ലൂർ എന്നീ മേഖ ലകളിൽനിന്നുള്ള യൂണിറ്റ് ഭാരവാഹികൾക്കായിട്ടാണ് ആദ്യ ക്യാമ്പ് നടത്തപ്പെ ട്ടത്.

**രണ്ടാം സൗഹൃദക്യാമ്പ്** : ഏപ്രിൽ 27,28,29 തീയതികളിൽ നടന്നു. വികാരി ജനറാൾ വെരി റവ.ഫാ. ജോസഫ് മലേപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ റവ.ഫാ. കുര്യാക്കോസ് കാപ്പിലിപറമ്പിൽ ആമുഖപ്രഭാഷണം നടത്തി. മൂലമറ്റം, തുടങ്ങനാട്, രാമപുരം, പ്രവിത്താനം, കടനാട്, ചേർപ്പുങ്കൽ ഫൊറോനാകളിലെ യൂണിറ്റു ഭാരവാഹികൾക്കുവേണ്ടിയാണ് ഇതു നടത്തപ്പെ ട്ടത്.

### 10. സ്വീകരണം നൽകി

SMYM പാലാ രൂപതയുടെ റീജന്റ് ബ്രദറായി നിയമിതനായ ജോമിൻ മുകളേലിനു ഏപ്രിൽ 12 നു സ്വീകരണം നൽകി.

**മെയ് മാസം നടത്തപ്പെടുവാൻ പോകുന്ന പ്രോഗ്രാമുകൾ**

1. മൂന്നാം ഘട്ടം സൗഹൃദം നേതൃത്വ പരിശീലനക്യാമ്പ് മെയ് 4,5,6 തീയതിക ളിൽ ഭരണങ്ങാനം, പാലാ, അരുവിത്തുറ, തീക്കോയി, പൂഞ്ഞാർ, കൂട്ടിക്കൽ

എന്നീ മേഖലകൾക്കായി പാലാ അൽഫോൻസാ കോളജിൽ വെച്ച് നടത്തപ്പെടുന്നു. ഏപ്രിൽ 20-22, 27-29 തീയതികളിൽ നടന്ന ക്യാമ്പുകളിൽ പങ്കെടുക്കാൻ സാധിക്കാത്തവരും ഈ ക്യാമ്പിൽ പങ്കെടുക്കുക.

2. YATP ഇരുപത്തിയാറാം ബാച്ച് ക്യാമ്പ് മെയ് 11,12,13 തീയതികളിൽ പാലാ അൽഫോൻസാ കോളേജിൽ തുടങ്ങുന്നു. പങ്കെടുക്കാൻ യുവാക്കളെ പ്രേരിപ്പിക്കുമല്ലോ.
3. 10,12 ക്ലാസുകളിൽ പരീക്ഷ എഴുതിയിട്ടുള്ള വിദ്യാർത്ഥികൾക്കായി മെയ് 19-ാം തീയതി ശനിയാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 12.45 വരെ ചുണ്ടച്ചേരി സെന്റ് ജോസഫ് എഞ്ചിനീയറിംഗ് കോളേജിൽ വച്ച് കരിയർ ഗൈഡൻസ് സെമിനാർ നടത്തപ്പെടുന്നു. രാവിലെ 9.30 നു ഭരണങ്ങാനം അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽനിന്നും വാഹനസൗകര്യം ക്രമീകരിച്ചിട്ടുണ്ട്. പങ്കെടുക്കുന്നവരുടെ എണ്ണം നേരത്തെ അറിയിച്ചാൽ നന്നായിരുന്നു.
4. മെയ് 26-ാം തീയതി പാലായിൽ നടക്കുന്ന ദീപിക കർഷക റാലിയിൽ SMYM ന്റെ പിന്തുണ അറിയിച്ചിട്ടുണ്ട്. സാധിക്കുന്നവർ പങ്കെടുക്കുക. SMYM ന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ബൈക്ക് റാലിയിലും കഴിവതും പങ്കാളിത്തം ഉറപ്പാക്കുക.

**ഫാ. കുര്യാക്കോസ് കാപ്പിലിപ്പറമ്പിൽ (ഡയറക്ടർ)**
**ഫാ. സിറിൽ തയ്യിൽ (അസി.ഡയറക്ടർ)**

# കെ.സി.എസ്.എൽ.

**1. എക്സിക്യൂട്ടീവ് മീറ്റിംഗ്**

ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഏപ്രിൽ 6 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 3.00 മണിക്ക് കെ.സി.എസ്.എൽ ഡയറക്ടർ ഫാ. കുര്യൻ തടത്തിലിന്റെ അദ്ധ്യക്ഷതയിൽ എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. ഏപ്രിൽ 14 മുതൽ 20 വരെ തീയതികളിൽ നടക്കാനിരുന്ന സ്കൂൾ കുട്ടികൾക്കായുള്ള അവധിക്കാലക്യാമ്പിനെപ്പറ്റി ചർച്ചചെയ്യുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്തു. മീറ്റിംഗിൽ എക്സിക്യൂട്ടീവംഗങ്ങൾ മിക്കവരും പങ്കെടുത്തു.

**2. സ്വാഗതം ചെയ്തു**

ഏപ്രിൽ 12 വ്യാഴാഴ്ച കെ. സി. എസ്. എൽ ഓഫീസിൽ പുതിയതായി ചാർജെടുത്ത റീജന്റ് ബ്രദർ റോണി നടുവിലേക്കുറ്റിന് ഡയറക്ടർ ഫാ. കുര്യൻ തടത്തിൽ പൂച്ചെണ്ട് നൽകി ഹാർദ്ദമായി സ്വാഗതം ചെയ്തു.

**3. സ്റ്റുഡന്റ്സ് എക്സിക്യൂട്ടീവ്**

ഏപ്രിൽ 13 വെള്ളിയാഴ്ച രാവിലെ 10 മണിക്ക് ബഹുമാനപ്പെട്ട ബ്രദേഴ്സും സ്റ്റുഡന്റ്സ് എക്സിക്യൂട്ടീവംഗങ്ങളും ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ ക്യാമ്പിൽ നടത്തേണ്ട കാര്യപരിപാടികളെപ്പറ്റി ചർച്ച നടത്തി.

**4. നേതൃത്വപരിശീലന – വ്യക്തിത്വവികസനക്യാമ്പ്**

ഹൈസ്ക്കൂൾ – ഹയർ സെക്കൻഡറി വിദ്യാർത്ഥികൾക്കായി ഏപ്രിൽ 14 മുതൽ 16 തീയതികളിലും, യു. പി. വിഭാഗം വിദ്യാർത്ഥികൾക്കായി ഏപ്രിൽ 18 മുതൽ 20 വരെ തീയതികളിലുമായി പാലാ ചെത്തിമറ്റം ക്രിസ്തുജ്യോതി റിട്രീറ്റ് സെന്ററിൽ വച്ച് 'വൈബ്രന്റ് റ്റു കെ എയ്റ്റീൻ – ബി സ്മാർട്ട്' എന്ന പേരിൽ നേതൃത്വപരിശീലന – വ്യക്തിത്വവികസനക്യാമ്പ് നടത്തി. ഹയർ സെക്കൻഡറി – ഹൈസ്കൂൾ വിഭാഗം ക്യാമ്പ് പാലാ രൂപത സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ ഉദ്ഘാടനം ചെയ്തു. യു. പി വിഭാഗത്തിന്റെ ക്യാമ്പ് പാലാ രൂപത മുൻ മെത്രാൻ മാർ ജോസഫ് പള്ളിക്കാപറമ്പിൽ ഉദ്ഘാടനം ചെയ്തു. പ്രമുഖരായ വ്യക്തികൾ ക്യാമ്പിന് നേതൃത്വം നൽകി. ഹയർ സെക്കൻഡറി – ഹൈസ്കൂൾ വിഭാഗത്തിൽ 80 കുട്ടികളും യു. പി വിഭാഗത്തിൽ 62 കുട്ടികളും ക്യാമ്പിൽ പങ്കെടുത്തു. എക്സിക്യൂട്ടീവംഗങ്ങളും ക്യാമ്പിന് നേതൃത്വം നൽകി.

**5. യാത്രയയപ്പ് നൽകി**

ആറ് മാസക്കാലം കെ. സി. എസ്. എൽ – നുവേണ്ടി നിസ്വാർത്ഥസേവനം കാഴ്ചവച്ച ബ്രദർ ജോണറ്റ് പുറക്കാട്ടുപുത്തൻപുരയ്ക്ക് ഡയറക്ടറച്ചന്റെ സാനിധ്യത്തിൽ കെ. സി. എസ്. എൽ എക്സിക്യൂട്ടീവംഗങ്ങളും ക്യാമ്പ് അംഗങ്ങളും ചേർന്ന് സ്നേഹപൂർവ്വം യാത്രയയപ്പ് നൽകി. ഡയറക്ടറച്ചൻ മെമെന്റോ നൽകി ബ്രദറിനെ അനുമോദിച്ചു.

**6. എക്സിക്യൂട്ടീവ് മീറ്റിംഗ്**

ഏപ്രിൽ 22 ഞായറാഴ്ച ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഉച്ചകഴിഞ്ഞ് 2 മണിക്ക് ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. 23 മുതൽ 26 വരെ എറണാകുളം വരാപ്പുഴയിൽവച്ചു നടത്തപ്പെടുന്ന സ്റ്റേറ്റ് ക്യാമ്പിൽ പാലാ രൂപതയിൽനിന്നു കുട്ടികളെ പങ്കെടുപ്പിക്കുന്നതു സംബന്ധിച്ച് തീരുമാനങ്ങൾ എടുക്കുകയും ചർച്ച ചെയ്യുകയും ചെയ്തു. എക്സിക്യൂട്ടീവംഗങ്ങൾ മിക്കവരും മീറ്റിംഗിൽ പങ്കെടുത്തു.

**7. സ്റ്റേറ്റ് ക്യാമ്പ് – റൈസ് 2സ18**

ഏപ്രിൽ 23 മുതൽ 26 വരെ എറണാകുളം വരാപ്പുഴയിൽ വച്ചുനടന്ന സ്റ്റേറ്റ് ക്യാമ്പിൽ പാലാ രൂപതയിൽ നിന്ന് 30 കുട്ടികളെ പങ്കെടുപ്പിച്ചു. കൂടാതെ ഡയറക്ടറച്ചനും എക്സിക്യൂട്ടീവംഗങ്ങളും വിവിധ ദിവസങ്ങളിലായി ക്യാമ്പിൽ പങ്കെടുത്തു.

**8. ഷോർട്ട് ഫിലിം മത്സരം**

പാലാ രൂപത കെ.സി.എസ്.എൽ. ന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ഷോർട്ട് ഫിലിം മത്സരത്തിലേക്ക് എൻട്രികൾ ക്ഷണിക്കുന്നു. വിഷയം: സോഷ്യൽ മീഡിയ അഡിക്ഷൻ ഓഫ് ടീനേജേഴ്സ് (Social Media addiction of Teenagers).

മത്സരത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ എൻട്രികൾ സി.ഡി.യിലാക്കി മേയ് 15 നു മുമ്പായി പാലാ രൂപത കെ.സി.എസ്.എൽ. ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. വിലാസം: ഫാ. കുര്യൻ തടത്തിൽ, ഡയറക്ടർ, കെ.സി.എസ്. എൽ. ഓഫീസ്, ഷാലോം പാസ്റ്ററൽ സെന്റർ, പാലാ – 686575. ഫോൺ. 9447294545, 8281730715.

**9. കെ. സി. എസ്. എൽ ഫാമിലി ക്ലബ്**

കെ.സി.എസ്.എൽ. മുൻകാല ഡയറക്ടർമാരുടെയും എക്സിക്യൂട്ടീവ് അംഗങ്ങളുടെയും സമ്മേളനം ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് മെയ് 12-ാം തീയതി ഉച്ചകഴിഞ്ഞ് 2.30 ന് നടത്തപ്പെടും.

**ഫാ. കുര്യൻ തടത്തിൽ (ഡയറക്ടർ)**

# ജീസസ് യൂത്ത്

**1. രാത്രി ആരാധന**

ജീസസ് യൂത്തിന്റെ ശക്തിസ്രോതസ്സായ ജാഗരണപ്രാർത്ഥന ഏപ്രിൽ 6ന് പാലായിലെ എസ്.എച്ച്. സാന്തോം കോൺവെന്റിൽ നടന്നു. ഫാ. കുര്യൻമറ്റം വചനസന്ദേശം നല്കി. ഫാ. സിറിൽ തയ്യിൽ, റോയി ജോസഫ്, ബിനീഷ് എന്നിവർ നയിച്ചു. 7-ാം തീയതി രാവിലെ 6 ന് വി. കുർബാനയോടുകൂടി ശുശ്രൂഷകൾ സമാപിച്ചു.

**2. ദൈവാനുഭവക്യാമ്പ് – കാഞ്ഞിരമറ്റം**

ഇടവകയിലെ സൺഡേസ്കൂൾ കാഞ്ഞിരമറ്റം വിദ്യാർത്ഥികൾക്കായി രണ്ടു ബാച്ചുകളിലായി ഏപ്രിൽ 9,10,11 തീയതികളിലായി ദൈവാനുഭവക്യാമ്പ് നടന്നു. ഫാ. കുര്യൻമറ്റം, ഫാ. ജോൺ മറ്റമുണ്ട, ലൂസി ജോസഫ്, അനിതാ ജോജി, സുനു സാജ്, റോബിൻ മാത്യു, ജോയ്സി മരിയ, നിഷാ മരിയ, സച്ചിൻ മാത്യൂസ് എന്നിവർ ശുശ്രൂഷകൾ നയിച്ചു. ഫാ. അബ്രാഹം ഏരിമറ്റം, ഫാ. ജോസഫ് അമ്പാട്ട് എന്നിവർ പ്രോഗ്രാമിന് സമർത്ഥമായ നേതൃത്വം നല്കി.

**3. ജീവിതദർശന പ്രോഗ്രാം- പിഴക്**

പിഴക് ഇടവകയിലെ സൺഡേസ്കൂൾ വിദ്യാർത്ഥികൾക്കായി ഏപ്രിൽ 9,10 തീയതികളിൽ ഒരു ജീവിത ദർശനക്യാമ്പ് നടത്തി രണ്ടു ബാച്ചുകളിലായി. ഫാ. സിറിൽ തയ്യിൽ, ആശിസ്സ്, സണ്ണി വാഴയിൽ, അനിതാ ജോജി, സുനു സാജ്, ലൂസി ജോസഫ് എന്നിവർ ശുശ്രൂഷകൾ നയിച്ചു. വികാരി ഫാ. കുരുവിള തുടിയൻപ്ലാക്കൽ നേതൃത്വം നൽകി.

**4. നേതൃത്വനിരയിലേയ്ക്ക് – ചൂണ്ടച്ചേരി എഞ്ചി. കോളേജ്**

അടുത്ത അദ്ധ്യയന വർഷത്തിൽ ചൂണ്ടച്ചേരി എഞ്ചിനിയറിംഗ് കോളജിൽ നേതൃത്വം കൊടുക്കേണ്ട ജീസസ് യൂത്ത് കോളേജ് കൗൺസലിലേയ്ക്കുള്ള തിരഞ്ഞെടുപ്പും അഭിഷേക പ്രാർത്ഥനയും ഏപ്രിൽ 10 ന് നടന്നു. ടോണി കെ.ആർ. (കോർഡിനേറ്റർ), റ്റെസി തോമസ് (അസി. കോർഡിനേറ്റർ) ജോയൽ ബാബു, എൽവിൻ അഗസ്റ്റിൻ, അമൽ ജോഹാൻ, റെല്ലാ രാജു, അനിഷാ എൽസാ, ജിസ്നാ ജയൻ, സിറിൽ ചെറിയാൻ, ഡയസ് ജോൺ, അഡോൺ കുര്യൻ, അൽക്കാ അഗസ്റ്റിൻ അജീന എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. ഫാ.

കുര്യൻമറ്റം സന്ദേശം നല്കുകയും അഭിഷേകപ്രാർത്ഥനകൾ നടത്തുകയും ചെയ്തു.

**5. രണ്ടാം ശനിയാഴ്ച കൂട്ടായ്മ**

ജീസസ് യൂത്തിന്റെ രണ്ടാം ശനിയാഴ്ച കൂട്ടായ്മ ഏപ്രിൽ 14 ന് പാലാ സെന്റ് തോമസ് ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ നടന്നു. ഫാ. സിറിൽ തയ്യിൽ ക്ലാസ് നയിച്ചു. പ്രണോയി ടോമി, നിഷാ മരിയ എന്നിവർ ശുശ്രൂഷ കൾക്കു നേതൃത്വം നൽകി.

**6. ഫിൽട്ടർ ട്രെയിനിംഗ് പ്രോഗ്രാം**

ജീസസ് യൂത്തിന്റെ നേതൃത്വ സുവിശേഷവൽക്കരണക്യാമ്പ് ഏപ്രിൽ 25,26,27,28,29 തീയതികളിൽ വാഗമൺ നെബോധ്യാനമന്ദിരം, ഭരണങ്ങാനം അൽഫോൻസാ സ്പിരിചാലിറ്റി സെന്റർ എന്നിവിടങ്ങളിൽ നടന്നു. ഫാ. സെബാസ്റ്റ്യൻ കപ്പൂച്ചിൻ, ഫാ. പ്രിൻസ് കപ്പൂച്ചിൻ, ഫാ. ജോസ് വേളാച്ചേരി, ഫാ. തോമസ് വാഴചാരിക്കൽ, ഇടുക്കി തങ്കച്ചൻ, റെജി കുന്നേൽ, ഫാ. കുര്യൻ മറ്റം, ഫാ. സിറിൽ തയ്യിൽ എന്നിവർ ശുശ്രൂഷകൾ നയിച്ചു.

**7. സാച്ചർദോസ്– ഭവനസന്ദർശനം**

ഫാ. സിറിൽ തയ്യിലിന്റെ നേതൃത്വത്തിൽ പൗരോഹിത്യത്തിലേക്ക് ആഭി മുഖ്യമുള്ള വിദ്യാർത്ഥികളുടെ വീടുകളിൽ സന്ദർശനം നടത്തുകയും പൗരോ ഹിത്യവിളി നഷ്ടപ്പെടാതെ കാത്തുസൂക്ഷിക്കാൻ ചെയ്യേണ്ട കാര്യങ്ങൾ മാത പിതാക്കളുമായി പങ്കുവയ്ക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. ഏപ്രിൽ 23,24 തീയതികളിൽ നടന്ന ഭവനസന്ദർശനത്തിൽ എയ്ഞ്ചൽസ് ആർമി സംഘ ത്തിലെ ജോസുകുട്ടി പെരിങ്ങുളം, കുഞ്ഞുമോൻ, സജി എന്നിവർ പങ്കെടു ത്തു.

**8. ഫിലിപ്പ് കോഴ്സ് – ചേർപ്പുങ്കൽ**

ജീസസ് യൂത്തിന്റെ തുടർപരിശീലനപദ്ധതിയുടെ ഭാഗമായി നടക്കുന്ന ഫിലിപ്പ് കോഴ്സിന്റെ അഞ്ചാം പ്രോഗ്രാം ചേർപ്പുങ്കലുള്ള ഗുഡ്സമരിറ്റൻ സെന്ററിൽ ഏപ്രിൽ 20,21,22 തീയതികളിൽ നടന്നു. ലിയോ ടോം കോഴി ക്കോട്, ജോബി റ്റി.എ. കോഴിക്കോട്, സണ്ണി ചങ്ങനാശ്ശേരി, റെജി കുന്നേൽ ക്ലാസുകൾ നയിച്ചു. സേവ്യർ, ജോണി, വിലാസ്, മേഘ എന്നിവർ നേതൃത്വം നല്കി. ഫാ. കുര്യൻമറ്റം, ഫാ. ജോൺസൺ പരിയപ്പനാൽ എന്നിവർ വി. കുർബാന അർപ്പിച്ചു സന്ദേശം നൽകി.

**9. പാരിഷ് മിനിസ്ട്രി – കുറവിലങ്ങാട്**

ജീസസ് യൂത്ത് പാരിഷ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിലുള്ള പരിശീല നപ്രോഗ്രാം കുറവിലങ്ങാട് ഗേൾസ് സ്കൂളിൽ ഏപ്രിൽ 25,26,27, 28 തീയതി കളിൽ നടന്നു. ജോസ് കൊല്ലം, റോയി ജോസഫ്, സച്ചിൻ മാത്യൂസ്, ജോയ്സി മരിയ, മരിയ റാണി എന്നിവർ ശുശ്രൂഷകൾ നയിച്ചു. ഫാ. മാണി കൊഴുപ്പൻകുറ്റി, സി. ആൻമരിയ, സി. ജ്യോതിസ്, ക്രിസ്, അനുമോൾ, ജോമോൻ, ബിജീഷ് എന്നിവർ നേതൃത്വം കൊടുത്തു.

**10. സാച്ചർദോസ് ധ്യാനം – ഭരണങ്ങാനം**

വൈദികരാകാൻ ആഗ്രഹിക്കുന്ന 5–ാം ക്ലാസു മുതലുള്ള ആൺകുട്ടികൾക്കുവേണ്ടിയുള്ള ധ്യാനം മെയ് 6 മുതൽ 8 വരെ ഭരണങ്ങാനം ഗേൾസ് ഹൈസ്കൂളിലും അൽഫോൻസാ സ്പിരിച്ച്വാലിറ്റി സെന്ററിലുമായി നടക്കും.

**11. ബഥേൽ ധ്യാനം – കടുത്തുരുത്തി**

12 വയസ്സുവരെയുള്ള കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കുമുള്ള കുടുംബവിശുദ്ധീകരണധ്യാനം മെയ് 11,12,13,14 തീയതികളിൽ കടുത്തുരുത്തി എസ്.വി.ഡി. ധ്യാനകേന്ദ്രത്തിൽ നടക്കുന്നതാണ്.

**12. മംഗളവാർത്താധ്യാനം – കടുത്തുരുത്തി**

ഗർഭിണികൾക്കും അവരുടെ ഭർത്താക്കന്മാർക്കുമുള്ള ധ്യാനം മെയ് 30,31, ജൂൺ 1, 2 തീയതികളിൽ കടുത്തുരുത്തി എസ്.വി.ഡി. ധ്യാനകേന്ദ്രത്തിൽ നടക്കുന്നതാണ്. കുഞ്ഞുങ്ങൾക്കായി കാത്തിരിക്കുന്ന ദമ്പതികൾക്കും സംബന്ധിക്കാം.

**13. കാമ്പസ് ടീം കോർമീറ്റിംഗ്**

കാമ്പസ് മിനിസ്ട്രിയുടെ കോർടീം ഏപ്രിൽ 22 ന് ഷാലോം സെന്ററിൽ സമ്മേളിച്ചു. കാമ്പസ് മിനിസ്ട്രി കോർഡിനേറ്റർ റേഷ്മാ ജോ, ആൽബിൻ ജോസഫ്, ക്ലിന്റ് മാത്യു എന്നിവർ പങ്കെടുത്ത് ചർച്ചകളും പ്ലാനിംഗ് സെഷനുകളും നടന്നു.

**ഫാ. കുര്യൻ മറ്റം, ഫാ. സിറിൽ തയ്യിൽ (ഡിറക്ടേഴ്സ്)**

# കെയർ ഹോംസ്

**1. ബാലഭവൻ അധികാരികളുടെ സമ്മേളനം**

ബാലഭവൻ അധികാരികളെ പങ്കെടുപ്പിച്ച് കെ.സി.ബി.സി.യുടെ നേതൃത്വത്തിൽ എറണാകുളം പി.ഒ.സി.യിൽ വച്ച് മീറ്റിംഗ് നടത്തി. റവ.ഫാ. വർഗ്ഗീസ് വള്ളിക്കാട്ട് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. സംസ്ഥാന ഡയറക്ടർ റവ.ഫാ. റോയി മാത്യു വടക്കേൽ മുഖ്യപ്രഭാഷണം നടത്തി. ഫാ. സ്കറിയ വേകത്താനം, ഫാ. ജോഷി ആളൂർ തുടങ്ങിയവർ പ്രസംഗിച്ചു. ബാലഭവനിൽ നടപ്പിലാക്കേണ്ട ജൂവനൈൽ ജസ്റ്റീസ് ആക്ടിനെക്കുറിച്ച് വിശദമായി ചർച്ച ചെയ്തു. പാലാ രൂപതയിൽനിന്ന് 25 പ്രതിനിധികൾ മീറ്റിംഗിൽ പങ്കെടുത്തു.

**2. സുവർണ്ണ ജൂബിലി ആഘോഷിച്ചു**

ചീങ്കല്ലേൽ റോസ്ഭവന്റെ അസി. മദർ സിസ്റ്റർ എലിസബത്ത് പൊരിയത്തിന്റെ സന്യാസസമർപ്പണത്തിന്റെ 50–ാം ജൂബിലി റോസ്ഭവൻ ഓൾഡ് ഏജ്ഹോമിൽ വച്ച് നടത്തി. കെയർ ഹോംസ് ഡയറക്ടർ ഫാ. സ്കറിയ വേകത്താനം അനുമോദനപ്രസംഗം നടത്തി.

**3. വസ്ത്രസമാഹരണം നടത്തി.**

കെയർഹോംസിനുവേണ്ടി പൂഞ്ഞാർ ഇടവകയിൽ വസ്ത്രസമാഹരണം നടത്തി.

**ഫാ. സ്കറിയ വേകത്താനം (ഡയറക്ടർ)**

# കെ.എൽ.എം.

**1. നിംഹാൻസിൽ 160 സ്റ്റാഫ് നേഴ്സ്**

ബാംഗ്ളൂരിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആൻഡ് ന്യൂറോ സയൻസസ് സ്റ്റാഫ് നേഴ്സ് തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു. 160 ഒഴിവുകളുണ്ട്. ഓൺലൈനായി അപേക്ഷിക്കണം. അവസാനതീയതി മെയ് 10. യോഗ്യത ഏതെങ്കിലും സ്റ്റേറ്റ് നേഴ്സിംഗ് കൗൺസിൽ രജിസ്ട്രേഷൻ. രണ്ടു വർഷത്തെ പ്രവൃത്തിപരിചയപ്രായം 30 കവിയരുത്. വിശദവിവവരങ്ങൾക്ക് : www.nimhans.ac.in

**2. ഭോപ്പാൽ എയിംസിൽ 171 ഒഴിവുകൾ**

ഭോപ്പാലിലെ ഓൾ ഇൻഡ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് വിവിധ ഗ്രൂപ്പ് ബിനോൺ ഫാക്കൽറ്റി തസ്തികയിലെ ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ഓൺലൈനായി അപേക്ഷിക്കണം. മെഡിക്കൽ സോഷ്യൽ സർവ്വീസ് സൈക്യാട്രിക്സ് സോഷ്യൽ വർക്കർ, മെഡിക്കോ സോഷ്യൽ വർക്കർ, അസിസ്റ്റന്റ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, കൂടുതൽ വിവരങ്ങൾക്ക് www.aiimsbhopal.edu.in.

**3. സെയിലിൽ 130 നേഴ്സ് ട്രെയിനി**

സ്റ്റാൽ അതോറിറ്റി ഓഫ് ഇന്ത്യ ലിമിറ്റഡിനു കീഴിലുള്ള ദുർഗാപൂർ സ്റ്റീൽ പ്ലാന്റ് ഹോസ്പിറ്റലിൽ നേഴ്സ് പ്രൊഫിസൻസി ട്രെയിനി ഒഴിവുകളിലേക്ക് വോക്ക് ഇൻ ഇന്റർവ്യൂ നടത്തുന്നു. 130 ഒഴിവുകളാണുള്ളത്.യോഗ്യത-ബി. എസ്.സി. നേഴ്സിംഗ്/ ഡിപ്ലോമ ഇൻ നേഴ്സിംഗ് ആൻഡ് മിഡ് വൈഫറി. പ്രായം 30. dspintakeofsaildsp.co.in. എന്ന ഇ-മെയിൽ വഴി അപേക്ഷിക്കുക. www.sail.co.in

**4. കണ്ണൂർ വിമാനത്താവളത്തിൽ എയർ ഇന്ത്യ ഒഴിവുകൾ**

കണ്ണൂർ വിമാനത്താവളത്തിലെ വിവിധ തസ്തികൾകളിലെ 518 ഒഴിവുകളിലേയ്ക്ക് ഇന്റർവ്യൂ നടത്തുന്നു. അഭിമുഖ തീയതി മെയ് 7. യോഗ്യത അംഗീകൃത സർവകലാശാലയിൽനിന്ന് ബിരുദം. വിശദവിവരങ്ങൾക്ക് www.airindia.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക

**5. ആർ.സി.സി.യിൽ 24 സ്റ്റാഫ് നേഴ്സ്**

തിരുവനന്തപുരത്തെ റീജണൽ കാൻസർ സെന്ററിൽ സ്റ്റാഫ് നേഴ്സ് തസ്തികയിലെ ഒഴിവുകളിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു. യോഗ്യത ജനറൽ

നേഴ്സസ്, ബി.എസ്.സി. നേഴ്സിംഗ്. 35 വയസുകവിയരുത്. വിലാസം The Deputy Director EDP, LBS Centre for sciecne & Technology, Palayam, Thiruvananthapuram- 695033. വിശദവിവരങ്ങൾക്ക് : www.ibscentre.org.

**6. ഒ.എൻ.ജി.സി.യിൽ 1032 ട്രെയിനികൾ**

ഓയിൽ ആൻഡ് നാച്ച്യുറൽ ഗ്യാസ് കോർപ്പറേഷൻ ലിമിറ്റഡ് ഗ്രാജ്വേറ്റ് എൻജിനീയർ ട്രെയിനി തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ www.ongeindia.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

**7. ജിപ്മെറിൽ നേഴ്സിംഗ് ഓഫീസർ**

പോണ്ടിച്ചേരിയിലെ ജവഹർലാൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പോസ്റ്റ് ഗ്രാജ്വേറ്റ് മെഡിക്കൽ എഡ്യുക്കേഷൻ ആൻഡ് റിസർച്ച് (ജിപ്മെർ) നേഴ്സിംഗ് ഓഫീസർ, ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികകളിലെ ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ www.jipmer.edu.in എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷ സമർപ്പിക്കാം.

**8. നാഷണൽ ഫെർട്ടിലൈസേഴ്സിൽ 101 ഒഴിവുകൾ**

നാഷണൽ ഫെർട്ടിലൈസേഴ്സ് ലിമിറ്റഡ് വിവിധ വിഭാഗങ്ങളിൽ 101 ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷ സ്വീകരിക്കുന്ന അവസാനതീയതി മെയ് 15. കെമിക്കൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ, ഇൻസ്ട്രുമെന്റേഷൻ, കെമിക്കൽ ലാബ്, സേഫ്റ്റി, സിവിൽ, ഐടി മെറ്റീരിയൽസ്, എച്ച്. ആർ, ലീഗൽ കമ്പനി, സെക്രട്ടറിയേറ്റ്, ഫിനാൻസ് ആൻഡ് അക്കൗണ്ട്സ്, മെഡിക്കൽ ഫാർമസി വിഭാഗങ്ങളിലാണ് അവസരം. അപേക്ഷിക്കുന്നവർ www.nationalfertilizers.com എന്ന വെബ്സൈറ്റുവഴി ഓൺലൈനിൽ അപേക്ഷിക്കുക.

ഈ വിവരങ്ങൾ പള്ളിയിൽ അറിയിക്കുമല്ലോ.

**ഫാ. സ്കറിയ വേകത്താനം (ഡയറക്ടർ)**

# ദീപിക ഫ്രണ്ട്സ് ക്ലബ്

**1. തുടങ്ങനാട് ഫൊറോനാ ഡി.എഫ്.സി. രാമപുരം നേതൃസംഗമം**

തുടങ്ങനാട് ഫൊറോനാ ഡിഎഫ്.സി. നേതൃസംഗമം പള്ളിമേടയിൽവച്ച് നടത്തി. ഫൊറോനാ വികാരി റവ.ഫാ. തോമസ് വലിയവീട്ടിൽ അധ്യക്ഷത വഹിച്ച മീറ്റിംഗിൽ ഫാ. സ്കറിയ വേകത്താനം മുഖ്യപ്രഭാഷണം നടത്തി. പുതിയ ഡിഎഫ്.സി. ഫൊറോനാ ഭാരവാഹികളെ തെരഞ്ഞെടുത്തു.

**2. കൂട്ടിക്കൽ ഫൊറോനാ ഡി.എഫ്.സി. നേതൃസംഗമം**

കൂട്ടിക്കൽ ഫൊറോനാ ഡി.എഫ്.സി. നേതൃസംഗമം പാരീഷ് ഹാളിൽ വച്ച് നടത്തി. മേഖലാഡയറക്ടർ ഫാ. ബൈജു കുന്നക്കാട്ട് മീറ്റിംഗിൽ അധ്യ

ക്ഷത വഹിച്ചു. ഫാ. ജോസഫ് കുറുമുട്ടത്ത്, ഡോ. സണ്ണി വി. സ്കറിയ, ജോർജ് വടക്കേൽ തുടങ്ങിയവർ പ്രസംഗിച്ചു.

**3. എക്സിക്യൂട്ടീവ് യോഗം**

ഡിഎഫ്സി. പാലാ രൂപത എക്സിക്യൂട്ടീവ് യോഗം ഷലോമിൽവച്ച് നടത്തി. പ്രസിഡന്റ് ഡോ. സജി വി. സ്കറിയ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. ഫാ. സക്റിയ വേകത്താനം ചർച്ചകൾക്ക് നേതൃത്വം നൽകി.

**4. ഡിഎഫ്സി സംസ്ഥാന സമ്മേളനം ആലോചനയോഗം**

ഡിഎഫ്സി സംസ്ഥാന സമ്മേളനത്തെക്കുറിച്ചുള്ള ഒരു ആലോചനായോഗം പാലാ ബിഷപ്പ് ഹൗസിൽ വച്ച് നടത്തി. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് അധ്യക്ഷത വഹിച്ച മീറ്റിംഗിൽ റവ.ഡോ. മാണി പുതിയിടം മുഖ്യപ്രഭാഷണം നടത്തി. മോൺ. ജോസഫ് കുഴിഞ്ഞാലിൽ, ഫാ. റോയി കണ്ണഞ്ചിറ, ഫാ. സ്കറിയ വേകത്താനം തുടങ്ങിയവർ പ്രസംഗിച്ചു.

**5. ഡിഎഫ്സി തീക്കോയി ഫൊറോന മീറ്റിംഗ്**

ഡിഎഫ്സി. തീക്കോയി ഫൊറോനാ മീറ്റിംഗ് പാരിഷ് ഹാളിൽവച്ച് നടത്തി. മേഖലാ കോർഡിനേറ്റർ ഫാ. ജോസഫ് കൊച്ചുമുറിയിൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. ടോമി തുരുത്തിക്കര മുഖ്യപ്രഭാഷണം നടത്തി. തീക്കോയി ഫൊറോനാ സമ്മേളനത്തെക്കുറിച്ച് ചർച്ച ചെയ്തു.

**6. കുടയത്തൂരിൽ ഡിഎഫ്സി രൂപീകരിച്ചു.**

കുടയത്തൂരിൽ ദീപിക പത്രപ്രചാരണവും പുതിയ ഡിഎഫ്സി ഭാരവാഹികളുടെ തെരഞ്ഞെടുപ്പും നടത്തി. വികാരി ഫാ. തോമസ് ബ്രാഹ്മണവേലിൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. ഫാ. സ്കറിയ വേകത്താനം മുഖ്യപ്രഭാഷണം നടത്തി. പുതിയ യൂണിറ്റ് ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

**7. മൂലമറ്റം ഇടവകയിൽ ഡിഎഫ്സി രൂപീകരിച്ചു.**

മൂലമറ്റം ഫൊറോനാ പള്ളിയിൽ ദീപിക പത്രപ്രചാരണവും ഡിഎഫ്സി രൂപീകരണവും നടത്തി. ഫൊറോനാ വികാരി റവ.ഫാ. ജോർജ് മണ്ഡപത്തിൽ അധ്യക്ഷത വഹിച്ച മീറ്റിംഗിൽ ഫാ. റോയി കണ്ണഞ്ചിറ, ഫാ. ജോസഫ് കീരാന്തടം തുടങ്ങിയവർ പ്രസംഗിച്ചു.

**8. കോതനല്ലൂർ ഡിഎഫ്.സി. ഫൊറോനാ സംഗമം**

ഡിഎഫ്സി കോതനല്ലൂർ ഫൊറോനാ സംഗമം പാരീഷ് ഹാളിൽ വച്ച് നടത്തി. ഫൊറോനാ വികാരി റവ.ഫാ.ജോർജ് വർഗീസ് ഞാറക്കുന്നേൽ അധ്യക്ഷത വഹിച്ച മീറ്റിംഗിൽ ഫാ. സ്കറിയ വേകത്താനം, ഫാ. മാത്യു കോലോത്ത് തുടങ്ങിയവർ പ്രസംഗിച്ചു. പുതിയ ഡിഎഫ്സി മേഖലാസമിതിയെ തെരഞ്ഞെടുത്തു.

**9. സംസ്ഥാന സമ്മേളനം ആലോചനായോഗം ഷലോമിൽ**

ദീപിക ഫ്രണ്ട്സ് ക്ലബിന്റെ സംസ്ഥാന സമ്മേളനത്തെക്കുറിച്ചുള്ള ആലോചനായോഗം ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി. ഡോ. സണ്ണി വി. സ്കറിയ അധ്യക്ഷത വഹിച്ച മീറ്റിംഗിൽ ഡോ. താർസീസ് ജോസഫ് സമ്മേളനം ഉദ്ഘാടനം ചെയ്തു. സമ്മേളനത്തിന്റെ വിജയത്തിനായി 8 പുതിയ കമ്മറ്റികൾക്ക് രൂപം നൽകി.

**10. തീക്കോയി ഫൊറോനാ ഡിഎഫ്സി സമ്മേളനം**

തീക്കോയി ഫൊറോന ഡിഎഫ്സി സമ്മേളനം പാരിഷ് ഹാളിൽ വച്ച് നടത്തി. ഫൊറോനാ വികാരി റവ.ഫാ. ജോസഫ് കിഴക്കേക്കര അധ്യക്ഷത വഹിച്ചു മീറ്റിംഗിൽ മോൺ ഡോ. മാണി പുതിയിടം സമ്മേളനം ഉദ്ഘാടനം ചെയ്തു മുഖ്യപ്രഭാഷണം നടത്തി. ഫാ. സ്കറിയ വേകത്താനം, ഫാ. ജോസഫ് കൊച്ചുമുറിയിൽ, ഫാ. കുര്യാക്കോസ് വട്ടമുകളേൽ, ഡോ. സണ്ണി വി. സ്കറിയ, ടോമി തുരുത്തിക്കര, ജോജോ പുന്നപ്ലാക്കൽ തുടങ്ങിയവർ പ്രസംഗിച്ചു.

**11. ഡ്രീംലൈൻ പ്രോജക്ട് നടപ്പിലാക്കി**

ദീപിക പത്രപ്രചാരണത്തോടനുബന്ധിച്ച് മുട്ടം, ഇലഞ്ഞി, പ്രവിത്താനം, ചെമ്പിളാവ്, കീഴൂർ, കളത്തൂർ, അറക്കുളം ന്യൂ, ഗാഗുൽത്ത, കുടയത്തൂർ, മൂലമറ്റം, മേവിട, മേലുകാവുമറ്റം എന്നീ ഇടവകകളിൽ ഭവനങ്ങൾ സന്ദർശിച്ച് പുതിയ വരിക്കാരെ ചേർത്തു.

**12. കടനാട് ഫൊറോന ഡിഎഫ്സി നേതൃസമ്മേളനം**

ഡിഎഫ്സി കടനാട് ഫൊറോനാ നേതൃസമ്മേളനം സ്കൂൾ ഹാളിൽ വച്ച് നടത്തി. മേഖലാ കോർഡിനേറ്റർ ഫാ. ജോർജ് അമ്പഴത്തിനാൽ അധ്യക്ഷത വഹിച്ച് മീറ്റിംഗിൽ ഫാ. സ്കറിയ വേകത്താനം മുഖ്യപ്രഭാഷണം നടത്തി. ഡോ. സണ്ണി വി. സ്കറിയ, ടോമി തുരുത്തിക്കര തുടങ്ങിയവർ പ്രസംഗിച്ചു. പുതിയ ഡിഎഫ്.സി ഫൊറോന പുരുഷ-വനിതാ ഭാരവാഹികളെ തെരഞ്ഞെടുത്തു.

**13. അരുവിത്തുറ വല്യച്ചൻ കുരിശുമലകയറ്റം**

ദീപിക ഫ്രണ്ട്സ് ക്ലബിന്റെ ആഭിമുഖ്യത്തിൽ അരുവിത്തുറ വല്യച്ചൻ കുരിശുമലയിലേക്ക് തീർത്ഥാടനം നടത്തി. കുരിശിന്റെ വഴിക്കും വിശുദ്ധ കുർബാനയ്ക്കും ഫാ. സ്കറിയ വേകത്താനം നേതൃത്വം നൽകി. ഫാ. അബ്രാഹം തകടിയേൽ, ഡോ. സജി വി. സ്കറിയ, ജോർജ് വടക്കേൽ, ടോമി തുരുത്തിക്കര, ബെന്നി വടക്കേടം തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**15. സംസ്ഥാന ഡയറക്ടേഴ്സ് മീറ്റ് കോട്ടയത്ത്**

ഡിഎഫ്സി യുടെ സംസ്ഥാന ഡയറക്ടേഴ്സ് മീറ്റ് കോട്ടയം ദീപിക ഓഫീസിൽ വച്ച് നടത്തി. റവ.ഡോ. മാണി പുതിയിടം മീറ്റിംഗിൽ അധ്യക്ഷത വഹി

ച്ചു. ഫാ. റോയി കണ്ണഞ്ചിറ സംസ്ഥാനസമ്മേളനത്തെക്കുറിച്ച് വിശദീകരിച്ചു. രൂപതാ ഭാരവാഹികൾ മീറ്റിംഗിൽ പങ്കെടുത്തു.

**16. യൂണിറ്റുകൾ സന്ദർശിച്ചു**

ദീപിക ഫ്രണ്ട്സ് ക്ലബിന്റെ സംസ്ഥാനസമ്മേളനത്തിനു മുന്നോടിയായി പാലാ കത്തീഡ്രൽ, കുറവിലങ്ങാട്, അരുവിത്തുറ, ഭരണങ്ങാനം എന്നീ ഫൊറോനകളിലെ യൂണിറ്റുകൾ സന്ദർശിച്ചു.

**17. കടനാട് & പ്രവിത്താനം ഫൊറോനാ നേതൃസംഗമം**

കടനാട്, പ്രവിത്താനം ഫൊറോനാകളിലെ ദീപിക ഫ്രണ്ട്സ് ക്ലബ് ഭാരവാഹികളുടെ നേതൃസംഗമം പ്രവിത്താനം പാരീഷ് ഹാളിൽവച്ച് നടത്തി. വികാരി റവ.ഫാ. സെബാസ്റ്റ്യൻ പടിക്കക്കുഴുപ്പിൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. ഫാ. സ്കറിയ വേകത്താനം, ടോമി തുരുത്തിക്കര, ജോയി ഓരത്തുംപുറത്ത് തുടങ്ങിയവർ പ്രസംഗിച്ചു.

**18. ഡിഎഫ്സി പ്രതിനിധിയോഗം**

ദീപിക ഫ്രണ്ട്സ് ക്ലബിന്റെ സംസ്ഥാനസമ്മേളനത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിനുവേണ്ടി ഡിഎഫ്സി പ്രതിനിധിയോഗം പാലാ ബിഷപ്പ് ഹൗസിൽ വച്ച് നടത്തി. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. മോൺ. ജോസഫ് കുഴിഞ്ഞാലിൽ, ഫാ. സ്കറിയ വേകത്താനം, ഡോ. സണ്ണി വി. സ്കറിയ, വിവിധ സംഘടനപ്രതിനിധിയെ തുടങ്ങിയവർ പ്രസംഗിച്ചു.

**19. ഡിഎഫ്സി നേതൃയോഗം**

ദീപിക ഫ്രണ്ട്സ് ക്ലബിന്റെ രൂപത ഭാരവാഹികൾ, യൂണിറ്റ് സർക്കുലേഷൻ മാനേജർമാർ എന്നിവരുടെ ഒരു യോഗം പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി. ഫാ. സ്കറിയ വേകത്താനം, ഡോ. സണ്ണി വി സ്കറിയ തുടങ്ങിയവർ സംസ്ഥാനസമ്മേളനത്തെക്കുറിച്ച് വിശദമായി പ്രസംഗിച്ചു.

**20. മുട്ടുചിറ ഫൊറോനാ ഡിഎഫ്.സി. നേതൃസമ്മേളനം**

മുട്ടുചിറ ഫൊറോന ഡിഎഫ്സി നേതൃസമ്മേളനം പാരിഷ് ഹാളിൽ വച്ച് നടത്തി. ഫൊറോന വികാരി റവ.ഫാ. ജോസഫ് ഇടത്തുംപറമ്പിൽ അനുഗ്രഹപ്രഭാഷണം നടത്തി. പ്രസിഡന്റ് സണ്ണി കലയന്താനി മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. ഫാ. ജോസഫ് ഇല്ലത്തുംപറമ്പിൽ, ടോമി തുരുത്തിക്കര, ഫാ. മാത്യു കിഴക്കേ അരഞ്ഞാണിയിൽ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**21. കോതനല്ലൂർ ഫൊറോന ഡിഎഫ്സി നേതൃസമ്മേളനം**

കോതനല്ലൂർ ഫൊറോനാ ഡിഎഫ്സി നേതൃത്വസമ്മേളനം പള്ളിമേടയിൽ വച്ച് നടത്തി. മേഖലാ പ്രസിഡന്റ് റോയി തോമസ് മലയിൽ മീറ്റിം

ഗിൽ അധ്യക്ഷത വഹിച്ചു. ഫാ. മാത്യു കോലോത്ത്, ബെന്നി വടക്കേടം തുടങ്ങിയവർ സംസ്ഥാനസമ്മേളനത്തെക്കുറിച്ച് വിശദമായി സംസാരിച്ചു.

**22. തുടങ്ങനാട് ഫൊറോനാ ഡിഎഫ്സി നേതൃസംഗമം**

തുടങ്ങനാട് ഫൊറോനാ ഡിഎഫ്സി നേതൃസംഗമം പാരിഷ് ഹാളിൽ വച്ച് നടത്തി. പ്രസിഡന്റ് കെ.എ. അലക്സാണ്ടർ കല്ലറയ്ക്കൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. വികാരി റവ.ഫാ. തോമസ് വലിയവീട്ടിൽ അനുഗ്രഹ പ്രഭാഷണം നടത്തി. ഡോ. സണ്ണി വി. സ്കറിയ ചർച്ചകൾക്ക് നേതൃത്വം നൽകി. ഫാ. ജോസഫ് താന്നിക്കപ്പാറ, ഡിഎഫ്സി ഭാരവാഹികൾ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**23. പാലാ മേഖലാ ഡിഎഫ്സി നേതൃസംഗമം**

പാലാ മേഖലാ ഡിഎഫ്സി നേതൃസംഗമം കത്തീഡ്രൽ പാരിഷ് ഹാളിൽ വച്ച് നടത്തി. വികാരി റവ.ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ അധ്യക്ഷത വഹിച്ച മീറ്റിംഗിൽ ഫാ. സ്കറിയ വേകത്താനം മുഖ്യപ്രഭാഷണം നടത്തി. മേഖലാ ഡയറക്ടർ ഫാ. ജോസ് തറപ്പേൽ, ഫാ. തോമസ് ഓലായത്തിൽ, ബേബി തെക്കുംചേരിൽ തുടങ്ങിയവർ പ്രസംഗിച്ചു. മേഖലയിലെ പുതിയ ഡിഎഫ്സി പുരുഷ/വനിതാഭാരവാഹികളെ തെരഞ്ഞെടുത്തു. തുടർന്ന് ഡിഎഫ്സി മേഖലാ എക്സിക്യൂട്ടീവ് കൂടി സംസ്ഥാന സമ്മേളനത്തെക്കുറിച്ച് വിശദമായി ചർച്ച ചെയ്തു.

**ഫാ. സ്കറിയ വേകത്താനം (കോർഡിനേറ്റർ)**

# ബൈബിൾ അപ്പസ്തോലേറ്റ്

**1. ലോഗോസ് ക്വിസ്**

ലോഗോസ് ക്വിസ് 2018ന്റെ രജിസ്ട്രേഷൻ ജൂൺ ഒന്നിനുതന്നെ ആരംഭിക്കും. ഈ വർഷം കൂടുതൽ ആളുകളെ ഈ വചനപഠനവേദിയിലേയ്ക്ക് നമുക്ക് കൊണ്ടുവരാൻ ശ്രമിക്കാം. ജൂലൈ 31 ന് മുമ്പായി ഓൺലൈൻ രജിസ്ട്രേഷനും രൂപതാ രജിസ്ട്രേഷനും പൂർത്തിയാക്കേണ്ടതാണ്.

പഠനവിഷയം : മത്തായി 10-18, നിയമാവർത്തനം 1-11

പ്രഭാഷകൻ 1-10 വെളിപാട് 10-16

**2. ലോഗോസ് ക്വിസ് പഠനസഹായി**

ലോഗോസ് ക്വിസ് പഠനസഹായിയുടെ കോപ്പികൾ ഓഫീസിൽ ലഭ്യമാണ്.

**3. ബൈബിൾ കോഴ്സ്**

അത്മായർക്കായി സംഘടിപ്പിക്കുന്ന ഏകവർഷ/ ദ്വിവർഷ കോഴ്സിന്റെ ഏപ്രിൽ മാസ ക്ലാസുകൾ യഥാക്രമം ഫാ. തോമസ് വടക്കേൽ, ഫാ. ജോസഫ്

മണിയങ്ങാട്ട് എന്നിവർ നയിച്ചു. അടുത്ത ക്ലാസ് മെയ് മാസം 12 ന് അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചുനടക്കും.

**4. വിശുദ്ധനാട് തീർത്ഥാടനം**

ബൈബിൾ അപ്പസ്തോലേറ്റിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന വിശുദ്ധനാട് തീർത്ഥാടനം 2018 മെയ് മാസം 20 ന് പുറപ്പെട്ട് ജൂൺ 1 ന് തിരിച്ചെത്തുന്നു.

**5. കെറിയാന**

ഒരു വർഷം കൊണ്ട് ബൈബിൾ വായിക്കുവാൻ സഹായിക്കുന്ന കെറിയാനയുടെ കോപ്പികൾ ഓഫീസിൽ ലഭ്യമാണ്.

**ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ** (ഡയറക്ടർ)

## മൗണ്ട് നെബോ വാർത്തകൾ

മാർച്ച് ഇരുപത്തിനാലാം തീയതി ശനിയാഴ്ച രാവിലെ 8.30 മുതൽ 2.30 വരെ ഡയറക്ടർ ഫാ. തോമസ് വാഴചാരിക്കൽ, അസി. ഡയറക്ടർ ഫാ. ജോർജ് തെരുവിൽ എന്നിവരുടെ നേതൃത്വത്തിലും കുരിശുമല ആബട്ട് പെ. ബഹു. ഈശാനന്ദ്, ഫാ. സെബാസ്റ്റ്യൻ തോട്ടുങ്കൽ OFM Cap., ഫാ. ജോബി കാപ്പിലിപറമ്പിൽ MST എന്നിവരുടെ സഹകരണത്തിലും ഏകദിന ദൈവരാജ്യാനുഭവ ശുശ്രൂഷ നടത്തപ്പെട്ടു. മുന്നൂറ്റമ്പതോളം പേർ സംബന്ധിച്ചു. ഏപ്രിൽ പതിനഞ്ചാം തീയതി മുതൽ ഇരുപത്തൊന്നാം തീയതിവരെ നടത്തപ്പെട്ട ദൈവരാജ്യാനുഭവധ്യാനത്തിൽ തൊണ്ണൂറ്റെട്ട് പേർ സംബന്ധിച്ചു. ഡയറക്ടർ അസി. ഡയറക്ടർ എന്നിവർക്കൊപ്പം, ഫാ. ജോസഫ് പാണ്ടിയാമ്മാക്കൽ (ജൂനിയർ), ഫാ. ജോസഫ് തെരുവിൽ, ഫാ. കുര്യാക്കോസ് വടക്കേതകിടിയേൽ, ഫാ. ചെറിയാൻ മൂലയിൽ, ഫാ. ജെസ്റ്റിൻ HGN, ഫാ ടോണി വലിയപുരയ്ക്കാട്ട് SDB, ജോർജ് വയലിൽകളപ്പുര CMI, അഡ്വ. സെബി ചെറിയാൻ വിലങ്ങുപാറ, മിസ് റോസിലി കുറിച്ച്യാപറമ്പിൽ ASI, സണ്ണി മാന്നാത്ത് എന്നിവർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. മൗണ്ട് നെബോയിലെ താമസിച്ചുള്ള അടുത്ത ദൈവരാജ്യാനനുഭവധ്യാനം മെയ് 13-ാം തീയതിമുതൽ 19-ാം തീയതിവരെ നടത്തപ്പെടുന്നു. ബുക്കിംഗിന് 9747252227, 9447488624, 9847472522.

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)

## പാലാ മിഷൻ – അദിലാബാദ്

**1. ഈസ്റ്റർ തിരുനാൾ**

ഉത്ഥാനതിരുനാൾ പാലാ മിഷനിലെ എല്ലാ പള്ളികളിലും ആഘോഷപൂർവ്വം നടത്തി. പാതിരാത്രിയിലും പകലുമായി നടന്ന തിരുക്കർമ്മങ്ങൾക്ക്

അതാതു സ്ഥലങ്ങളിലെ വൈദികർ നേതൃത്വം നൽകി. അന്നേദിവസം ഉച്ചയ്ക്ക് പാലാ മിഷനിലെ എല്ലാ അംഗങ്ങളും നെന്നലിൽ ഒത്തുകൂടുകയും തിരുനാൾ ആശംസകൾ നേരുകയും ചെയ്തു.

**2. ഗൊല്ലപ്പള്ളി കോൺവെന്റ്**

ഇടവകയിൽ സേവനം ചെയ്യുന്ന ഗൊല്ലപ്പള്ളി കർമ്മലീത്താ സന്യാസിനി സമൂഹത്തിന്റെ പുതിയ കോൺവെന്റിന്റെ തറകല്ലീടിൽ മാർച്ച് 19 ന് നടത്തി. പ്രാർത്ഥനാശുശ്രൂഷകർക്കും മറ്റ് കർമ്മങ്ങൾക്കും ഫാ. ജോർജ് കാരാംവേലി നേതൃത്വം നൽകി. പാലാ മിഷനിലെ വൈദികരും സിസ്റ്റേഴ്സിനും കർമ്മത്തിൽ പങ്കെടുത്തു.

**3. നന്ദി**

പാലാ മിഷനിൽ ആറ് മാസക്കാലം റീജൻസി ചെയ്ത ബ്രദർ ഓസ്റ്റിൻ, ബ്ര. ടിന്റോ എന്നിവർക്ക് സ്നേഹപൂർവ്വം നന്ദി പറയുന്നു. ഈസ്റ്റർ ദിനത്തിൽ രണ്ടുപേർക്കും പാലാമിഷനിലലെ എല്ലാ അംഗങ്ങളും ചേർന്ന് ആശംസകൾ അർപ്പിക്കുകയും സമ്മാനങ്ങൾ നല്കുകയും ചെയ്തു.

**4. സ്വാഗതം**

പാലാ മിഷനിലേക്ക് റീജൻസിക്കായി എത്തിയ ബ്രദർ ജോജിമോൻ അട്ടാങ്ങാട്ടിൽ, ബ്രദർ ജോയൽ കുഴിവേലിതടത്തിൽ എന്നിവർക്ക് ഏറ്റവും സ്നേഹപൂർവ്വം സ്വാഗതം അർപ്പിക്കുന്നു.

**5. തീർത്ഥാടനം**

പാലാ മിഷനിലെ 40 ഓളം യുവജനങ്ങളുമായി മെയ്മാസം ആദ്യവാരം കേരളത്തിലെ പ്രമുഖ തീർത്ഥാടനകേന്ദ്രങ്ങൾ സന്ദർശിക്കുന്നു. ഫാ. ജോർജ് കാരാംവേലി, ഫാ. ജോസഫ് പര്യാത്ത്, ഫാ. ജോർജ് കൊട്ടാരം എന്നിവർ പരിപാടികൾക്ക് നേതൃത്വം കൊടുക്കുന്നതായിരിക്കും.

**ഫാ. ജോർജ് കാരാംവേലി** (കോർഡിനേറ്റർ)




# ആദരാഞ്ജലികൾ



## സി. സെവേരിയൂസ് മുള്ളംകുഴിയിൽ

കോതമംഗലം രൂപതയിൽ വാഴക്കുളം ഇടവകയിൽ മുള്ളംകുഴിയിൽ കുടുംബത്തിൽ മത്തായി-മറിയം ദമ്പതികളുടെ ഒൻപതുമക്കളിൽ നാലാമത്തെ സന്താനമായി 1929 ഫെബ്രുവരി 5-ാം തീയതി ബഹു. സെവേരിയൂസമ്മ ജനിച്ചു. ജ്ഞാനസ്നാനനാമം കാതറൈൻ എന്നായിരുന്നു. വാഴക്കുളം സെന്റ് ലിറ്റിൽ തെരേസാസ് സ്കൂളിൽനിന്നും തേഡ്ഫോമും കറുകുറ്റി സെന്റ് ജോസഫ്സ് സ്കൂളിൽനിന്നും ഇ.എസ്.എൽ.സി.യും പാസ്സായി. 2-6-1952 ൽ തീക്കോയി മഠത്തിൽ അർത്ഥിനിയായി ചേർന്നു. 28-5-1954 ആദ്യവ്രതവാഗ്ദാനവും 28-5-1957 ൽ നിത്യവ്രതവാഗ്ദാനവും ചെയ്തു.

പാലാ സെന്റ് തോമസ് സ്കൂളിൽനിന്നും ടി.ടി.സി പാസായ അമ്മ തീക്കോയി, വേലത്തുശ്ശേരി, രത്നഗിരി എന്നീ സ്കൂളുകളിൽ അധ്യാപികയായി സേവനമനുഷ്ഠിച്ചു. അധ്യാപനജീവിതത്തിന്റെ ഏറിയ കാലവും തീക്കോയി എൽ.പി. സ്കൂളിലാണ് ചെലവഴിച്ചത്. എപ്പോഴും എല്ലായിടത്തും ദൈവഹിതം നിറവേറ്റുക എന്നതാണ് അമ്മ നൽകുന്ന സന്ദേശം. തന്റേതായ ഒരു ചെറിയ തെറ്റുകൊണ്ടുപോലും ഈശോയെ വേദനിപ്പിക്കാതിരിക്കാൻ അമ്മ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. നിയമങ്ങളെ ഏറെ ആദരിക്കുകയും അധികാരികളിലൂടെ ദൈവമാണ് തന്നോടു സംസാരിക്കുന്നതെന്ന് മനസ്സിലാക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തിരുന്നു.

2012 ജൂലൈ മാസംവരെ ബഹു. സെവേരിയൂസമ്മ നല്ല ആരോഗ്യവതിയായിരുന്നു. പിന്നീട് അമ്മയ്ക്ക് കാലിന് ബലക്ഷയം ഉണ്ടാവുകയും

ശയ്യാവലംബയായിത്തീരുകയും ചെയ്തു. നാലരവർഷത്തോളം അമ്മ തീർത്തും കിടപ്പിലായിരുന്നു. ഈയവസരങ്ങളിലെല്ലാം അമ്മ വളരെ സന്തോഷവതിയായിരുന്നു.

25-03-2018 ഞായറാഴ്ച അമ്മയ്ക്ക് ശാരീരിക അസ്വാസ്ഥ്യം വർദ്ധിക്കുകയും ശ്വാസതടസം അനുഭവപ്പെടുകയും ചെയ്തതിനാൽ മരിയൻ മെഡിക്കൽ സെന്ററിൽ ഐസിയുവിൽ പ്രവേശിപ്പിച്ചു. രണ്ടു ദിവസത്തിനുശേഷം അൽപം കുറവു തോന്നിയതിനാൽ മുറിയിലേക്ക് മാറ്റി. രോഗീലേപനവും അന്തിമ ആശീർവാദവും സുബോധത്തോടെ സ്വീകരിച്ചു. മാർച്ച് 31-ാം തീയതി വൈകുന്നേരം 5ന് സഹോദരിമാർ പ്രാർത്ഥനാനിരതരായി നോക്കി നിൽക്കെ അമ്മയുടെ പാവനാത്മാവ് നിത്യഗേഹത്തിലേക്ക് പറന്നുയർന്നു. പിറ്റേദിവസം ഞായറാഴ്ച ഉച്ചയ്ക്ക് 2.30 ന് ബഹു. ജോസ് മോനിപ്പള്ളിലച്ചന്റെ പ്രധാന കാർമ്മികത്വത്തിൽ സമൂഹബലിയോടെ സംസ്കാരശുശ്രൂഷകൾ ആരംഭിച്ചു. തുടർന്ന് പാലാ രൂപത വികാരി ജനറാൾ വെരി റവ.ഫാ. ജോസഫ് മലേപ്പറമ്പിലിന്റെ കാർമ്മികത്വത്തിൽ നടന്ന ശുശ്രൂഷയിൽ മൃതദേഹം തീക്കോയി പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. ദിവ്യനാഥൻ തന്റെ വിശ്വസ്ത ദാസിയെ മഹത്വത്തിന്റെ കിരീടമണിയിക്കട്ടെ എന്നു നമുക്ക് പ്രാർത്ഥിക്കാം.



## സി. ബൊനവെന്തുരാ എഫ്.സി.സി.

പാലാ രൂപതയിൽ മറ്റക്കര ഇടവക പൊള്ളക്കാട്ട് കുടുംബത്തിൽ ജോസഫ് - അന്നമ്മ ദമ്പതികളുടെ 10 മക്കളിൽ 5-ാമത്തെ സന്താനമായി 1925 ജനുവരി 29ന് കുഞ്ഞുറോസ് എന്ന ഓമനപ്പേരിൽ സി. ബൊനവെന്തൂരാ ഭൂജാതയായി. 1943ൽ മറ്റക്കര മഠത്തിൽ അർത്ഥിനിയായി ചേർന്നു. 1948 ജൂൺ 21ന് പ്രഥമ വ്രതവാഗ്ദാനവും 1951 മെയ് 17ന് നിത്യവ്രതവാഗ്ദാനവും നടത്തി.

സഭയുടെ ആരംഭകാലത്ത് ദാരിദ്ര്യത്തിന്റെ വിഷമതകൾ ശരിക്ക് മനസ്സിലാക്കിയ അമ്മ അദ്ധ്വാനപൂർണ്ണമായ ജീവിതത്തിന്റെ ഉടമയായിരുന്നു. വി. അൽഫോൻസാമ്മയെ നേരിട്ട് കണ്ടിട്ടുള്ള അമ്മ മുറിതിരികൾ തെളിച്ച് വെളിച്ചം പകരാനും മരുന്ന് ഉണ്ടാക്കിക്കൊടുത്ത് രോഗികളെ പരിചരിക്കാനും ശ്രദ്ധിച്ചിരുന്നു. സഭയുടെ പരിശീലനകേന്ദ്രമായി രാമപുരം വളക്കാട്ടുകുന്ന് നൊവിഷ്യേറ്റുഹൗസിൽ നവസന്യാസിനികൾക്കും മറ്റുള്ളവർക്കും സഭാവസ്ത്രങ്ങൾ തയിച്ചുകൊടുത്തും ദൈവവിളിക്കായി പ്രാർത്ഥിച്ചുകൊണ്ടും തന്റെ ജീവിതം ധന്യമാക്കി. മാത്രമല്ല ഇടവകയിൽ

മരണമടഞ്ഞവർക്ക് മുടിയും വെന്തിങ്ങയും ഉണ്ടാക്കി കൊടുക്കുന്നതിൽ സന്തോഷവതിയായിരുന്നു. വൈദികരോട് ആദരവും പരിഗണനയും പുലർത്തിയ അമ്മ അവർക്കുവേണ്ടി പ്രാർത്ഥിച്ചിരുന്നു.

മറ്റക്കര, വാകക്കാട്, തീക്കോയി, ളാലം, തിടനാട്, വിമലഗിരി, വളക്കാട്ടുകുന്ന്, പാദുവാ, മഞ്ഞാമറ്റം എന്നീ മഠങ്ങളിൽ താമസിച്ച് പാർലർ സിസ്റ്റർ, ഫാം സൂപ്പർവൈസർ, മെസ് മാനേജർ എന്നീ ശുശ്രൂഷാമേഖലകളിൽ തന്റെ സേവനം അർപ്പിച്ചു.

1997ൽ ക്യാൻസർരോഗവും മറ്റു രോഗങ്ങളും ബാധിച്ച അമ്മ തന്റെ ആത്മശക്തിയാൽ അതിനെ അതിജീവിച്ച് ക്രൂശിതനായ ഈശോയോടു താദാത്മ്യപ്പെട്ടു. വിവിധ രോഗങ്ങളാൽ അലട്ടപ്പെട്ടിരുന്ന അമ്മയെ പല പ്രാവശ്യം മരിയൻ ആശുപത്രിയിൽ ചികിത്സയ്ക്കായി പ്രവേശിപ്പിച്ചു. 2018 ജനുവരി 30ന് വാർദ്ധക്യസഹജമായ ക്ഷീണത്താൽ ഒരു വീഴ്ചയെ തുടർന്നു തോൾ സന്ധിയിലെ അസ്ഥിപൊട്ടി കിടപ്പിലാകുകയും ചെയ്തു. ശ്വാസതടസ്സവും ക്ഷീണവും വർദ്ധിച്ചതിനാൽ 2018 ഫെബ്രുവരി 6ന് മഞ്ഞാമറ്റം വികാരി റവ. ഫാ. മാത്യു അറയ്ക്കപ്പറമ്പിൽ രോഗീലേപനം നൽകി.

2018 മാർച്ച് 20ന് അമ്മ വളരെയധികം ക്ഷീണിതയാവുകയും പെട്ടെന്ന് ശ്വാസതടസ്സം അനുഭവപ്പെടുകയും ചെയ്തു. അന്നേ ദിവസം ഉച്ചകഴിഞ്ഞ് 2.30pmന് സമൂഹാംഗങ്ങളുടെയും കുടുംബാംഗങ്ങളുടെയും ബഹു. വികാരിയച്ചന്റെയും സാന്നിദ്ധ്യത്തിൽ അമ്മയുടെ പാവനാത്മാവ് സ്വർഗ്ഗത്തിലേയ്ക്ക് യാത്രയായി.

മാർച്ച് 22ന് 9.30amന് മാതൃസഹോദരപുത്രൻ റവ. ഫാ. റോയി നെടുന്താനത്തിന്റെ കാർമ്മികത്വത്തിൽ സമൂഹബലിയും തുടർന്ന് പാലാ രൂപതാ വികാരി ജനറാൾ ബഹു. ജോസഫ് മലേപ്പറിൽ അച്ചന്റെ പ്രധാന കാർമ്മികത്വത്തിൽ നടന്ന മൃതസംസ്ക്കാരശുശ്രൂഷകളെ തുടർന്ന് മഞ്ഞാമറ്റം സെന്റ് സെബാസ്റ്റ്യൻസ് പള്ളി സെമിത്തേരിയിൽ മൃതദേഹം സംസ്ക്കരിച്ചു. തന്റെ വിശ്വസ്തദാസിയെ ദിവ്യനാഥൻ മഹത്വത്തിന്റെ കിരീടം അണിയിക്കട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം.



## സി. കലിസ്റ്റസ് പെരികലക്കാട്ട്, എഫ്.സി.സി.

പാലാ രൂപത മൂഴൂർ ഇടവകയിൽ പെരികലക്കാട്ട് കുടുംബത്തിൽ സ്കറിയാ ത്രേസ്യാ ദമ്പതികളുടെ ആറ് മക്കളിൽ ഇളയവളായി 1934 ഡിസംബർ 25ന് മേരി എന്ന സി. കലിസ്റ്റസ് ജനിച്ചു. 1935 ജനുവരി 2-ാം തീയതി ജ്ഞാനസ്നാനം സ്വീകരിച്ചു. കുഞ്ഞുമേരിക്ക് ഒരു

വയസ്സ് തികയുന്നതിനുമുമ്പുതന്നെ അമ്മ ആകസ്മികമായി ശയ്യാവലംബയായിത്തീർന്നു. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം 1956 ജൂലൈ 5ന് അർത്ഥിനിയായി ചെമ്മലമറ്റം ക്ലാരമഠത്തിൽ പ്രവേശിച്ചു.

1957 ഏപ്രിൽ 8-ാം തീയതി സഭാവസ്ത്രസ്വീകരണവും 1958 ഏപ്രിൽ 10-ാം തീയതി പ്രഥമവ്രതവാഗ്ദാനവും നടത്തി സി. കലിസ്റ്റസ് എന്ന പേര് സ്വീകരിച്ചു. വ്രതവാഗ്ദാനത്തിനുശേഷം ക്ലർക്ക് ആയി മഞ്ഞാമറ്റത്തും വാകക്കാടുമായി ഏകദേശം 14 വർഷം സേവനമനുഷ്ഠിച്ചു. ഇതിനിടയിൽ പല രോഗങ്ങളും അമ്മയ്ക്ക് പിടിപെടുകയുണ്ടായി. വി. അൽഫോൻസാമ്മയുടെയും വി. കൊച്ചുത്രേസ്യായുടെയും ജീവിതമാതൃകയാണ് എല്ലാ സഹനങ്ങളെയും സ്വീകരിക്കാൻ തന്നെ പ്രാപ്തയാക്കിയതെന്ന് അമ്മ പിന്നീട് അനുസ്മരിച്ചിട്ടുണ്ട്. ഇക്കാലത്ത് കൂടുതൽ ലളിതവും പരിത്യാഗപൂർണ്ണവുമായ ജീവിതരീതി അഭിലഷിച്ചുകൊണ്ട് മറ്റ് മൂന്നു സന്യാസസഹോദരിമാർക്കൊപ്പം, അധികാരികളുടെ അനുഗ്രഹത്തോടെ നീലൂർ എന്ന സ്ഥലത്ത് താമസിച്ച് നിരന്തരപ്രാർത്ഥനയിൽ വേരൂന്നിയ ഒരു ജീവിതം ആരംഭിച്ചു. എന്നാൽ 3 വർഷങ്ങൾക്കുശേഷം അധികാരികളുടെ ആവശ്യപ്രകാരം തനിക്കിഷ്ടപ്പെട്ട ഈ ജീവിതരീതി മാറ്റിവച്ച് വീണ്ടും വാകക്കാട് സ്കൂളിൽ ക്ലർക്കായി ജോലിയിൽ പ്രവേശിച്ചു. ഇക്കാലത്ത് നട്ടെല്ലിനുണ്ടായ മാരകരോഗം ഉൾപ്പെടെ അനേകം രോഗങ്ങൾ അമ്മയെ വേട്ടയാടി. എങ്കിലും അസാധാരണമായ മനോധൈര്യത്തോടെ തന്റെ ജോലികൾ സ്തുത്യർഹമായവിധത്തിൽ നിർവ്വഹിക്കുന്നതിന് അമ്മ പരിശ്രമിച്ചിരുന്നു.

1987-ൽ ഭരണങ്ങാനത്തേയ്ക്ക് സ്ഥലം മാറുകയും 1988-ൽ ഔദ്യോഗിക ജീവിതത്തിൽനിന്നു വിരമിക്കുകയും ചെയ്തു. നടുവേദന നിമിത്തം ഏകദേശം ശയ്യാവലംബയായിത്തീർന്ന അമ്മ 1990ൽ അൽഫോൻസാ കോളേജിൽ വച്ച് ബഹു. നായ്ക്കംപറമ്പിലച്ചൻ സിസ്റ്റേഴ്സിനുവേണ്ടി നടത്തിയ ഒരു ധ്യാനത്തിൽ സംബന്ധിക്കുകയും അത്ഭുതകരമായി പൂർണ്ണസൗഖ്യം നേടുകയും ചെയ്തു.

രൂപതാ കരിസ്മാറ്റിക് സർവ്വീസ് ടീം മെമ്പർ, പ്രെയർ ഗ്രൂപ്പ് ലീഡർ, കോളനി മിനിസ്ട്രി, ആകാശപ്പറവകൾ, രൂപതയിലെ ഡി.സി.എം.എസ്. ഉപദേശകസമിതിയംഗം, രൂപതാ ബൈബിൾ കൺവൻഷൻ കമ്മറ്റിയംഗം, ജയിൽ മിനിസ്ട്രി, ഗുഡ്സമരിറ്റൻ മിനിസ്ട്രി തുടങ്ങിയ രംഗങ്ങളിലെല്ലാം അമ്മ തന്നെത്തന്നെ സ്വയം സമർപ്പിച്ചു.

1990 മുതൽ ബഹു. കലിസ്റ്റസമ്മ രൂപതയിലെ വിവിധ കോളനികളിൽ നിന്നും മറ്റു സ്ഥലങ്ങളിൽനിന്നും, സാധുക്കളെയും മദ്യപാനികളെയും ഒരാഴ്ച ധ്യാനത്തിന് മാസത്തിൽ ഒന്നോ, രണ്ടോ പ്രാവശ്യം സ്പെഷ്യൽ

കെ.സ്.ആർ.റ്റി.സി ബസിൽ ഡിവൈൻ ധ്യാനകേന്ദ്രത്തിൽ കൊണ്ടുപോയിരുന്നു. ഇത് ഏകദേശം 500ലധികം തവണ ചെയ്യുകയുണ്ടായി. ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടിയുള്ള അമ്മയുടെ തീക്ഷ്ണത അനിതരസാധാരണമായിരുന്നു. മദ്യഷാപ്പുകളുടെ മുമ്പിൽചെന്ന് വിളിച്ചിറക്കി, വേണ്ട സാധനങ്ങളും നൽകി, ധ്യാനത്തിനു പോകുവോളം പിന്നാലെ നടന്ന് പ്രേരിപ്പിക്കുന്നു. ആരെയെങ്കിലുംകൂട്ടി കോളനികളും, പാവങ്ങളുടെ ഭവനങ്ങളും നിരന്തരം സന്ദർശിക്കുന്നതിൽ അമ്മയുടെ പാദങ്ങൾ തളർന്നിരുന്നില്ല. സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും മാറ്റിനിർത്തപ്പെട്ട, അജ്ഞതയും, ദാരിദ്ര്യവും, ദുഃശ്ശീലങ്ങളും, ദുഃഖങ്ങളും തീർത്ത അന്ധകാരത്തിൽ കഴിഞ്ഞിരുന്ന അനേകരെ ജീവിതത്തിന്റെ പ്രകാശിതമായ, മനുഷ്യോചിതമായ അവസ്ഥയിലേയ്ക്ക് അമ്മ കൈപിടിച്ചുയർത്തി.

പാവങ്ങൾക്കുവേണ്ടി ഏതു വാതിലിലും മുട്ടാൻ അമ്മയ്ക്ക് ഒരു മടിയുമുണ്ടായിരുന്നില്ല. മറ്റുള്ളവരുടെ വേദനകൾക്കുമുമ്പിൽ അമ്മ സ്വയം മറന്നിരുന്നു. ഭവനരഹിതർക്ക് ഭവനമുണ്ടാക്കി കൊടുക്കുക, വിവാഹങ്ങൾ നടത്തി കൊടുക്കുക, ശിഥിലമായ കുടുംബബന്ധങ്ങൾ കൂട്ടിച്ചേർക്കുക, പാവപ്പെട്ട കുഞ്ഞുങ്ങൾക്ക് ട്യൂഷൻ കൊടുക്കുക തുടങ്ങിയവ എന്തു ത്യാഗവും അമ്മ നിർവ്വഹിച്ചിരുന്നു.

കോളനി സമുദ്ധാരണാർത്ഥം അമ്മ മുൻകൈയെടുത്തു നിർമ്മിച്ച അരുണാപുരം ഇടവകാർത്തിയിലുള്ള കുരിശുപള്ളി അമ്മയുടെ പ്രേഷിത തീക്ഷ്ണതയുടെ പ്രതീകമായി ഇന്നും നിലകൊള്ളുന്നു. "പാലായിലെ മദർ തെരേസാ" എന്ന ബഹുമതിയും ചിലർ അമ്മയ്ക്ക് ചാർത്തിക്കൊടുത്തിരുന്നു എന്ന് നമുക്ക് അഭിമാനത്തോടെ ഓർക്കാം. എല്ലാവരോടും പ്രത്യേകിച്ച് പാവങ്ങളോടുള്ള അകമഴിഞ്ഞ സ്നേഹം, സകലരെയും ഉൾക്കൊള്ളുന്ന വിശാലഹൃദയം, കഠിനാദ്ധ്വാനം, ദരിദ്ര്യവും വിനീതവുമായ ജീവിതം, നിരന്തരമായ പ്രാർത്ഥന ഇതായിരുന്നു കലിസ്റ്റസമ്മ. വചനോത്സവം, ക്രിസ്റ്റീൻ മാസിക മുതലായവയുടെ വിതരണം അമ്മ തുടർന്നിരുന്നു.

2016 ജൂലൈ മാസത്തിൽ ഒരു സ്ട്രോക്ക് ഉണ്ടായതിനെത്തുടർന്ന് അമ്മയുടെ ആരോഗ്യം മോശമാകുകയും, ക്രമേണ ശയ്യാവലംബയാവുകയും ചെയ്തു. 2018 മാർച്ച് 20ന് അമ്മയ്ക്ക് ശ്വാസതടസ്സം അനുഭവപ്പെടുകയും ക്രമേണ അമ്മയുടെ സ്ഥിതി ഗുരുതരമാകുകയും ചെയ്തു. അന്ത്യകൂദാശ സ്വീകരിച്ച് അമ്മ 21-ാം തീയതി രാവിലെ 12.20ന് തന്റെ ശുദ്ധീകരണം പൂർത്തിയാക്കി നിത്യഭാഗ്യത്തിലേയ്ക്ക് പ്രവേശിച്ചു. 23-ാം തീയതി രാവിലെ 9.30ന് മുത്തോലി സാൻതോം മഠം ചാപ്പലിൽ ശവസംസ്ക്കാര ശുശ്രൂഷകൾ ആരംഭിച്ചു. ബഹു. കലിസ്റ്റസമ്മയുടെ സഹോദരീപുത്രൻ

റവ. ഫാ. സഖറിയാസ് കുന്നക്കാട്ടുതറയുടെ മുഖ്യകാർമ്മികത്വത്തിൽ നടന്ന സമൂഹബലിയിൽ റവ. ഫാ. കുര്യൻ മറ്റം ചരമപ്രസംഗം നടത്തി. തുടർന്ന് കുരുവിനാൽ സെന്റ് മൈക്കിൾസ് ദേവാലയത്തിലേയ്ക്ക് മൃത ദേഹം സംവഹിക്കപ്പെടുകയും പാലാ രൂപതാ വികാരി ജനറാൾ മോൺ ജോസഫ് കൊല്ലംപറമ്പിൽ അച്ചന്റെ കാർമ്മികത്വത്തിൽ മൃതദേഹം സംസ്കരിക്കുകയും ചെയ്തു.



## സി. വിൻസെൻസാ സി.എം.സി.

1930 മെയ് 20ന് കുറിച്ചിത്താനം പള്ളി ഇടവക താമ രക്കാട്ട് കുടുംബത്തിൽ മത്തായി-കത്രീന ദമ്പതികളുടെ മൂന്നാമത്തെ സന്താനമായി വിൻസെൻസാമ്മ ജനിച്ചു. മാമ്മോദീസായിൽ ത്രേസ്യ എന്ന പേര് നൽകി. ഇ.എ സ്.എൽ.സി. യും ടി.ടി.സി.യും പാസായശേഷം 1949 ൽ വിളക്കുമാടം സെന്റ് ത്രേസ്യാസ് യു.പി. സ്കൂളിൽ അദ്ധ്യാപികയായി. 1950 ൽ കർമ്മലസഭയിൽ അർത്ഥിനിയായി ചേർന്നു. 1952 ൽ ആദ്യവ്ര തവും 1956 ൽ നിത്യവ്രതവും അനുഷ്ഠിച്ചു. 2002ൽ സന്യാസമർപ്പണ ത്തിന്റെ സുവർണ്ണജൂബിലിയും ആഘോഷിച്ചു.


ഏതാനും മാസങ്ങൾ മുട്ടുചിറ കർമ്മലമഠത്തിൽ താമസിച്ചതൊഴി കെ, സന്യാസജീവിതത്തിന്റെ ആരംഭം മുതൽ അവസാനംവരെ വിളക്കു മാടം മഠത്തിൽ ജീവിച്ചുകൊണ്ട് തന്റെ ദൈവവിളിയിൽ നിറഞ്ഞ സന്തോ ഷവും സംതൃപ്തിയും കണ്ടെത്തുവാൻ അമ്മയ്ക്കു സാധിച്ചു. സുദീർഘ മായ തന്റെ 33 വർഷത്തെ അദ്ധ്യാപനശുശ്രൂഷയിലൂടെ അനേകായിരങ്ങളെ ബൗദ്ധികവും, മാനസികവും ആദ്ധ്യാത്മികവുമായ ഉന്നതിയിലേക്ക് നയി ക്കുന്നതിന് അമ്മയ്ക്ക് സാധിച്ചിട്ടുണ്ട്. തന്റെ കരങ്ങളിലൂടെ കടന്നുപോയ കുഞ്ഞുങ്ങളിൽ ദൈവികത വളർത്തിയെടുക്കുന്നതിൽ അമ്മ ബദ്ധശ്രദ്ധ യായിരുന്നു. തന്നോട് ഇടപെടുന്ന അരുമശിഷ്യന്മാർക്കും മറ്റ് എല്ലാവർക്കും ഈശോയുടെ സ്നേഹവാത്സല്യങ്ങൾ പകർന്ന് കൊടുത്ത് സുന്ദരമായ ഭാവി തെളിയിച്ചുകൊടുക്കുവാൻ അമ്മ എപ്പോഴും ശ്രദ്ധിച്ചിരുന്നു. എല്ലാ വരോടും ആർദ്രമായ സ്നേഹവും അനുകമ്പയും വാത്സല്യവും അമ്മ പ്രകടിപ്പിച്ചിരുന്നു. സന്യാസ പൗരോഹിത്യ ജീവിതാന്തസ്സുകളിലേയ്ക്ക് അനേകരെ കൈപിടിച്ചുയർത്തുവാൻ അമ്മയ്ക്ക് കഴിഞ്ഞു. ഒരു വിശുദ്ധ യായി തീരുവാനുള്ള തീവ്രമായ ആഗ്രഹവും, പരിശ്രമവും അമ്മയ്ക്ക് എപ്പോഴും ഉണ്ടായിരുന്നു. ദിവ്യകാരുണ്യസന്നിധിയിൽ ദീർഘനേരം ആയി

രുന്നുകൊണ്ട് ലോകംമുഴുവനും വേണ്ടി അമ്മ മദ്ധ്യസ്ഥപ്രാർത്ഥന നടത്തിയിരുന്നു. ഇടവകയിലെ വിൻസെന്റ് ഡിപോൾ സംഘടനയ്ക്ക് ദീർഘനാൾ നേതൃത്വം നൽകി.

സന്തോഷപ്രകൃതി, സേവനതത്പരത, പ്രാർത്ഥനാചൈതന്യം, ഉത്തരവാദിത്വബോധം, ക്രമാനുഷ്ഠാനതത്പരത, ശ്രവണമുള്ള ഒരു മാതൃഹൃദയം, പരസ്നേഹചൈതന്യം തുടങ്ങിയവയെല്ലാം അമ്മയിൽ വിളങ്ങി ശോഭിച്ചിരുന്ന സുകൃതങ്ങളാണ്. ഏതാനും നാളുകളായി ശയ്യാവലംബയായ വിൻസെൻസാമ്മ വികാരിയച്ചൻ ബഹു. മാണി വെള്ളിലാംതടത്തിൽനിന്നും നേരത്തെ തന്നെ രോഗീലേപനം സ്വീകരിച്ച് മരണത്തെ സ്വാഗതം ചെയ്യാൻ ഒരുങ്ങിയിരുന്നു. വാർദ്ധക്യസഹജമായ രോഗങ്ങളുടെ വേദനകൾ ക്ഷമാപൂർവ്വം നിശബ്ദമായി സ്വീകരിച്ച് തന്റെയും സഹോദരങ്ങളുടെയും ലോകം മുഴുവന്റെയും പാപപരിഹാരത്തിനായി സമർപ്പിച്ചിരുന്നു. ക്ഷീണം വർദ്ധിക്കുകയാൽ 2018 ഫെബ്രുവരി 27-ാം തീയതി ചൊവ്വാഴ്ച അമ്മയെ പാലാ കാർമ്മൽ മെഡിക്കൽ സെന്ററിൽ ഐ.സി. യുവിൽ പ്രവേശിപ്പിച്ചു. "നീതിമാന്റെ മരണം കർത്താവിന്റെ മുമ്പിൽ വിലയേറിയതാണ്" എന്ന് വിളിച്ചോതുന്നതുപോലെ അമ്മ ശാന്തയായി തന്റെ പ്രിയനാഥനിൽ അലിഞ്ഞുചേരുവാൻ ഒരുങ്ങി കാത്തിരുന്നു.

മൂന്നാഴ്ചക്കാലം സഹോദരങ്ങളുടെ സ്നേഹശുശ്രൂഷയിലായിരുന്ന അമ്മ 2018 മാർച്ച് 19-ാം തീയതി രാവിലെ 4.30ന് വിശുദ്ധ യൗസേപ്പിതാവിന്റെ മരണത്തിരുനാൾ ദിനം സമൂഹാംഗങ്ങളുടെയും സഹോദരങ്ങളുടെയും പ്രാർത്ഥനാമദ്ധ്യേ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 2018 മാർച്ച് 20-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.15 ന് മഠം ചാപ്പലിൽ സഹോദരപുത്രൻ ബഹു. ഫാ. സക്കറിയാസ് താമരക്കാട്ട്, ഫാ. തോമസ് താമരക്കാട്ട് എന്നിവരുടെ കാർമ്മകത്വത്തിൽ അർപ്പിച്ച സമൂഹബലിയെത്തുടർന്ന് നിരവധി വൈദികരുടെയും സിസ്റ്റേഴ്സിന്റെയും ബന്ധുമിത്രാദികളുടെയും സാന്നിദ്ധ്യത്തിൽ മൃതദേഹം ദേവാലയത്തിലേക്ക് സംവഹിക്കപ്പെട്ടു. തുടർന്ന് പാലാരൂപത വികാരിജനറാൾ മോൺ. ജോസഫ് മലേപ്പറമ്പിൽ അച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ മൃതദേഹം വിളക്കുമാടം സെന്റ് സേവ്യേഴ്സ് പള്ളി സിമിത്തേരിയിൽ സംസ്കരിച്ചു.

# അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ഡയറിയിൽനിന്ന്




## APRIL 2018

| | | |
|---|---|---|
| 01 | 03.00 am | പാലാ കത്തീഡ്രലിൽ ഉയിർപ്പുതിരുനാൾ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. |
| | 11.00 am | പാലാ സബ് ജയിലിൽ ഈസ്റ്റർ ആഘോഷങ്ങളിൽ പങ്കെടുത്തു. |
| 02 | 04.30 am | ചേർപ്പുങ്കൽ മാർ സ്ലീവ ആശുപത്രി സന്ദർശിച്ചു. |
| | 06.00 pm | കാളികാവ് ഇടവകയിൽ മോൺ. എബ്രാഹം കൊല്ലിത്താനത്തുമലയിലച്ചന്റെ പിതാവിനുവേണ്ടി ഭവനത്തിൽ ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു. |
| 03 | 10.30 am | കാളികാവ് ഇടവകയിൽ മോൺ. എബ്രാഹം കൊല്ലിത്താനത്തുമലയിലച്ചന്റെ പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്കു ഭവനത്തിൽ കാർമ്മികത്വം വഹിച്ചു. |
| | 05.00 pm | പാലാ അൽഫോൻസാ കോളേജിൽ YATP യുടെ ജൂബിലി ആഘോഷസമ്മേളനം ഉദ്ഘാടനം ചെയ്തു. |
| 04 | 10.30 am | പാലാ എഫ്.സി.സി. പ്രൊവിൻഷ്യൽ ഹൗസിൽ ഗോൾഡൻ ജൂബിലി ആഘോഷിക്കുന്ന സിസ്റ്റേഴ്സിനു വേണ്ടി വി. കുർബാനയർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു. |
| 06 | 10-12.30 pm | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 05.00 pm | രാമപുരം പള്ളിയിൽ പുതുതായി പണിത പിയാത്ത രൂപം വെഞ്ചരിച്ചു. |
| 07 | 7.30 am | നെല്ലിയാനി എസ്.എ.ബി.എസ്. മഠത്തിൽ പ്രഥമവ്രത വാഗ്ദാനകർമ്മത്തിന്റെയും സഭാവസ്ത്രസ്വീകരണത്തിന്റെയും മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 10.30 am | പാലാ ക്രിസ്തുജ്യോതി ധ്യാനകേന്ദ്രത്തിൽ വച്ചു നടന്ന ഡി.സി.എം.എസ്. ഇലക്ഷൻ ക്യാമ്പിൽ സംബന്ധിച്ചു. |
| | 03.00 pm | ചേർപ്പുങ്കൽ മാർ സ്ലീവ ഹോസ്പിറ്റൽ സൈറ്റ് സന്ദർശിച്ചു. |

| | | |
|---|---|---|
| 08 | 07.00 pm | ളാലം പഴയപള്ളിയിൽ നവീകരിച്ച ഗ്രോട്ടോ വെഞ്ചരിച്ചു. |
| 09 | 11.30 am | രാമപുരം പാരീഷ് ഹാളിൽ ബഹു. ജോർജ് കണിയാരകത്ത് സി.എം.ഐ. അച്ചന്റെ ജൂബിലിയാഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു. |
| | 03.00 pm | അരമനയിൽ എ.ഡി.സി.പി. എക്സിക്യൂട്ടീവ് മീറ്റിംഗിൽ സംബന്ധിച്ചു. |
| | 06.00 pm | മൈനർ സെമിനാരിയിൽ ദൈവവിളി ക്യാമ്പിൽ പങ്കെടുത്തു. |
| | 07.30 pm | മുത്തോലപുരം എസ്.എ.ബി.എസ്. കോൺവെന്റിൽ ബഹു. സി. ബനീത്താ വഞ്ചിപ്പുരയ്ക്കലിനുവേണ്ടി ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു. |
| 10 | 10-12.30 pm | സന്ദർശകരെ സ്വീകരിച്ചു. |
| | 02.30 pm | അരമനയിൽ ദീപിക ഫ്രണ്ട്സ് ക്ലബിന്റെ ഒരു മീറ്റിംഗിൽ സംബന്ധിച്ചു. |
| 11 | 8.15 am | അരമനയിൽ കൂരിയായിൽ സംബന്ധിച്ചു. |
| | 10.30 am | ചുണ്ടച്ചേരിൽ SJCET യുടെ ഗവേണിംഗ് ബോഡി മീറ്റിംഗിൽ സംബന്ധിച്ചു. |
| | 03.15 pm | ചുണ്ടച്ചേരി സാൻജോസ് സ്കൂളിൽ നടന്ന ഡി.സി. നേതൃത്വക്ലാസ് ഉദ്ഘാടനം ചെയ്തു. |
| 12 | 09.15 am | മേരിലാന്റ് ഇടവകയിൽ ഡീക്കൻ ചാക്കോ അഞ്ചുകണ്ടത്തിൽ എസ്.എ.സി.ക്കു കശ്ശീശാപട്ടം നൽകി. |
| | 04.00 pm | അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ എം.ജി. യൂണിവേഴ്സിറ്റി പ്രഥമ വൈസ്ചാൻസിലർ ശ്രീ. എ.റ്റി. ദേവസ്യ സാറിന്റെ നവതിയാഘോഷസമ്മേളനത്തിൽ സംബന്ധിച്ചു. |
| | 07.00 pm | പാലാ ഡി.എസ്.ടി. പ്രൊവിൻഷ്യൽ ഹൗസിൽ സിനാക്സിസിൽ സന്ദേശം നൽകി. |
| 13 | 10-12.30 pm | സന്ദർശകരെ സ്വീകരിച്ചു. |
| | 12.30 pm | അരമനയിൽ പാലാ രൂപത ഷംഷാബാദ് രൂപതയിൽ തുടങ്ങുവാനുദ്ദേശിക്കുന്ന മിഷൻ പ്രവർത്തനങ്ങളെക്കുറിച്ചു ചർച്ച ചെയ്യുന്നതിനായി വിളിച്ചുകൂട്ടിയ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. |
| 14-30 | | റോമിൽ |
| 30 | | റോമിൽനിന്നും തിരികെയെത്തി. |

# അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവിന്റെ ഡയറിയിൽനിന്ന്



## APRIL 2018

| | | |
|---|---|---|
| 01 | 03.00 am | കത്തീഡ്രൽ ദൈവാലയത്തിൽ ഈസ്റ്റർ തിരുക്കർമ്മങ്ങൾക്ക് സംബന്ധിച്ചു. |
| 02 | 07.00 am | വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ ജന്മദിനത്തോടനുബന്ധിച്ച് രാമപുരം ദൈവാലയത്തിൽ വി. കുർബാനയർപ്പിക്കുകയും മീറ്റിംഗിൽ സംബന്ധിക്കുകയും ചെയ്തു. |
| | 12.00 pm | അതിരുമ്പുഴ പള്ളിയിൽ ഒരു ആശീർവാദകർമ്മം നടത്തി. |
| 03 | 11.00 am | കാളികാവ് ഇടവകയിൽ കൊല്ലിത്താനത്തുമലയിൽ അച്ചന്മാരുടെ പിതാവിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദേവാലയത്തിൽ കാർമ്മികത്വം വഹിച്ചു. |
| 04 | 09.00 am | ബിഷപ്പ്സ് ഹൗസിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 03.00 pm | ബിഷപ്പ്സ് ഹൗസിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 05 | 02.00 pm | ഇടുക്കി രൂപതയുടെ രൂപതാദ്ധ്യക്ഷനായി ചുമതലയേറ്റ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവിന്റെ മെത്രാഭിഷേകകർമ്മത്തിൽ സംബന്ധിച്ചു. |
| 06 | 03.00 pm | എ.ഡി.സി.പി. യുടെ എക്സിക്യൂട്ടീവ് മീറ്റിംഗിൽ സംബന്ധിച്ചു. |
| 07 | 09.00 am | ചേർപ്പുങ്കൽ ഇടവകയിൽ ഒരു ആശീർവ്വാദകർമ്മം നടത്തി. |
| | 05.30 pm | അരുണാപുരം ഇടവകയിൽ ഇടവകദിനാഘോഷത്തിൽ സന്ദേശം നൽകി. |
| | 07.00 pm | ചെത്തിമറ്റം ക്രിസ്തുജ്യോതിയിൽ നടന്ന ഡി.സി.എം.എസ്. ക്യാമ്പിൽ സന്ദേശം നൽകി. |

| | | |
|---|---|---|
| 08 | 04.00 pm | മണിയംകുന്ന് ഇടവകയിൽ ഒരു ആശീർവ്വാദകർമ്മം നടത്തി. |
| 09 | 9.00 am | കപ്പാട് ബനഡിക്ടൻ ആശ്രമം സന്ദർശിച്ചു. |
| 10 | 11.00 am | ഉാലം സെന്റ് മേരീസ് കോൺവെന്റിൽ സി. അഗസ്റ്റീനയുടെ വ്രതവാഗ്ദാനത്തിന്റെ 75-ാം വാർഷികത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു. |
| | 02.30 pm | അരമനയിൽ ഡി.എഫ്.സി.യുടെ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 03.30 pm | മുത്തോലപുരം ഇടവകയിൽ സി. ബനീത്താ വഞ്ചിപ്പുരയ്ക്കൽ എസ്.എ.ബി.എസ്. ന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ കാർമ്മികത്വം വഹിച്ചു. |
| 11 | 06.15 am | പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വിവാഹ ഒരുക്ക സെമിനാറിൽ വി. കുർബാനയർപ്പിച്ചു. |
| | 10.00 am | മേലുകാവ്മറ്റത്ത് ദയ സോഷ്യൽ സർവ്വീസ് സൊസൈറ്റി നടത്തിയ മീറ്റിംഗിൽ സന്ദേശം നൽകി. |
| | 05.00 pm | അരുവിത്തുറ ബൈബിൾ കൺവൻഷൻ ഉദ്ഘാടനം ചെയ്തു. |
| 12 | 02.15 pm | കൈപ്പള്ളി ഇടവകയിൽ ഡീക്കൻ ജോൺ വലിയപറമ്പിൽ CRM ന് തിരുപ്പട്ടം നൽകി. |
| 13 | 12.00 noon | പറത്താനം ഇടവകയിൽ പരേതന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ കാർമ്മികത്വം വഹിച്ചു. |
| | 02.00 pm | അരമനയിൽ ഗുജറാത്ത് മിഷനെ സംബന്ധിച്ച മീറ്റിംഗിൽ പങ്കെടുത്തു. |
| 14 | 06.15 am | ഡി.എസ്.ടി. പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. |
| | 09.15 am | മലയിഞ്ചിപ്പാറ ഇടവകയിൽ ഡീക്കൻ ജോസഫ് പ്ലാത്തോട്ടത്തിൽ CRM തിരുപ്പട്ടം നൽകി. |
| | 11.30 am | നീലൂർ ഇടവകയിൽ ഒരു ആശീർവ്വാദകർമ്മം നടത്തി. |
| 15 | 7.00 am | കവീക്കുന്ന് ഇടവകയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി. |

| | | |
|---|---|---|
| 17 | 9.30 am | സാഗർ രൂപതയുടെ രൂപതാദ്ധ്യക്ഷനായി ചുമതലയേറ്റ മാർ ജെയിംസ് അത്തിക്കളം പിതാവിന്റെ മെത്രാഭിഷേകർമ്മത്തിൽ പങ്കെടുത്തു. |
| 19 | 09.00 am | മൈനർ സെമിനാരിയിൽ പുതുതായി ചേരുന്നവരെ ഇന്റർവ്യൂ ചെയ്തു. |
| 20 | 02.30 pm | സെന്റ് തോമസ് സ്കൂളിൽ നടന്ന ഡി.എഫ്.സി. യുടെ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 03.00 pm | അരമനയിൽ നടന്ന ഇൻഫാം സംഘടനയുടെ മീറ്റിംഗിൽ സംബന്ധിച്ചു. |
| 21 | 10.30 am | നെല്ലിയാനി എസ്.എ.ബി.എസ്. കോൺവെന്റിൽ സിസ്റ്റേഴ്സിന്റെ ജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. |
| | 02.15 pm | അരുവിത്തുറ ഇടവകയിൽ ആശീർവ്വാദകർമ്മം നടത്തി. |
| | 04.30 pm | കത്തീഡ്രൽ ഇടവകയിൽ ഒരു ആശീർവ്വാദകർമ്മം നടത്തി. |
| 22 | | കുരുവിനാൽ ഇടവകയിൽ ഇടയസന്ദർശനം നടത്തി. |
| 23 | 10.00 am | കുറവിലങ്ങാട് ദേവമാതാ കോളേജിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 04.30 pm | അരുവിത്തുറ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. |
| 24 | 06.15 am | പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വി. കുർബാനയർപ്പിച്ചു. |
| 25 | 10.30 am | എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസിൽ സിസ്റ്റേഴ്സിന്റെ ജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. |
| | 02.00 pm | സി.എം.എൽ. സന്യാസസമൂഹത്തിലെ നവസന്യാസിനികൾക്ക് കത്തീഡ്രൽ ദൈവാലയത്തിൽ സഭാവസ്ത്രം നൽകി. |
| 26 | 11.00 am | കത്തീഡ്രലിൽ ഒരു വിവാഹം ആശീർവദിച്ചു. |
| | 04.30 pm | മാൻവെട്ടം ഇടവകയിൽ 175-ാം വാർഷികത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. |
| 27 | 10.00 am | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |

| | | |
|---|---|---|
| 28 | 09.15 am | ചുണ്ടച്ചേരി ഇടവകയിൽ ഡീക്കൻ മാത്യു മഠത്തിശേരിൽ സി.എം.എഫിന് തിരുപ്പട്ടം നൽകി. |
| | 12.00 pm | ഭരണങ്ങാനത്ത് ഒരു മീറ്റിംഗിൽ സംബന്ധിച്ചു. |
| | 04.00 pm | കിടങ്ങൂരിൽ ഒരു മീറ്റിംഗിൽ സംബന്ധിച്ചു. |
| | 07.00 pm | ഇളംതോട്ടം ഇടവകയിൽ കുരിശുപള്ളി വെഞ്ചിരിച്ചു. |
| 29 | | പൈങ്ങുളം ഇടവകയിൽ ഇടയസന്ദർശനം നടത്തി. |
| | 06.15 am | SMS ജനറലേറ്റിൽ സിസ്റ്റേഴ്സിന്റെ ജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. |
| 30 | 9.15 am | ഭരണങ്ങാനം ഇടവകയിൽ ഡീക്കൻ ജിജോ പുത്തേട്ട് സി.എം.എഫിന് തിരുപ്പട്ടം നൽകി. |


**പാലാ രൂപത ജീസസ് യൂത്ത് ഒരുക്കുന്ന**

**BLOOMING ROSES 2018**

**ജീവിതദർശന നവീകരണപ്രോഗ്രാം**

X, XII ക്ലാസുകൾ പൂർത്തിയാക്കിയവർക്കുവേണ്ടിയുള്ള നവീകരണധ്യാനം

**2018 ജൂൺ 3 ഞായർ 4.30 മുതൽ ജൂൺ 7 വ്യാഴം രാവിലെ വരെ**

സ്ഥലം – കൊടുമ്പിടി, താബോർ ധ്യാനകേന്ദ്രം

*രജി. ഫീസ് 600 രൂപ*

*മെയ് 15 ന് മുമ്പ് സീറ്റ് ഉറപ്പുവരുത്തുക.*

ഫാ. കുര്യൻമറ്റം
ഫാ. സിറിൽ തയ്യിൽ

Contact : 8547315079 (Alwin Sunny)
8943058874 (Stany)



# Bishop's Engagements

## Mar Joseph Kallarangatt

### MAY 2018

| | | | |
|---|---|---|---|
| 01 | 10:30 am | Tue | Aruvithura: Syriac Qurbana |
| | 02:30 pm | | Ramapuram: AKCC Meeting |
| 02 | 06:30 am | Wed | Cathedral Vestition : Brothers of Palai Diocese |
| 03 | 06:30 am | Thu | Minor Seminary: (Good Shepherd Day) Holy Qurbana |
| | 03:00 pm | Thu | Bishop's House : ADAART Managing Board Meeting |
| | 06:00 pm | | Minor Seminary: Good Shepherd Day |
| 04 | 10-12:30 pm | Fri | Bishop's House : Visiting Time |
| | 05:00 pm | | Ratnagiri: Message |
| 05 | 12:00noon | Sat | |
| | 03:00 pm | | Vakkad: LAR Convent Blessing |
| 06 | 10:00 am | Sun | Chittar: Holy Qurbana & Laying of Foundation Stone |
| | 05:00 pm | | Mangalaram : Presbytery Blessing |
| 07-13 | | | Out of Station |
| 14 | 12noon | Mon | Arunapuram: Betrothal |
| | 5:45 pm | | Payyanithottam: Presbytery Blessing |
| 15 | 10-12:30 pm | Tue | Visiting Time |
| 16 | 8:15 am | Wed | Curia |
| 18 | 10-11:00 am | Fri | Visiting Time |
| | 11:30 am | | Cathedral: Pitruvedi& Mathruvedi Meeting |

| | | | |
|---|---|---|---|
| 19 | 12 noon | Sat | Bharanganganam: Betrothal |
| | 05:00 pm | | Chemmalamattam: Syriac Qurbana |
| 20 | 11:15 am | Sun | CMC Provincial House : Holy Qurbana |
| | 03:00 pm | | Muttam: Pampara Kudumbayogam |
| | 06:00 pm | | Geovally:Presbytery Blessing |
| 22 | 10-12:30 pm | Tue | Visiting Time |
| 23 | 08:15 am | Wed | Curia |
| | 12 noon | | S.H Provincial House: *Sradam* Venerable Kadalikattil Mathaichan |
| | 2:30 pm | | Bishop's House: Theology Commission Meeting |
| 24 | 07:00 pm | Thu | SMS Generalate: Holy Qurbana |
| | 10:12:30 pm | | NESTT Muvattupuzha: Theology Commission meeting |
| 25 | 10:12:30pm | Fri | Visiting Time |
| 26 | | Sat | Pala St. Thomas School : DFC Meeting |
| 29 | 10:12:30 pm | Tue | Visiting Time |
| 30 | 8:15 am | Wed | Curia |
| | | | Cathedral : Prayer Day |
| | 06:00 pm | | Changanachery: Regional Bishop's Retreat |
| 31 | 9-00 pm | Thu | Regional Bishop's Retreat |
| | 05:15 pm | | Poovakulam: Cemetry Blessing |
| | 06:30 pm | | Pala Town Kappela: Benediction |
| | | | **JUNE 2018** |
| 1 | 10:12:30 pm | Fri | Visiting Time |
| 3 | | Sun | Quilon: Episcopal Ordination |
| 5-7 | | | KCBC |



# Auxiliary Bishop's Engagements

## Mar Jacob Muricken

### MAY 2018

| | | | |
|---|---|---|---|
| 06 | 9.00 am | Sun | Podimattom : DCMS Meeting |
| | 12.00 pm | | Kakkombu : Meeting |
| 07 | 07.00 am | Mon | Bharananganam Parepally: Holy Mass |
| | 10.00 am | | Ettumanoor : Blessing |
| | 02.00 pm | | Cathedral : SMS Vestition |
| 08 | 6.15 am | Tue | Pastoral Insitute : Holy Mass |
| | 10-12.00 pm | | Visiting Time |
| 09 | 11.00 am | Wed | Vagamon: Holy Mass, FCC Convent Jubilee |
| | 08.00 pm | | Pala : Meeting |
| 10 | | Thu | Engaged |
| 11 | 10.00 am | Fri | Malayichipara : Blessing |
| 12 | 11.00 am | Sat | Paduva : Meeting |
| | 03.30 pm | | Vaikom : Blessing |
| 13 | | Sun | Xaviorpuram : Pastoral visit |
| 14 | 06.00 am | Mon | Karunalayam : Holy Mass |
| | 10.15 am | | Arunapuram : Blessing |
| | 12.00 pm | | Arunapuram : Blessing |
| 15 | 10-12.00 pm | Tue | Visiting Time |
| 16 | | Wed | Engaged |
| 17 | 03.00 pm | Thu | Bishop's House : Meeting |

| | | | |
|---|---|---|---|
| 18 | 08.45 am | Fri | Paika : DFC Meeting |
| | 03.00 pm | | Bishop's House : Meeting |
| 19 | 02.30 pm | Sat | Moolamattom : Meeting |
| 20 | 12.00 pm | Sun | Bharananganam : Meeting |
| | 03.00 pm | | S.H. Provincial House : Holy Mass |
| | 06.00 pm | | Marangattupally : Parish Day Meeting |
| 21 | 02.30 pm | Mon | Moovattupuzha : Blessing |
| | 05.00 pm | | Bishop's House : Meeting |
| 22 | 10-12.00 pm | Tue | Visiting Time |
| 23 | 06.15 am | Wed | Pastoral Institute : Holy Mass |
| | 11.00 am | | Paingulam : Blessing |
| | 03.00 pm | | Bishop's House : Meeting |
| 24 | 04.00 pm | Thu | Thodupuzha : Blessing |
| 25 | 10-12.00 noon | Fri | Visiting Time |
| 26 | 11.00 am | Sat | Assumption Convent : Holy Mass |
| | 02.00 pm | | State Meeting : Deepika |
| 27 | | Sun | Engaged |
| 28 | 11.30 am | Mon | Cathedral: Blessing |
| 29 | 10-12.00 noon | Tue | Visiting Time |
| 30-31 | | | Changanassery : Regional Bishop Retreat. |
| | | **JUNE 2018** | |
| 01 | 10-12.00 noon | Fri | Visiting Time |
| 02 | | Sat | Engaged |
| 03 | | Sun | Ullanad : Pastoral Visit |
| 04 | | Mon | Engaged |
| 5-7 | | | KCBC |